**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## മുപ്പത്തിയൊന്നാമത് റിപ്പോർട്ട്

**(2023 മാർച്ച് മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19, 2019-20 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കാലിക്കറ്റ് സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഖണ്ഡിക 6(viii)a, ഭാഗം 3.2.1,2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഉന്നതവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## മുപ്പത്തിയൊന്നാമത് റിപ്പോർട്ട്

**(2023 മാർച്ച് മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19, 2019-20 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കാലിക്കറ്റ് സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഖണ്ഡിക 6(viii)a, ഭാഗം 3.2.1,2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഉന്നതവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

440/2023.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 50-55 |
| അനുബന്ധം II : | | |
| സർക്കാരിൽനിന്നും ലഭിച്ച മറുപടി | .. | 56-91 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2021-2023)യുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19, 2019-20 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കാലിക്കറ്റ് സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഖണ്ഡിക 6(viii)a, ഭാഗം 3.2.1, 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഉന്നതവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2023 മാർച്ച് മാസം 13-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2023 മാർച്ച് 16.

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19, 2019-20 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ കാലിക്കറ്റ് സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഖണ്ഡിക 6(viii)a, ഭാഗം 3.2.1, 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഉന്നതവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്.

<u>ഉന്നതവിദ്യാഭ്യാസ വകുപ്പ്</u>

<u>ഓഡിറ്റ് ഖണ്ഡിക</u>

**കാലിക്കറ്റ് സർവ്വകലാശാല**

**യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്, യു.ജി.സി. റഗുലേഷൻ എന്നിവയ്ക്ക് വിരുദ്ധമായി അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നു**

ലക്ചറർ, റീഡർ, പ്രൊഫസർ എന്നീ തസ്തികകളിൽ നേരിട്ട് സർവ്വകലാശാലയിൽ നിയമിതരാവുന്ന അദ്ധ്യാപകർക്ക് യൂണിവേഴ്സിറ്റി റഗുലേഷൻ ഏഴ് പ്രകാരം മുൻ സർവ്വീസ് പരിഗണിച്ച് പ്രൊമോഷൻ അനുവദിക്കാവുന്നതാണ്. പുതുതായി സർവ്വകലാശാലയിൽ നിയമിതരാവുന്ന അദ്ധ്യാപകർക്ക് മേൽ നോട്ടിഫിക്കേഷൻ റഗുലേഷൻ 8 പ്രകാരവും കാലിക്കറ്റ് യൂണിവേഴ്സിറ്റി  ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് 1977 ചാപ്റ്റർ 3 സ്റ്റാറ്റ്യൂട്ട് 13 പ്രകാരവും ഒരു വർഷത്തെ പ്രൊബേഷൻ നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ 21-12-1999-ലെ GO (P) No. 171/99/HEdn. ഖണ്ഡിക 9.1 പ്രകാരവും ഒരു വർഷത്തെ പ്രൊബേഷൻ കാലയളവ് നിഷ്കർഷിക്കുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 3, സ്റ്റാറ്റ്യൂട്ട്സ് 9 പ്രകാരം യൂണിവേഴ്സിറ്റി നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് KSR, KS&SSR എന്നിവ ബാധകമാണ്. KS&SSR ഖണ്ഡിക 28(a) പ്രകാരം പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ പ്രൊമോഷൻ നൽകരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രൊബേഷൻ കാലയളവ് പരിഗണിക്കാതെ സർവ്വകലാശാലയിലെ അദ്ധ്യാപകർക്ക് നിയമിതരായ ദിവസം തന്നെ മുൻ സേവനകാലം കണക്കിലെടുത്ത് സ്ഥാനക്കയറ്റം അനുവദിക്കുന്നതായി കാണുന്നു. ഉദാഹരണത്തിന് 19-1-2017-ലെ UO No. 764/2017/Admn. പ്രകാരം കൊമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസിലെ അദ്ധ്യാപകൻ ഡോ. ബി. വിജയചന്ദ്രൻ പിള്ളക്ക് സർവ്വകലാശാലയിൽ റീഡറായി നിയമനം ലഭിച്ച 10-9-2009-ൽ തന്നെ അസോസിയേറ്റ് പ്രൊഫസറായി റീ-ഡെസിഗ്നേഷൻ അനുവദിച്ച് ഉയർന്ന ശമ്പളസ്കെയിൽ നൽകിയിട്ടുണ്ട്.

ഡോ. വിജയചന്ദ്രൻ പിള്ള 15-2-1985 മുതൽ 9-9-2009 വരെ ജൂനിയർ ലക്ചറർ, ലക്ചറർ (സീനിയർ സ്കെയിൽ), ലക്ചറർ (സെലക്ഷൻ സ്കെയിൽ) എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 10-9-2009-ന് 12000-420-18300 പ്രീ-റിവൈസ്ഡ് സ്കെയിലിൽ

ഇദ്ദേഹം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ റീഡറായി നിയമിതനായി. GO (P) No. 58/2010/HEdn. Dated 27-3-2010 പ്രകാരം ശമ്പളപരിഷ്കരണത്തോടനുബന്ധിച്ച് ഇദ്ദേഹത്തിന്റെ 10-9-2009-ലെ ശമ്പളം 39100+8000 AGP (15600-39100+8000 AGP) ആയി സിൻഡിക്കേറ്റ് നിജപ്പെടുത്തി നൽകിയിട്ടുണ്ട്. പിന്നീട് 6-1-2016-ലെ UO No. 246/16/Admn. പ്രകാരം സർവ്വകലാശാലയിൽ നിയമിതനായ ദിവസം മുതൽ പ്രൊബേഷൻ കാലയളവ് പരിഗണിക്കാതെ ഇദ്ദേഹത്തിന് അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ (സ്കെയിൽ 37400-67000+10000 AGP) റീഡെസിഗ്നേഷൻ അനുവദിച്ചു നൽകി.

17-2-2016-ലെ കെ.എസ്.എ.-സി.എൽ.യു. എ 2-117/2016 നമ്പർ കത്ത് പ്രകാരം പ്രസ്തുത തീയതിയിൽ ഇദ്ദേഹത്തിന് അസോസിയേറ്റ് പ്രൊഫസറുടെ സ്കെയിൽ അനുവദിച്ചത് ക്രമപ്രകാരമല്ലെന്ന് ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് 29-9-2016-ലെ UO No:1398/2016/Fin പ്രകാരം അധികതുക പേഴ്സണൽ പേ ആയി അനുവദിച്ചുകൊണ്ട് 15600-39100+8000 AGP എന്ന സ്കെയിലിൽ ഇദ്ദേഹത്തിന്റെ ശമ്പളം 39100+6710 PP+8000 AGP+ 1000 PAGP ആക്കി പേ പ്രൊട്ടക്ഷൻ അനുവദിച്ചു. പിന്നീട് 26-12-2016-ലെ സിൻഡിക്കേറ്റിന്റെ 2016.1349 നമ്പർ തീരുമാനപ്രകാരം 6-1-2016-ലെ UO ക്യാൻസൽ ചെയ്യുകയും UGC 2010 റഗുലേഷൻ പ്രകാരം നിഷ്കർഷിച്ച PBAS (Proforma Based Appraisal System) പ്രകാരമുള്ള API Score അടിസ്ഥാനപ്പെടുത്തി, 10-9-2009-ന് അസോസിയേറ്റ് പ്രൊഫസറായി റീ-ഡെസിഗ്നേഷൻ ചെയ്യുകയുമുണ്ടായി. എന്നാൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്സ്, റഗുലേഷൻ, യു.ജി.സി. റഗുലേഷൻ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രൊബേഷൻ പിരിയഡ് പരിഗണിക്കാതെയും KS&SSR ലെ വ്യവസ്ഥകൾ പാലിക്കാതെയുമാണ് ഇപ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ നടപടി സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകളുടെ ലംഘനമാണ്. സർക്കാർ അനുമതിയില്ലാതെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്ഥാനക്കയറ്റം അനുവദിച്ച് ശമ്പളം ഉയർത്തി നൽകിയ നടപടി ജി.ഒ. (എം. എസ്) നം. 230/88/ഉന്നതവിദ്യാഭ്യാസം തീയതി 27-10-1988 sub rule 4 പ്രകാരം സർക്കാർ ഫണ്ടിന്റെ ദുർവിനിയോഗമാണ്. ആയതിന്റെ ഉത്തരവാദി സർവ്വകലാശാല വൈസ് ചാൻസലറാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. യൂണിവേഴ്സിറ്റിയിലെ കൊമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസിലെ അദ്ധ്യാപകരായ ഡോ. ജോൺസണിനും, ഡോ. മുഹമ്മദ് മാഹിനും സമാനരീതിയിൽ റീ-ഡെസിഗ്നേഷൻ അനുവദിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6(viii)(a))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. കാലിക്കറ്റ് സർവ്വകലാശാല, സ്റ്റാറ്റ്യൂട്ടിനും യു.ജി.സി. റഗുലേഷനും വിരുദ്ധമായി അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകിയെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കാലിക്കറ്റ് സർവ്വകലാശാലയിൽ അദ്ധ്യാപകർ പ്രൊബേഷൻ പൂർത്തീകരിച്ചപ്പോൾ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകിയെന്നതാണ് പരാമർശമെന്നും പ്രഗൽഭരായ അദ്ധ്യാപകർ പല സ്ഥാപനങ്ങളിൽ നിന്നും വരുമ്പോൾ അവർക്ക് പ്രൊബേഷൻ കാരണം ഒരു വർഷം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നതെന്നും കാലാകാലങ്ങളായി ചെയ്തുവരുന്നതിനാൽ ഇത് ഒരു കീഴ്വഴക്കമായി മാറിയെന്നും സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിന്നാണ് അദ്ധ്യാപകർ യൂണിവേഴ്സിറ്റിയിലേയ്ക്ക് വരുന്നതെന്നും യു.ജി.സി. നിബന്ധനയ്ക്ക് വിധേയമായാണ് ടി ആനുകൂല്യം നൽകുന്നതെന്നും കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ മറുപടി നൽകി.

2. കേരളത്തിൽ യു.ജി.സി. സമ്പ്രദായം പാക്കേജായി നടപ്പാക്കിയപ്പോൾ ചില വിട്ടുവീഴ്ചകൾ ചെയ്യേണ്ടി വന്നിട്ടുള്ളത് വസ്തുതയാണെന്നും എന്നാൽ, അങ്ങനെ വരുമ്പോൾ യു.ജി.സി. നോംസ് ആണോ സംസ്ഥാന സർക്കാരിന്റെ നോംസ് ആണോ പാലിക്കേണ്ടത് എന്നത് സംബന്ധിച്ച് വ്യക്തത വരുത്തിയാണ് മുന്നോട്ട് പോകേണ്ടിയിരുന്നതെന്നും അങ്ങനെ ചെയ്യാത്തതിനാലാണ് ഇത്തരം വിഷയങ്ങളിൽ ഓഡിറ്റ് പരാമർശങ്ങൾ ഉണ്ടാകുന്നതെന്നും വിലയിരുത്തിയ സമിതി ഇക്കാര്യത്തിൽ വ്യക്തമായ ഒരു സർക്കാർ ഉത്തരവ് ആവശ്യമാണെന്നും സർക്കാർ നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് സിൻഡിക്കേറ്റ് എടുത്ത തീരുമാനത്തെ സംബന്ധിച്ചാണെന്നും സർക്കാരിന്റെ നിലപാടെന്തെന്ന് വ്യക്തമാക്കിയിരുന്നെങ്കിൽ പരാമർശം ഒഴിവാക്കാമായിരുന്നുവെന്നും അഭിപ്രായപ്പെട്ടു.

3. യു.ജി.സി. സ്കീം നിലവിൽ വരുന്നതിന് മുൻപുള്ള സ്റ്റാറ്റ്യൂട്ട് വച്ചാണ് സർവ്വകലാശാല തീരുമാനങ്ങളെടുക്കുന്നതെന്നും കാലാകാലങ്ങളിലുള്ള യു.ജി.സി. റഗുലേഷനും പേ റിവിഷനും അനുസരിച്ചുള്ള മാറ്റങ്ങൾ സ്റ്റാറ്റ്യൂട്ടിൽ വരുത്തുന്നതുവരെ ഈ അനോമലി തുടരുമെന്നും ധനകാര്യ വകുപ്പ് പലതവണ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും പല പല കാരണങ്ങളാൽ സർവ്വകലാശാലയ്ക്ക് തീരുമാനത്തിലെത്താൻ സാധിച്ചിട്ടില്ലെന്നും 2021 നവംബർ 9-ന് ഇതുമായി ബന്ധപ്പെട്ട് ഒരു ഉത്തരവിറങ്ങിയിരുന്നെങ്കിലും 2021 ഡിസംബർ 1-ാം തീയതി പ്രസ്തുത ഉത്തരവ് ധനകാര്യ വകുപ്പ് മരവിപ്പിച്ചിട്ടുണ്ടെന്നും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതികൾ വരുത്തണമെന്ന് കാണിച്ച് അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിൽ കത്തുകൾ നൽകിയെങ്കിലും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്ത് നിന്ന് നാളിതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും ഇക്കാര്യത്തിൽ തീരുമാനമായെങ്കിൽ മാത്രമേ പേ റിവിഷൻ പ്രൊപ്പോസൽ സ്വീകരിക്കുകയുള്ളൂവെന്ന് വരെ ധനകാര്യവകുപ്പ് അറിയിച്ചിരുന്നെങ്കിലും അതിനും യാതൊരു മറുപടിയും സർവ്വകലാശാല നൽകിയിട്ടില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു.

4. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്ന് വ്യക്തത വരുത്താൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന്, ഇക്കാര്യം പരിശോധിക്കുന്നതാണെന്നും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ ഉപദേശങ്ങൾ ലഭിക്കേണ്ടതുണ്ടെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. സ്റ്റാറ്റ്യൂട്ടിൽ വരുത്തേണ്ട ഭേദഗതികൾ സർക്കാർ അംഗീകരിച്ചെങ്കിൽ മാത്രമേ ധനകാര്യവകുപ്പിന് തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയും വ്യക്തമാക്കി. ടി വിഷയത്തിൽ വലിയ ബാദ്ധ്യതയാണ് സർക്കാരിനുണ്ടാകുന്നതെന്നും പ്രൊബേഷൻ പോലും ഡിക്ലയർ ചെയ്യാത്തവർക്ക് മുൻകാല പ്രാബല്യത്തോടെ ശമ്പളം പ്രൊട്ടക്ട് ചെയ്ത് നൽകുകയും പ്രൊമോഷൻ നൽകുകയുമാണ് ചെയ്യുന്നതെന്നും അസിസ്റ്റന്റ് പ്രൊഫസറിൽ നിന്നും അസോസിയേറ്റ് പ്രൊഫസറായി പ്രൊമോഷൻ ലഭിക്കുമ്പോൾ തന്നെ ഒരാളുടെ ശമ്പളത്തിൽ 50,000 രൂപയ്ക്ക് മുകളിലാണ് വർദ്ധനവ് വരുന്നതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

5. വിരമിച്ച പല അദ്ധ്യാപകർക്കും പെൻഷൻ പോലും ലഭിക്കാത്ത സാഹചര്യമാണുള്ളതെന്നതിനാലും യൂണിവേഴ്സിറ്റികളുടെ നിലനിൽപ്പിന് പ്രഗത്ഭരായ അദ്ധ്യാപകരെ ലഭിക്കേണ്ടതിനാലും ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനമുണ്ടാകണമെന്ന് കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ അഭ്യർത്ഥിച്ചു.

6. കോഴിക്കോട് സർവ്വകലാശാലയുടെ പല ഭേദഗതികളും പെൻഡിംഗിലാണെന്നും പല ഭേദഗതികളും ബഹു. ഗവർണറുടെ പരിഗണനയ്ക്കായി അയച്ചെങ്കിലും തിരികെ ലഭിച്ചിട്ടില്ലെന്നും കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചതിന്, സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുകയെന്നുള്ളതാണ് ഏക പോംവഴിയെന്നും ഇത് പരിശോധിക്കുന്നതിനും മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ഡോ. കെ. ജയകുമാർ ചെയർമാനായി സർക്കാർ ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടെന്നും ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് എല്ലാ യൂണിവേഴ്സിറ്റികളുടെയും സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

7. നിരവധി അദ്ധ്യാപകർക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടിയതിന് ടി വിഷയം സംബന്ധിച്ച് നയപരമായ തീരുമാനമാണ് ഉണ്ടാകേണ്ടതെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഒരു പ്രൊപ്പോസൽ നൽകുകയാണെങ്കിൽ അത് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് തീരുമാനം കൈക്കൊള്ളുന്നതാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

8. 2021 നവംബർ 9-ലെ ഉത്തരവ് മരവിപ്പിക്കാൻ കാരണമെന്തെന്നുള്ള സമിതിയുടെ ചോദ്യത്തിന്, അദ്ധ്യാപകരിൽ നിന്ന് റെപ്രസന്റേഷൻ ലഭിച്ചിട്ടുണ്ടാകുമെന്നും ബഹു. മന്ത്രി അനൗദ്യോഗികമായി ഫയൽ വിളിച്ച് നിർദ്ദേശിക്കുകയാണ് ചെയ്തതെന്നും ഉത്തരവിൽ തുക തിരികെ ഈടാക്കുന്ന കാര്യം പറഞ്ഞിട്ടുണ്ടായിരുന്നുവെന്നും ഉത്തരവ് റദ്ദ് ചെയ്തിട്ടില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

9. ഓഡിറ്റ് വകുപ്പ് തടസ്സവാദമുന്നയിച്ചിരിക്കുന്നതിനാൽ വിരമിച്ച അദ്ധ്യാപകരുടെ ലാസ്റ്റ് പേ ഫിക്സ് ചെയ്യാൻ സാധിക്കുന്നില്ലെന്നതാണ് പെൻഷൻ നൽകുന്നതിൽ തടസ്സമായി നിൽക്കുന്നതെന്ന് കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ വ്യക്തമാക്കിയപ്പോൾ അക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ ക്ലാരിഫിക്കേഷൻ വാങ്ങിയതിനുശേഷം പെൻഷൻ നൽകാവുന്നതാണെന്നും എന്നാൽ, പ്രസ്തുത വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ വന്നിട്ടില്ലെന്നാണ് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി.

10. കെ.എസ്. & എസ്.എസ്.ആർ-ൽ പറയുന്നത് പ്രൊമോഷൻ നൽകുന്നതിന് ഫീഡർ കാറ്റഗറിയിൽ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിരിക്കണമെന്നാണെന്ന് പി & എ.ആർ.ഡി. അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

11. ഗവൺമെന്റ് കോളേജിലെ അദ്ധ്യാപകർ സർവ്വകലാശാലയിലേയ്ക്ക് മാറുമ്പോൾ ഒരിക്കൽ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ പിന്നീട് അതിന്റെ ആവശ്യകതയുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, മുമ്പുള്ള ജോലിക്ക് സമാനമാണെങ്കിലും പുതിയ നിയമന പ്രക്രിയയിലൂടെ പുതിയ സർവ്വീസിലേയ്ക്ക് വരുമ്പോൾ വീണ്ടും പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

12. സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുമ്പോൾ പ്രൊബേഷന്റെ കാര്യം കൂടി ഉൾപ്പെടുത്തിയാൽ മതിയാകുമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവരും യൂണിവേഴ്സിറ്റിയിൽ ജോലി ചെയ്യുന്നതിനാൽ, കേരളത്തിൽ നിന്നുള്ളവർക്ക് മാത്രം പ്രൊബേഷൻ വേണ്ടെന്ന് വയ്ക്കുകയാണെങ്കിൽ അത് വിവേചനപരമാകുമെന്നും അത് കൂടുതൽ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

13. ഡോ. വിജയചന്ദ്രൻ പിള്ള എന്ന അദ്ധ്യാപകന് അടിസ്ഥാനശമ്പളം പരിഗണിച്ച് 50%ഡി.സി.ആർ.ജി. മാറ്റിവച്ചതിനുശേഷം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളതായി പറയുന്ന കേസ് ഒരു കീഴ്വഴക്കമായി എടുത്ത് കൊണ്ട് സമാന കേസുകളിൽ പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചതിന് പ്രൊപ്പോസൽ വരുന്നമുറയ്ക്ക് തീരുമാനിക്കാമെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

14. തുടർന്ന്, വിരമിച്ച അദ്ധ്യാപകർക്ക് പെൻഷൻ നൽകുന്നതിന് ധനകാര്യവകുപ്പിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ സർവ്വകലാശാലയോട് സമിതി നിർദ്ദേശിച്ചു. ഡോ. കെ. ജയകുമാർ കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം ഈ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്ന് പരിശോധിക്കാമെന്നും സർവ്വകലാശാലകൾ ഇത് ഭാവിയിൽ ആവർത്തിക്കാതിരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**15. യു.ജി.സി. നോംസിന് അനുസൃതമായി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്താൽ മാത്രമേ ഓഡിറ്റ് പരാമർശവിധേയമായ വിഷയത്തിൽ പരിഹാരം കാണാൻ കഴിയുകയുള്ളൂ എന്ന് സമിതി നിരീക്ഷിക്കുന്നു. സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക്, ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

**16. നിലവിൽ വിരമിച്ച അദ്ധ്യാപകരുടെ ലാസ്റ്റ് പേ ഫിക്സ് ചെയ്യാത്തതിനാൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വിരമിച്ച അദ്ധ്യാപകർക്ക് പെൻഷൻ നൽകുന്നതിന് ധനകാര്യ വകുപ്പിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ സർവ്വകലാശാലയോട് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോഴിക്കോട് യൂണിവേഴ്സിറ്റി**

**യാത്രാബത്ത KSR ലെ വ്യവസ്ഥകൾ മറികടന്ന് SEDA എന്ന പേരിൽ ₹ 33,04,890/- അനുവദിച്ചു**

[കോഴിക്കോട് യൂണിവേഴ്സിറ്റി 2017-18 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.1]

കാലിക്കറ്റ് സർവ്വകലാശാലയിൽ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ നടത്തിയ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും, ഹെഡ്ക്വാർട്ടേഴ്സിന് 8 കി.മീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുത്ത അദ്ധ്യാപകർക്കും സ്പെഷ്യൽ എക്സാമിനേഷൻ ഡ്യൂട്ടി അലവൻസ് (SEDA) എന്ന പേരിൽ ഡി.എ.-യ്ക്ക് തുല്യമായ തുക യാത്രാപ്പടിയായി അനുവദിച്ചിട്ടുണ്ട്. കൂടാതെ പേപ്പർ മൂല്യനിർണ്ണയത്തിന് പ്രത്യേക തുകയും അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.-ലെ വ്യവസ്ഥകൾ പ്രകാരം ആസ്ഥാനത്തിന് 8 കി.മീറ്ററിനുള്ളിലെ യാത്രകൾക്ക് യാത്രാപ്പടിയോ മറ്റെന്തെങ്കിലും പ്രതിഫലമോ, ബത്തയോ ലഭിക്കുന്നതല്ല. 1977-ലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ 3 ഖണ്ഡിക 9 പ്രകാരം സർവ്വകലാശാല അദ്ധ്യാപകർക്കും കേരള സർവ്വീസ് റൂൾസ്, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് എന്നിവ ബാധകമാണ്. കെ.എസ്.ആർ.-ലെ വ്യവസ്ഥകൾ മറികടന്ന് സ്പെഷ്യൽ എക്സാമിനേഷൻ ഡ്യൂട്ടി അലവൻസ് എന്ന പേരിൽ 2017-18 സാമ്പത്തിക വർഷം തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.

1977-ലെ കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ 2 ഖണ്ഡിക 13-ൽ ഫിനാൻസ് പവേഴ്സ് ഓഫ് വൈസ് ചാൻസലർ' എന്ന ഭാഗത്ത് പോയിന്റ് 18-ൽ " to fix the remuneration and the travelling and other allowances payable to person

engaged in the university business" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്റ്റാറ്റ്യൂട്ടിലെ ചാപ്റ്റർ 4 ഖണ്ഡിക 13 പ്രകാരം സർവ്വകലാശാല ജീവനക്കാരുടെ യാത്രാബത്ത നിശ്ചയിക്കുന്ന കാര്യത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കേരള സർവ്വീസ് റൂൾസ് ബാധകമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട വൈസ് ചാൻസലർ, സർക്കാർ പുറപ്പെടുവിച്ച KSR നിബന്ധനകൾക്ക് വിധേയമായി മാത്രമേ സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ച് അദ്ധ്യാപകരുടെ യാത്രാബത്ത വ്യവസ്ഥകൾ നിർണ്ണയിക്കാൻ പാടുള്ളൂ. KSR ലെ ചട്ടം 56 പ്രകാരം ആസ്ഥാനത്തിനുചുറ്റും 8 കി.മീറ്റർ ദൂരത്തിനുള്ളിൽ യാത്ര ചെയ്താൽ അതിന് സാധാരണഗതിയിൽ യാത്രാപ്പടിയോ മറ്റെന്തെങ്കിലും പ്രതിഫലമോ, ബത്തയോ ലഭിക്കുന്നതല്ല എന്നിരിക്കെ മേൽ ജീവനക്കാർക്ക് സ്പെഷ്യൽ എക്സാമിനേഷൻ ഡ്യൂട്ടി അലവൻസ് എന്ന പേരിൽ ഡി.എ.-യ്ക്ക് തുല്യമായ തുകയായ ₹33,04,890/- 2017-18 സാമ്പത്തിക വർഷം അനുവദിച്ചത് നിലവിലുള്ള സർക്കാർ ഉത്തരവിന്റേയും, KSR ചട്ടങ്ങളുടേയും ലംഘനമാണ്. ചട്ടങ്ങൾക്കും, ഉത്തരവുകൾക്കും വിരുദ്ധമായി സ്പെഷ്യൽ എക്സാമിനേഷൻ ഡ്യൂട്ടി അലവൻസ് എന്ന പേരിൽ വൻതുക ചെലവഴിക്കുന്നതുവഴി സർവ്വകലാശാലയുടെ വളർച്ചയ്ക്കും ഉന്നമനത്തിനും ഉപയോഗിക്കേണ്ട സർവ്വകലാശാല ഫണ്ടിന് വർഷം തോറും വൻനഷ്ടം ഉണ്ടായി വരുകയാണ്.

സർവ്വകലാശാലയുടെ ചെലവുകൾ നിർവ്വഹിക്കുന്ന വേളയിൽ ഓരോ തുകയും ചെലവഴിക്കുന്നത് സർവ്വകലാശാലയ്ക്ക് ബാധകമായ നിയമ/ചട്ട വ്യവസ്ഥകൾക്കും, സർക്കാർ ഉത്തരവുകൾക്കും അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടത് ധനപരമായ ചുമതലകൾ നിർവ്വഹിക്കുന്ന നിയന്ത്രണാധികാര സ്ഥാപനങ്ങളുടെ ചുമതലയാണ്. കോഴിക്കോട് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലെ ചാപ്റ്റർ 9 ഖണ്ഡിക 9 പ്രകാരം ഫിനാൻസ് കമ്മിറ്റിക്കും, ചാപ്റ്റർ 2 ഖണ്ഡിക 48,49 പ്രകാരം ഫിനാൻസ് ഓഫീസർക്കും ആണ് ധനസംബന്ധമായ കാര്യങ്ങളിൽ സിൻഡിക്കേറ്റിനും വൈസ് ചാൻസലർക്കും വ്യക്തമായ ഉപദേശം നൽകേണ്ട ചുമതല നിർവചിക്കപ്പെട്ടിരിക്കുന്നത്. ഓരോ വരവും ചെലവും കണക്കുകളിൽപ്പെടുത്തുന്നതിനും, ആധികാരികമാക്കുന്നതിനും സർവ്വകലാശാലയുടെ ഫിനാൻസ്, അക്കൗണ്ട്സ് വിഭാഗങ്ങളുടെ ഏകോപിത പ്രവർത്തനവും ഉത്തരവാദപ്പെട്ട നിയന്ത്രണ സംവിധാനങ്ങളുടെ സൂക്ഷ്മമായ പരിശോധനയും ആവശ്യമാണ്. ഇത്തരത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം പ്രവർത്തിക്കുന്നില്ല അഥവാ ചുമതലപ്പെട്ട അധികാരസ്ഥാനങ്ങൾ അവയിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിക്കുന്നില്ല എന്നതിനാലാണ് മേൽപ്പറഞ്ഞ പ്രകാരമുള്ള നഷ്ടം സർവ്വകലാശാല ഫണ്ടിന് ഉണ്ടായിക്കൊണ്ടിരിക്കുന്നതിന് കാരണം. ഈ അവസ്ഥ അടിയന്തരമായി പരിഹരിയ്ക്കേണ്ടതിലേയ്ക്ക് വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം 3.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

17. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 2016-ൽ നടന്ന വിഷയമാണിതെന്നും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ നൂറോളം കോളേജുകൾ ഒഴികെയുള്ളവ അൺഎയ്ഡഡ് മേഖലയിലാണ് പ്രവർത്തിക്കുന്നതെന്നും യു.ജി.സി. റഗുലേഷൻ അനുസരിച്ച് പരീക്ഷാജോലികൾ അദ്ധ്യാപകരുടെ ജോലിയുടെ ഭാഗമായതിനാൽ അധികജോലിയായി കണക്കാക്കി ആനുകൂല്യങ്ങൾ നൽകാൻ കഴിയില്ലെന്നും ഇക്കാരണത്താൽ അൺ എയ്ഡഡ് മേഖലയിലുള്ള ചില അദ്ധ്യാപകർ പേപ്പർ വാല്യൂവേഷൻ ജോലികളിൽ നിന്നും വിട്ടുനിൽക്കുന്ന സ്ഥിതിയുണ്ടായെന്നും മൂല്യനിർണ്ണയം സമയബന്ധിതമായി നടത്തി പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിന് വേണ്ടിയാണ് സ്പെഷ്യൽ എക്സാമിനേഷൻ ഡ്യൂട്ടി അലവൻസ് നൽകുന്നതെന്നും നിലവിൽ അലവൻസുകളൊന്നും നൽകാത്തതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി നൽകണമെന്നും കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ സമിതി മുമ്പാകെ അഭ്യർത്ഥിച്ചു.

18. കെ.എസ്.ആർ. വ്യവസ്ഥ പ്രകാരം 8 കിലോമീറ്ററിനുള്ളിലെ യാത്രകൾക്ക് ഡി.എ. അനുവദനീയമല്ലാത്തതിനാൽ തുക തിരിച്ചുപിടിക്കേണ്ടതാണെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചൂണ്ടിക്കാട്ടി.

19. ഈ വിഷയത്തിൽ സർക്കാരിന്റെ മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ സർക്കാർ മറുപടി ലഭിച്ചതിനുശേഷം നടപടി സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**20. യു.ജി.സി. റഗുലേഷൻ അനുസരിച്ച് പരീക്ഷാ ജോലികൾ അദ്ധ്യാപകരുടെ ജോലിയുടെ ഭാഗമാണ് എന്ന് സമിതി വിലയിരുത്തുന്നു. സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്ന വിഷയം പരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല**

**ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്തയും കാമ്പസ് ബത്തയും നൽകിയത് അംഗീകരിക്കുന്നില്ല**

(ഓഡിറ്റ് റിപ്പോർട്ട് 2003-04, ഖണ്ഡിക 32)

ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ കുട്ടനാട് പ്രദേശത്ത് പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിലെ ജീവനക്കാർക്ക് ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്തയും കാമ്പസ് ബത്തയും നൽകിവരുന്നു. ജി.ഒ.(പി)3000/98/ധന.തീയതി 1-11-1998 ഖണ്ഡിക 11 പ്രകാരം, ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഈ സ്ഥാപനത്തിലെ ജീവനക്കാർക്ക്

പ്രതിമാസം ₹100/- വീട്ടുവാടക ബത്തയ്ക്കുമാത്രമേ അർഹതയുള്ളൂ. ഉയർന്ന നിരക്കിൽ അനർഹമായ വീട്ടുവാടക ബത്തയും കാമ്പസ് ബത്തയും അനുവദിച്ചതിനാൽ ₹3,52,452/- അധികം നൽകിയത് അംഗീകരിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രധാന ക്യാമ്പസ് കളമശ്ശേരിയിലും എക്സ്റ്റൻഷൻ സെന്റർ ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിലുമാണ് പ്രവർത്തിക്കുന്നതെന്നും പ്രധാന സെന്ററിൽ നിന്നും കുട്ടനാട്ടിലെ സെന്ററിലേയ്ക്ക് ജീവനക്കാരെ സ്ഥലം മാറ്റുമ്പോൾ എച്ച്.ആർ.എ.യിൽ കുറവ് വരുന്നുണ്ടെന്നും ടി സെന്ററിൽ എത്തിച്ചേരുന്നതിന് നഗരത്തിൽ നിന്നും വേണ്ടത്ര യാത്രാസൗകര്യങ്ങളും ഹോസ്റ്റൽ സൗകര്യങ്ങളും ലഭ്യമല്ലാത്ത സാഹചര്യമായതിനാലാണ് വ്യത്യാസം വന്ന എച്ച്.ആർ.എ. ക്യാമ്പസ് അലവൻസായി നൽകാൻ സിൻഡിക്കേറ്റ് തീരുമാനമെടുത്തതെന്നും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഫിനാൻസ് ഓഫീസർ മറുപടി നൽകി.

22. പ്രസ്തുത തീരുമാനം നിയമപരമായി എടുത്തതാണോയെന്നും കെ.എസ്.ആർ.-ന് വിരുദ്ധമായി തീരുമാനമെടുക്കാൻ സിൻഡിക്കേറ്റിന് സാധിക്കുമോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, 2000-ത്തിൽ സിൻഡിക്കേറ്റ് എടുത്ത തീരുമാനമാണിതെന്നും 2004-ലെ പേ റിവിഷൻ പ്രകാരം ഇത്തരത്തിൽ അലവൻസ് നൽകുന്നില്ലെന്നും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഫിനാൻസ് ഓഫീസർ മറുപടി നൽകി.

23. കെ.എസ്.ആർ.-ന് വിരുദ്ധമായി സിൻഡിക്കേറ്റ് തീരുമാനമെടുത്താൽ അത് സർക്കാരിലേയ്ക്ക് റഫർ ചെയ്ത് സർക്കാരിന്റെ അനുമതി ലഭിച്ചാൽ മാത്രമേ പ്രത്യേക കേസായി അനുവദിക്കാറുള്ളൂവെന്നും ഇവിടെ അത്തരത്തിലുള്ള നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചൂണ്ടിക്കാട്ടി.

24. പ്രസ്തുത വിഷയത്തിന്മേൽ സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിന് കത്ത് നൽകാനും മറുപടി പരിശോധിച്ചതിനുശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമെന്നും സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**25. കുട്ടനാട് കാമ്പസിൽ മതിയായ യാത്രാസൗകര്യങ്ങളോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമല്ലാത്തതിനാലാണ് ജീവനക്കാർക്ക് ഉയർന്ന നിരക്കിലുള്ള വീട്ടുവാടകബത്തയും കാമ്പസ് ബത്തയും നൽകാൻ 2000-ൽ സിൻഡിക്കേറ്റ്**

**തീരുമാനമെടുത്തത് എന്നും നിലവിൽ അത്തരം ആനുകൂല്യങ്ങൾ നൽകുന്നില്ല എന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത സിൻഡിക്കേറ്റ് തീരുമാനത്തിന്മേൽ സർക്കാരിന്റെ സാധൂകരണം തേടുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. സർക്കാരിന്റെ സാധൂകരണം ലഭ്യമായശേഷം ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗസ്റ്റ് അദ്ധ്യാപകർക്കുള്ള യാത്രാബത്ത - അംഗീകരിക്കുന്നില്ല**

(ഓഡിറ്റ് റിപ്പോർട്ട് 2003-04, (ഖണ്ഡിക 45(7) എ &ബി)

സ്കൂൾ ഓഫ് എഞ്ചിനീയറിംഗ്, തൃക്കാക്കര, കുട്ടനാട് എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ ക്ലാസ്സെടുക്കുവാൻ ഗസ്റ്റ് അദ്ധ്യാപകർക്ക് അവരുടെ താമസസ്ഥലത്തുനിന്ന് കോളേജിലേയ്ക്ക് വരുവാൻ യാത്രാബത്ത നൽകിയത് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 2, ചട്ടം 15 പ്രകാരവും സർവ്വകലാശാല ഉത്തരവ് Ac.C3/9020/96/21.04.03 പ്രകാരവും അനുവദനീയമല്ല. ഈയിനത്തിൽ നൽകിയ ₹1,10,360 /- അംഗീകരിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5.3.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

26. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച പ്രകാരം പതിനാല് ഗസ്റ്റ് അദ്ധ്യാപകരിൽ നിന്നും അവർ ചട്ടവിരുദ്ധമായി കൈപ്പറ്റിയ ₹1,10,360/-നാളിതുവരെ ഈടാക്കിയിട്ടില്ലെന്നും പ്രസ്തുത തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലെന്നും പ്രസ്തുത കാലയളവിൽ സർവ്വീസിലുണ്ടായിരുന്ന ജീവനക്കാരുടെ മേൽവിലാസം കണ്ടെത്താൻ സാധിക്കില്ലെന്ന് പറയുന്നത് ഉൾക്കൊള്ളാൻ സാധിക്കില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. തുടർന്ന്, പ്രസ്തുത വിഷയത്തിൽ സർക്കാരിൽ നിന്ന് സാധൂകരണം തേടണമെന്നും സർക്കാരിൽ നിന്ന് സാധൂകരണം ലഭിച്ചാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമെന്നും സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**27. ഓഡിറ്റ് പരാമർശിച്ച വിഷയത്തിൽ സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കണമെന്നും ആയത് ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആവശ്യമുള്ളതിലധികം ബിറ്റുമിൻ ഉപയോഗിച്ചത് - ചെലവ് അംഗീകരിക്കുന്നില്ല**

എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് (ഓഡിറ്റ് നോട്ട് 2004-05 ഖണ്ഡിക 12(a))

തൃക്കാക്കര കാമ്പസിലെ റോഡ് നിർമ്മാണത്തിന് 17.281 ഘ. മീ. പോട്ട്ഹോൾ ഫില്ലിംഗിനും 4820.22 ച. മീ. ടാറിംഗിനും ആവശ്യമായ ബിറ്റുമിന്റെ അളവ് 13297.013 കി. ഗ്രാം ആണെങ്കിലും 14718 കി. ഗ്രാം ഉപയോഗിച്ചതായി കാണുന്നു. അധികമായി ഉപയോഗിച്ച ബിറ്റുമിന്റെ വില ടെൻഡർ അധികം 48% ഉൾപ്പെടെ ₹18,540/- അംഗീകരിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.3.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

28. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**29. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല**

**ഉയർന്ന നിരക്കിൽ വീട്ടുവാടകബത്ത നൽകി - തുക ₹5,45,439/- നിരാകരിക്കുന്നു**

(ഓഡിറ്റ് റിപ്പോർട്ട്: 2002-03, ഖണ്ഡിക: 19)

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ മുഖ്യ ആസ്ഥാനവും പഠന കേന്ദ്രവും സ്ഥിതി ചെയ്യുന്നത് കാലടി ഗ്രാമപഞ്ചായത്തിലെ കാലടി ഗ്രാമത്തിലാണ്. ബി2 വിഭാഗത്തിലുള്ള പട്ടണങ്ങളുടെ 5 കി.മീ. പരിധിയിലുള്ള പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഓഫീസുകളിലുള്ളവർക്കും സി വിഭാഗത്തിലുള്ള നഗരങ്ങളുടെ 1 കി.മീ. പരിധിയിലുള്ള ഓഫീസുകളിലുള്ളവർക്കും നൽകുന്ന ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്തയ്ക്ക് ഈ പരിധികളിലൊന്നും പെടാത്ത കാലടി ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന സർവ്വകലാശാലയിലെ ജീവനക്കാർക്ക് അർഹതയില്ല. പ്രതിമാസം ₹100/-മാത്രം വീട്ടുവാടകയിനത്തിൽ

അർഹമാണെന്നിരിക്കെ ₹400/-,₹660/-എന്നീ നിരക്കുകളിലാണ് ജീവനക്കാർക്ക് വീട്ടു വാടകബത്ത നൽകിയിരിക്കുന്നത്. കൊയിലാണ്ടി ഉപകേന്ദ്രത്തിലുള്ള ജീവനക്കാർക്കും ഇപ്രകാരം അനർഹമായ ആനുകൂല്യം നൽകിയിട്ടുണ്ട്. 2002-2003 വർഷത്തിൽ ഇപ്രകാരം അനർഹമായി നൽകിയ അധികം തുക ₹5,45,439/-ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

30. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്ത നൽകുന്നത് 1-6-2006 മുതൽ നിർത്തലാക്കിയിട്ടുണ്ടെന്നും അതിനുശേഷം ഇക്കാര്യം സാധൂകരിക്കുന്നതിനായി രണ്ട് തവണ സർക്കാരിലേയ്ക്ക് കത്തയച്ചെങ്കിലും മറുപടി ലഭിച്ചിട്ടില്ലെന്നും എന്നാൽ സമാനമായ രൂപത്തിൽ കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവ്വകലാശാലകൾ നൽകിയ ചെക്കും എച്ച്.ആർ.എ.യും സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്നും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല രജിസ്ട്രാർ മറുപടി നൽകി.

31. മറ്റ് സർവ്വകലാശാലകളുടെ നടപടിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്കും സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുമെന്നും 2006-ലെ ഓഡിറ്റ് പരാമർശത്തിന് 15 വർഷം കഴിഞ്ഞിട്ടും സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കാൻ കഴിഞ്ഞില്ലെന്ന് പറയുന്നത് ഉൾക്കൊള്ളാൻ സാധിക്കില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

32. സർക്കാരിൽ നിന്ന് സാധൂകരണം തേടണമെന്നും സാധൂകരണം ലഭിച്ചശേഷം പ്രസ്തുത പരാമർശം ഒഴിവാക്കാനും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**33. ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്ത നല്കിയതു സംബന്ധിച്ച് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റിട്ടയർ ചെയ്ത വ്യക്തിക്ക് വീണ്ടും സ്ഥിരനിയമനം നൽകി - ക്രമവിരുദ്ധം**

(ഓഡിറ്റ് റിപ്പോർട്ട് 2002-03 ഖണ്ഡിക 21)

യൂണിവേഴ്സിറ്റിയിലെ മലയാളവിഭാഗം റീഡറായിരുന്ന ഡോ.എം. കാർത്തികേയൻ 60 വയസ്സ് പൂർത്തിയാക്കി സേവനത്തിൽ നിന്നും വിടുതൽ ചെയ്തതാണ്. അദ്ദേഹത്തിന്റെ വ്യക്തിഗത ഫയൽ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന വസ്തുതകൾ കണ്ടെത്തി. ടിയാൾ 31-10-1966 മുതൽ 31-10-1994 വരെ തൃശ്ശൂർ കേരളവർമ്മ കോളേജിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച ശേഷം 1-11-1994 മുതൽ ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിച്ചു. ബഹു. കേരള ഹൈക്കോടതിയുടെ വിധിയെ തുടർന്ന് സർവ്വകലാശാല സേവനത്തിൽ നിന്ന് 29-3-1997-ൽ പുറത്താക്കപ്പെട്ട ഇദ്ദേഹത്തിന്റെ സർവ്വകലാശാലയിലെ സേവനകാലം ഡെപ്യൂട്ടേഷൻ ആയി കണക്കാക്കണമെന്നാണ് കോടതി നിർദ്ദേശിച്ചത്. തുടർന്ന് തന്റെ പഴയ ലാവണമായ തൃശ്ശൂർ കേരളവർമ്മ കോളേജിൽ ജോലിയിൽ പ്രവേശിക്കുകയും 55 വയസ്സ് പൂർത്തിയായതിനാൽ 31-3-1997-ൽ അവിടെ നിന്ന് റിട്ടയർ ചെയ്യുകയും ചെയ്തു. തുടർന്ന് 5-9-1997-ലെ പത്രപരസ്യം പ്രകാരം 17-11-1997-ൽ (7 1/2 മാസങ്ങൾക്ക് ശേഷം) ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയിൽ മലയാളവിഭാഗത്തിൽ റീഡറായി ഇദ്ദേഹത്തിന് റഗുലർ നിയമനം നൽകി. തുടർന്ന് യു.ജി.സി. നിരക്കിലുള്ള ശമ്പള പരിഷ്കരണവും വാർഷിക ഇൻക്രിമെന്റുകളും നൽകി. റിട്ടയർ ചെയ്ത ഒരാൾക്ക് സ്ഥിരം നിയമനം നൽകിയത് ചട്ടവിരുദ്ധമാണ്.

മറ്റൊരു അപാകത ഇദ്ദേഹത്തിന്റെ രണ്ടാം റിട്ടയർമെന്റ് ദിവസം സംബന്ധിച്ചാണ്. 4-3-2002-ൽ 60 വയസ്സ് പൂർത്തിയാക്കിയ ടിയാൾ 31-3-2002-ൽ റിട്ടയർ ചെയ്യണമെന്നിരിക്കെ സെമസ്റ്റർ സമ്പ്രദായമാണ് യൂണിവേഴ്സിറ്റിയിൽ പിൻതുടരുന്നത് എന്ന കാരണത്താൽ 18-5-2002 വരെ കാലാവധി നീട്ടികൊടുത്തു.

17-11-97 മുതൽ 18-5-2002 വരെയുള്ള കാലയളവിൽ ഡോ.എം. കാർത്തികേയന് ₹ 9,60,816/- ശമ്പളമായി യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. ചട്ടവിരുദ്ധമായ നിയമനവും അതിനുവേണ്ടി യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്ന് തുക ചെലവിട്ട കാര്യവും സർക്കാരിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഡോ.എം. കാർത്തികേയൻ 31-10-1994 വരെ തൃശ്ശൂർ കേരളവർമ്മ കോളേജിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച ശേഷം 1-11-1994 മുതൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ജോലി ചെയ്തുവരവേ ബഹു. കേരള ഹൈക്കോടതി വിധിയെ തുടർന്ന് സർവ്വകലാശാല സേവനത്തിൽ നിന്ന് 29-3-1997-ൽ പുറത്താക്കപ്പെടുകയും ഇദ്ദേഹത്തിന്റെ സർവ്വകലാശാലയിലെ സേവനകാലം ഡെപ്യൂട്ടേഷനായി കണക്കാക്കാമെന്ന് കോടതി നിർദ്ദേശിക്കുകയും തുടർന്ന് വീണ്ടും തൃശ്ശൂർ കേരളവർമ്മ കോളേജിൽ റീഡർ തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുകയും 31-3-1997-ൽ വിരമിക്കുകയും ചെയ്തതിനുശേഷം 17-11-1997-ൽ ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ മലയാളം വിഭാഗത്തിൽ റീഡറായി ഇദ്ദേഹത്തിന് സ്ഥിര നിയമനം നൽകുകയും യു.ജി.സി. നിരക്കിലുള്ള ശമ്പള പരിഷ്കരണവും വാർഷിക ഇൻക്രിമെന്റുകളും അനുവദിക്കുകയും ചെയ്തിരുന്നെങ്കിലും 25-4-2014-ലെ GO(Rt)819/14/HEdn. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന് സർവ്വകലാശാല പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ലെന്നും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല രജിസ്ട്രാർ മറുപടി നൽകി. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**35. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഉദ്യോഗസ്ഥർക്ക് പരിശീലനം - ഉദ്ദേശ ലക്ഷ്യം കൈവരിച്ചില്ല**

(ഓഡിറ്റ് റിപ്പോർട്ട്: 2002-03; ഖണ്ഡിക 31)

യൂണിവേഴ്സിറ്റിയിലെ സെക്ഷൻ ഓഫീസർമാർക്കും അസിസ്റ്റന്റുമാർക്കും പരിശീലനം നൽകുന്നതിനും യൂണിവേഴ്സിറ്റിയുടെ ഭരണകാര്യ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനുമായി മെ.യൂണീക് ട്രെയിനേഴ്സ് & സർവ്വീസ് കൺസൾട്ടന്റ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ഫീസിനത്തിൽ ₹ 118850 /- അവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. നേരത്തെ ഇക്കാര്യത്തിനായി യൂണിവേഴ്സിറ്റി ഐ.എം.ജി.-യുമായി ബന്ധപ്പെടുകയും അവർ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തതായി ഫയലിൽ നിന്നും മനസ്സിലായി. എങ്കിലും നിർദ്ദേശങ്ങളോ തുടർ നടപടികളോ ഫയലിൽ ലഭ്യമായില്ല യൂണിക്വ ട്രെയിനേഴ്സ് എന്ന സ്ഥാപനം ഇപ്രകാരമുള്ള വിഷയങ്ങളിൽ വളരെയധികം അനുഭവസമ്പത്തുള്ളതാണെന്ന് അവകാശപ്പെട്ടിട്ടുണ്ടെങ്കിലും അവ തെളിയിക്കുവാൻ ഉപോൽബലകങ്ങളായ എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചതായോ, പരിശീലനം നൽകിയതായോ, നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയതായോ വ്യക്തമാക്കിയിട്ടില്ല. യോഗ്യത തെളിയിക്കപ്പെട്ടിട്ടില്ലാത്ത ഇതുപോലൊരു സ്വകാര്യസ്ഥാപനത്തിനെ ഐ.എം.ജി. പോലുള്ള സ്ഥാപനത്തെ ഒഴിവാക്കി ജോലി ഏൽപ്പിച്ച നടപടി കണക്കിലെടുത്തും ഉദ്ദേശ ലക്ഷ്യം പൂർത്തീകരിക്കാത്തതിനാലും ഈയിനത്തിൽ ചെലവഴിച്ച ₹118850/-ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

36. ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നത് സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഒരു തവണ മാത്രമാണ് മെ. യൂണീക് ട്രെയിനേഴ്സ് & സർവ്വീസ് കൺസൾട്ടന്റ്സ് എന്ന സ്ഥാപനത്തെ പരിശീലനത്തിനായി ചുതലപ്പെടുത്തിയതെന്നും അതിനുശേഷം സർക്കാർ സ്ഥാപനമായ Institute of Management in Government മുഖേനയാണ് പരിശീലനം നൽകിയിട്ടുള്ളതെന്നും സർവ്വകലാശാലയിൽ Internal Quality Assurance Cell (IQAC) സ്ഥാപിച്ചതിനുശേഷം സർവ്വകലാശാല ജീവനക്കാർക്കും അദ്ധ്യാപകർക്കും നേരിട്ടാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നതെന്നും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല രജിസ്ട്രാർ വിശദീകരിച്ചു.

37. എത്രപേർക്ക് പരിശീലനം നൽകിയെന്നോ ഏൽപ്പിച്ച സ്ഥാപനത്തിന് ഇക്കാര്യത്തിലുള്ള മുൻ അനുഭവ പരിചയത്തെക്കുറിച്ചോ ഐ.എം.ജി. പോലുള്ള സ്ഥാപനങ്ങൾ ഉള്ളപ്പോൾ അവരെ ഒഴിവാക്കി ഒരു സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചതെന്തിനാണെന്നോ സർവ്വകലാശാല വ്യക്തമാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, കുറച്ചുകൂടി കൃത്യമായ ഒരു മറുപടി സർക്കാരിന് സാധൂകരണത്തിനായി ലഭ്യമാക്കണമെന്നും സാധൂകരണം ലഭിക്കുകയാണെങ്കിൽ പ്രസ്തുത പരാമർശം ഒഴിവാക്കാമെന്നും അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

**38.സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>തദ്ദേശസ്വയംഭരണ വകുപ്പ്</u>

<u>ഓഡിറ്റ് ഖണ്ഡിക</u>

**തൃശ്ശൂർ കോർപ്പറേഷൻ**
**വൈദ്യുതി ചാർജ് കുടിശ്ശിക ഈടാക്കിയില്ല**

[ഓഡിറ്റ് റിപ്പോർട്ട് (വൈദ്യുതി വിഭാഗം):2000-01 ഖണ്ഡിക 2(2)]

വൈദ്യുതി വിഭാഗത്തിലെ എൽ.ടി.4 താരിഫിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന ഉപഭോക്താക്കൾ 1999-2000, 2000-2001 വർഷങ്ങളിൽ തൻവർഷം ഡിമാന്റ് ചെയ്ത തുകയോ കുടിശ്ശികയോ അടച്ചിട്ടില്ല. 2000-01 സാമ്പത്തിക വർഷാവസാനം ഈ

ഉപഭോക്താക്കൾ ലഡ്ജർ പ്രകാരം കുടിശ്ശിക വരുത്തിയിട്ടുണ്ട്. തൻവർഷത്തെ വൈദ്യുതി ചാർജ്ജും കുടിശ്ശികയും അടക്കം ഭീമമായ സംഖ്യ ഈടാക്കുന്നതിൽ വരുത്തിയ വീഴ്ച ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കൺസ്യൂമർ നമ്പർ | ഉപഭോക്താവിന്റെ പേര് | 2000-01 വർഷാവസാനം നിലനിൽക്കുന്ന കുടിശ്ശിക ₹ |
|---|---|---|---|---|
| 1 | 9 | 8730/എ | ശങ്കരനാരായണൻ | 58259.76 |
| 2 | 10 | 1/982 | മാത്തിരി ഡേവിഡ് | 43494.30 |
| 3 | 10 | 1/367 | പി.എസ്. ഗണേശൻ | 29693.47 |
| 4 | 10 | 8285/എ | സെൽവറാണി ഗണേശൻ | 62892.49 |
| 5 | 10 | 1/1502 | നെല്ലിശ്ശേരി ബ്രദേഴ്സ് | 23226.38 |
| | | | **ആകെ** | **₹ 217566.40** |

മേൽപ്പറഞ്ഞ കുടിശ്ശിക പലിശ സഹിതം പിരിച്ചെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക.4.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

39. ഓഡിറ്റ് പരാമർശ പ്രകാരമുള്ള കുടിശ്ശിക മുഴുവൻ അടച്ചുതീർത്തുവെന്ന തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**40. തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കാർ വാടകയ്ക്ക് എടുത്തതിന് ചെലവായത് - നഷ്ടം വരുത്തിയ തുക തിരിച്ചുപിടിച്ചില്ല**

[ചെലവ് ഓഡിറ്റ് റിപ്പോർട്ട് (ജനറൽ വിഭാഗം) 2002-03 ഖണ്ഡിക: 2(31)]

നഗരസഭയിൽ നിലവിലുള്ള വാഹനങ്ങൾക്ക് കാലപ്പഴക്കത്താലും തുടർച്ചയായി റിപ്പയർ ചെലവ്, അമിത ഇന്ധന ചെലവ്, ഡ്രൈവർക്കുള്ള ശമ്പളവും, മറ്റ് അലവൻസുകളും

എന്നിവമൂലം നഗരസഭയ്ക്ക് നഷ്ടം ഉണ്ടാകുന്നതിനാലും സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ദിവസ വാടകയ്ക്ക് വാഹനങ്ങൾ ഉപയോഗിക്കുവാൻ അനുവാദം ലഭിക്കുന്നതിന് 19-1-2001-ൽ തൃശ്ശൂർ നഗരസഭാ മേയർ ഗവൺമെന്റ് സെക്രട്ടറിക്ക് കത്തെഴുതിയതിന്റെ അടിസ്ഥാനത്തിൽ ജി.ഒ.(ആർ.റ്റി.) നം. 1648/2001 ത.സ്വ.ഭ.വ. തീയതി 21-4-2001 ഉത്തരവുപ്രകാരം ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്തു വിൽക്കുന്നതിനും ടി തുകയും നഗരസഭാ ഫണ്ടും ഉപയോഗിച്ച് പുതിയ വാഹനങ്ങൾ എടുത്ത് അർഹതപ്പെട്ടവരുടെ ഉപയോഗത്തിന് അവശ്യഘട്ടങ്ങളിൽ മാത്രം വിനിയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി, ഉള്ള വാഹനങ്ങൾ നിലനിർത്തുവാനും കൂട്ടുതലായി ആവശ്യം വരുന്ന വാഹനങ്ങൾ പ്രതിമാസ വാടകയ്ക്ക് എടുത്താൽ മതിയെന്നും തീരുമാനിക്കുകയാണ് ഉണ്ടായത്. ഇതിനായി ടെണ്ടർ ക്ഷണിക്കുകയും, കരാർ പ്രകാരം പ്രതിമാസം 2200 കി.മീറ്ററിന്, കി.മീറ്ററിന് 5 രൂപ നിരക്കിൽ 11,000 രൂപയും മിനിമം കി.മീറ്റർ കഴിഞ്ഞതിനു ശേഷം വരുന്ന ഒരോ കിലോമീറ്ററിനും 4 രൂപ നിരക്കിൽ അധികം ചാർജ്ജ് നൽകേണ്ടതുമാണ്. എന്നാൽ മിക്ക മാസങ്ങളിലും 2200 നെക്കാൾ കുറഞ്ഞ ദൂരം ഓട്ടുകയും മിനിമം ചാർജ്ജായ 11,000 രൂപ വീതം നൽകുകയും ചെയ്തത് വഴി നഗരസഭയ്ക്ക് 84,335 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട് ആയത് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| വൗച്ചർ നം. 210/07/02 | ₹ 66000 /- |
| വൗച്ചർ നം. 63/08/02 | ₹ 44052/- |
| വൗച്ചർ നം. 293/22.02.03 | ₹ 143647 /- |
| **ആകെ** | **₹ 253699 /-** |

| | |
|---|---|
| 3/2002 മുതൽ 5.2.2003 വരെ ആകെ ഓടിയ കിലോമീറ്റർ | 34401 കി. മീ. |
| ആകെ അനുവദിക്കാവുന്ന തുക | ₹ 169364/- |
| കൊടുത്ത തുക | ₹ 253699/- |
| അധികം നൽകിയ തുക | ₹ 84,335.0/- |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

41. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 2002-03 കാലഘട്ടത്തിലെ കൗൺസിലർമാരിൽ ആറുപേർ തുക അടച്ചിട്ടുണ്ടെന്നും രണ്ട് പേർ മരണപ്പെട്ടുവെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. മരണപ്പെട്ടവരുടെ ബാധ്യത ഒഴിവാക്കി നൽകണമെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സമിതി മുമ്പാകെ അഭ്യർത്ഥിച്ചു.

42. വളരെക്കാലം മുമ്പുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ കണ്ടെത്തുകയെന്നത് പ്രായോഗികമായി ബുദ്ധിമുട്ടായതിനാൽ, ഗവൺമെന്റിൽ നിന്നും സാധൂകരണം വാങ്ങിയതിനുശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നകാര്യം പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**43. സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചിപ്പിങ്ങ് കാർപ്പെറ്റിന് അധിക നിരക്ക് നൽകി**

[ചെലവ് ഓഡിറ്റ് റിപ്പോർട്ട് ( ജനറൽ വിഭാഗം ) - 2002-03 ഖണ്ഡിക 2(46)]

മെറ്റൽ ചെയ്ത റോഡിന്റെ ഉപരിതലത്തിൽ 20 എം.എം. ചിപ്പിങ്ങ് കാർപ്പെറ്റ് ചെയ്യാൻ 1-7-99-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം 10 എം$^2$ പ്രതലത്തിന് തൃശ്ശൂർ കോർപ്പറേഷനിൽ നൽകിവരുന്ന നിരക്ക് 358.07 രൂപയാണ്. എന്നാൽ കൂർക്കഞ്ചേരി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിരുന്ന ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ ഇത് 388 രൂപ/10 എം$^2$ ആണ്. ബിറ്റുമിന്റെ വില ടണ്ണിന് 6750 രൂപയ്ക്ക് പകരം 7900 രൂപയായി എടുത്തതുകൊണ്ടാണ് എസ്റ്റിമേറ്റുകളിൽ ഈ വ്യത്യാസം വന്നത്. കൂർക്കഞ്ചേരി ഗ്രാമപഞ്ചായത്ത് നടത്തി വരുന്ന പല റോഡ് പണികളും പൂർത്തീകരിക്കപ്പെട്ടുമ്പോഴേക്കും പ്രസ്തുത പഞ്ചായത്ത് തൃശ്ശൂർ കോർപ്പറേഷനിൽ ലയിപ്പിക്കപ്പെട്ടിരുന്നു. അപ്രകാരമുള്ള പ്രവൃത്തികളുടെ ബില്ലുകൾ തൃശ്ശൂർ കോർപ്പറേഷനിൽ നിന്ന് നൽകിയപ്പോൾ ബിറ്റുമിന്റെ വില 7900 രൂപ/ടൺ എന്ന നിരക്കിന് പകരം 6750 രൂപ/ടൺ എന്ന നിരക്കിലാണ് ബില്ലിൽ നിന്ന് കുറവ് ചെയ്തത്. ഇപ്രകാരം കൺവീനർമാർക്ക് അധികം നൽകിയ തുക ₹ 37,377/-ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക. 4.4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 1999-2000 വർഷത്തിൽ പ്രസ്തുത പ്രദേശം പഞ്ചായത്തായിരുന്ന കാലഘട്ടത്തിലാണ് എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ളതെന്നും 20 വർഷം മുമ്പുള്ള വിഷയമാണിതെന്നും 1-10-2000 മുതൽ ഒല്ലൂക്കര, അയ്യന്തോൾ, ഒല്ലൂർ, വിൽവട്ടം, കൂർക്കഞ്ചേരി പഞ്ചായത്തുകൾ തൃശ്ശൂർ മുനിസിപ്പാലിറ്റിയുമായി കൂട്ടിച്ചേർത്തിട്ടുള്ളതാണെന്നും ഇതുമായി ബന്ധപ്പെട്ട ഫയലുകൾ നഗരസഭയിലും പഞ്ചായത്ത് ഡയറക്ടർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ ഓഫീസുകളിലും വിശദമായി അന്വേഷിച്ചുവെങ്കിലും കണ്ടെത്താനായില്ലെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

45. ഇന്റഗ്രേഷന്റെ സമയത്ത് ചില പ്രശ്നങ്ങൾ ഉണ്ടാകാറുണ്ടെന്നും പഞ്ചായത്തിൽ നിന്നും മുഴുവൻ ഡീറ്റെയിൽസും കിട്ടില്ലെന്നും ഓഫീസുകൾ ഡിജിറ്റൈസ് ചെയ്ത് പ്രവർത്തിച്ചുതുടങ്ങുമ്പോഴേയ്ക്കും പല ഫയലുകളും കാണാതെ പോകുന്നുവെന്നും ഇരുപത് വർഷം പഴക്കമുള്ളതിനാൽ ഫയലുകൾ കണ്ടെത്താൻ സാധിക്കില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

46. ഫയലുകൾ കണ്ടെത്താൻ കഴിയില്ലെന്ന മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**47. കാലപ്പഴക്കംമൂലം ഫയലുകൾ കണ്ടെത്താൻ കഴിയില്ലെന്ന വകുപ്പിന്റെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഫയലുകളും ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് കൂടുതൽ ശ്രദ്ധയും ജാഗ്രതയും പുലർത്തണമെന്ന കർശന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കരാറുകാരന്റെ സ്വന്തം മണ്ണിന് അധികനിരക്ക് നൽകിയത് നിരാകരിക്കുന്നു.**

[ചെലവ് ഓഡിറ്റ് റിപ്പോർട്ട് (ജനറൽ വിഭാഗം) 2002-03 ഖണ്ഡിക 2(47)]

കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള മണ്ണു നിറയ്ക്കൽ എന്ന ഇനത്തിൽ ഒരേ സമയം മണ്ണ് കിളക്കൽ എന്ന ഇനവും ലോറി മുഖേനയുള്ള കടത്തും ഉൾപ്പെടുന്നു. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 4-4-86-ലെ 13584/എഫ്.റ്റി.ഡബ്ല്യു.സി.1/ 86/ഫിൻ. നം. കത്തുപ്രകാരം മണ്ണ് കിളക്കുന്ന ഇനത്തിലും ലോറി കടത്തിലും ഓരോ ലീഡും ലിഫ്റ്റും ഉള്ളതുകൊണ്ട് കരാറുകാരന്റെ സ്വന്തം മണ്ണ് എന്ന ഇനത്തിൽ ഒരു ലീഡും ലിഫ്റ്റും അധികമുണ്ടെന്നും ആയതിനാൽ അത് സ്വന്തം മണ്ണിന്റെ നിരക്കിൽ നിന്നും കുറയ്ക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പരിഗണിക്കാതെയാണ് പല എസ്റ്റിമേറ്റുകളും തയ്യാറാക്കിയിട്ടുള്ളത്.

സ്വന്തം മണ്ണ് എന്ന ഇനത്തിന് 1-7-99-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം 10 എം$^3$- ന് നൽകാവുന്ന നിരക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| 0.90 പുരുഷൻ 91.00 രൂപ നിരക്കിൽ | 81.90 |
| 2.75 ആൺകുട്ടി 69.00 രൂപ നിരക്കിൽ | 189.75 |
| കടത്തുകൂലി 61.40/എം3 നിരക്കിൽ | 614.00 |
| | --------- |
| ആകെ | 885.65 |
| (-)2-1 സ്ത്രീ കൂലി 74.00 രൂപ നിരക്കിൽ | 155.40 |
| | --------- |
| നൽകാവുന്ന നിരക്ക് | 730.25 |
| 10% സി.പി. | 73.02 |
| മൊത്തം | 803.27 |
| | ==== |

മണ്ണ് കൺസോളിഡേറ്റ് ചെയ്യുമ്പോൾ 10 എം$^3$-ന് അനുവദനീയമായ നിരക്ക് ഇനി പറയും പ്രകാരമാണ്.

| | |
|---|---|
| 10 എം$^3$ സ്വന്തം മണ്ണിന്റെ നിരക്ക് | 730.25 |
| 1/37 ദിവസം റോളർ വാടക<br>2060 രൂപ നിരക്കിൽ | 55.67 |
| 0.50 ലിറ്റർ ഡീസൽ 12 രൂപ നിരക്കിൽ | 6.00 |
| | ------- |
| കൺസോളിഡേഷനുള്ള നിരക്ക് | 791.92 |
| 10% സി.പി. | 79.19 |
| | ------- |
| ആകെ | 871.11 |
| | ===== |

മുകളിൽ വിവരിച്ച പ്രകാരമല്ലാതെ കൺവീനർമാർക്കും കോൺട്രാക്ടർമാർക്കും സ്വന്തം മണ്ണിനത്തിൽ അധികം നൽകിയ തുകയായ ₹ 62,738/-നിരാകരിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്ച ഖണ്ഡിക.4.4.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

48. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**49. സർക്കാർ മറുപടിയുടെയും ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തിരുവനന്തപുരം ജില്ല**

**നെയ്യാറ്റിൻകര നഗരസഭ**

**അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- നഗരസഭ കടക്കെണിയിൽ**

(ഓഡിറ്റ് റിപ്പോർട്ട് 2001-02 ഖണ്ഡിക 2-12)

ഡി.റ്റി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ബൃഹത്തായ ഒരു വാണിജ്യ സമുച്ചയം നിർമ്മിക്കുവാൻ നെയ്യാറ്റിൻകര നഗരസഭ 1990 ഒക്ടോബർ മാസത്തിൽ തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് നെയ്യാറ്റിൻകര കെ.എസ്.ആർ.റ്റി.സി.ബസ് സ്റ്റാന്റിന് എതിർവശത്ത് നഗരസഭ അക്വയർ ചെയ്ത 2.80 ഏക്കർ സ്ഥലത്ത് 78300 ച. അടി വിസ്തീർണ്ണത്തിൽ 84 കടമുറികളോട് കൂടിയ ഒരു മൂന്നുനില വാണിജ്യ സമുച്ചയം നഗരസഭ പണികഴിപ്പിച്ചു. നഗരസഭയുടെ സമഗ്രവികസനത്തിനും വരുമാനത്തിനുമായി ആരംഭിച്ച ടി അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നഗരസഭയെ ഇപ്പോൾ ഭീമമായ കടക്കെണിയിൽ ആഴ്ത്തിയിരിക്കുകയാണ്. 1992-ലെ പൊതുമരാമത്ത് നിരക്ക് പ്രകാരം തയ്യാറാക്കിയ ഇതിന്റെ എസ്റ്റിമേറ്റ് ഇലക്ട്രിക്കൽ വേല ഒഴികെ ₹ 2,29,26,049/-യായിരുന്നു. ഏറ്റവും കുറഞ്ഞ ടെൻഡർ നിരക്കായ 47 % അധികരിച്ച്, ക്വോട്ട് ചെയ്ത ശ്രീ. ജി. അനിരുദ്ധന് 23-1-1995-ൽ സ്ഥലം കൈമാറി. കരാർ പ്രകാരം 22-1-1997-ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി 2-2-2001-ന് മാത്രമാണ് പൂർത്തീകരിച്ചത്. ടി പ്രവൃത്തിക്കായി നഗരസഭ 6 ഗഡുക്കളായി ₹ 3,95,00,000/- ഹഡ്കോയിൽ നിന്നും വായ്പ വാങ്ങി. പ്രോജക്ട്

ചെലവ് എസ്റ്റിമേറ്റ് പ്രകാരം ₹ 2,29,26,049 /- മൂല്യനിർണ്ണയം നടത്തിയത് ₹ 3,62,57,707/- മായിരിക്കെ പ്രോജക്ടിന് ആവശ്യമായതിലും കൂടുതൽ വായ്പ, തുക ലഭ്യമാക്കിയത് വഴി അധികരിച്ച അനാവശ്യ ബാദ്ധ്യതയാണ് നഗരസഭ ഉണ്ടാക്കിയിട്ടുള്ളത്. 2-7-1998 വരെയുള്ള കാലയളവിൽ നഗരസഭ ₹ 18,65,325/-പലിശയിനത്തിൽ ഒടുക്കുവരുത്തിയിട്ടുണ്ടെങ്കിലും തുടർന്ന് ഹഡ്കോയ്ക്ക് തുകയൊന്നും അടച്ചിട്ടില്ല. 23-2-2001-ലെ കത്ത് പ്രകാരം 31-12-2000 വരെയുള്ള നഗരസഭയുടെ ബാദ്ധ്യത ₹ 725.63 ലക്ഷം(മുതൽ 395 ലക്ഷം + പലിശ 330.63 ലക്ഷം) ആണെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭ കെ.യു.ഡി.എഫ്.സി.-യുമായി 23-3-2001-ന് ഏർപ്പെട്ട കരാർ പ്രകാരം ഹഡ്കോയിൽ നിന്നും കെ.യു.ഡി.എഫ്.സി.-യിൽ നിന്നുമുള്ള വായ്പ തുകകൾ മുതലും പലിശയും കെ.യു.ഡി.എഫ്.സി.-യിൽ നിന്നുള്ള ₹ 10,26,30,109 /- ഒറ്റ വായ്പയായി പരിഗണിക്കുന്നതിന് 29-6-2000-ലെ ജി.ഒ.(എം.എസ്)/98/2000/ഹഡ്. പ്രകാരം അനുമതിയും ലഭിച്ചിട്ടുണ്ട്. കരാർ പ്രകാരം ടി വായ്പ, തുകയും പലിശയും 31-3-2002 മുതൽ 31-3-2016 വരെയുള്ള കാലാവധിക്കുള്ളിൽ അടച്ചുതീർക്കേണ്ടതും ആദ്യതവണയായി 4 കോടി രൂപ 31-3-2002-ന് ഒടുക്കുവരുത്തേണ്ടതും ബാക്കി തുക ₹ 11,18,500/- 56 ത്രൈമാസ തവണകളായി ഒടുക്കേണ്ടതുമാണ്. എന്നാൽ നഗരസഭ നാളിതുവരെ ₹130 ലക്ഷം മാത്രമേ ഒടുക്കിയിട്ടുള്ളൂ. 31-12-2005 വരെയുള്ള നഗരസഭയുടെ ബാദ്ധ്യത ₹ 11,42,12,043 /- ആണ്.

അക്ഷയ കെട്ടിട സമുച്ചയത്തിലുള്ള കടമുറികളിൽ 80% ഭാഗവും വാടകയ്ക്ക് പോകാതെ ഒഴിഞ്ഞു കിടക്കുന്നതിനാൽ ഇപ്പോൾ ലഭിച്ചുവരുന്ന വാടക വായ്പ ഒടുക്കുവാൻ ഒട്ടും പര്യാപ്തമല്ല. വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളിൽ നിന്നും തന്നെ കൃത്യമായി വാടക പിരിയ്ക്കുകയോ അവയുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

നഗരസഭ 3 കോടി രൂപ നിക്ഷേപമായും ₹ 407 ലക്ഷം സർക്കാർ ധനസഹായമായും പ്രതിമാസം 5 ലക്ഷം രൂപ വാടകയിനത്തിലും പ്രതീക്ഷിച്ചിരുന്നുവെങ്കിലും വളരെ തുച്ഛമായ തുക മാത്രമേ ലഭിച്ചിട്ടുള്ളൂ. അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിലെ കട/ഓഫീസ് മുറികളുടെ ഉയർന്ന ജാമ്യ നിക്ഷേപ തുകയും വാടകയുമാണ് ഇതിന്റെ 80 % ഒഴിവായി കിടക്കുവാൻ കാരണം.

നഗരസഭയുടെ സമഗ്ര വികസനത്തിനും വരുമാന സ്രോതസ്സിനുമായി രൂപകല്പന ചെയ്ത അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നാൾക്കുനാൾ നഗരസഭയെ ഭീമമായ കടക്കെണിയിലേയ്ക്ക് ആഴ്ത്തുകയാണ്. ഭീമമായ തുകകൾ ഉയർന്ന പലിശ നിരക്കിൽ വായ്പയെടുത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അവയുടെ ആത്യന്തിക വിജയം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പഠനമോ വിശകലനമോ അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ കാര്യത്തിൽ നഗരസഭാധികൃതർ സ്വീകരിച്ചിട്ടില്ല. നഗരസഭയുടെ നിലനിൽപ്പിനെതന്നെ പ്രതികൂലമായി ബാധിക്കുന്ന ഭീമമായ സാമ്പത്തിക ബാദ്ധ്യതയിൽ നിന്നും മോചനം നേടാൻ ഭരണവകുപ്പും നഗരസഭാധികൃതരും അടിയന്തര പരിഹാര മാർഗ്ഗങ്ങൾ കാണേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.6.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

50. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**51. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- ബേസ്മെന്റിനുള്ളിൽ മണ്ണ് കൊണ്ട് വന്ന് നിറയ്ക്കൽ - ഒഴിവാക്കാമായിരുന്ന നഷ്ടം**

[ഓഡിറ്റ് റിപ്പോർട്ട് 2001-02, ഖണ്ഡിക 2-13 (III)]

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 8-ാം ഇനമായി കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ട് വന്ന് നിറയ്ക്കുന്നതിന് 3362.164 ഘനമീറ്റർ മണ്ണ് 244.26/10 ഘനമീറ്റർ നിരക്കിൽ ₹ 82124.22/- 47 % ടെൻഡർ എക്സസ് ഉൾപ്പെടെ ₹ 120723/- മൂല്യനിർണ്ണയം ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിലെ 1-ഉം 2-ഉം ഇനങ്ങൾ പ്രകാരം സൈറ്റിൽ തന്നെ ലഭ്യമായ 8965.62 ഘനമീറ്റർ മണ്ണ്, ബേസ്മെന്റിനുൾഭാഗം നിറയ്ക്കുന്ന പ്രവൃത്തിക്ക് ഉപയോഗിക്കാമെന്നിരിക്കെ കരാറുകാരൻ സ്വന്തം മണ്ണ് കൊണ്ടുവരേണ്ട ആവശ്യം ഇല്ല. ഇപ്രകാരം ടി ആവശ്യത്തിന് അധികമായി നൽകിയ ₹1,20,723/-ഓഡിറ്റിൽ നിരാകരിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.4.6.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

52. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**53. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആറ്റിങ്ങൽ നഗരസഭ**

**ചേരി വികസനം - വൈദ്യുതി ലഭ്യമാക്കുന്നതിന് വൈദ്യുതി ലൈൻ നീട്ടൽ (ജനറൽ) പ്രോജക്ട് 26-പദ്ധതി ഭേദഗതിക്ക് അംഗീകാരമില്ല**

(ഓഡിറ്റ് റിപ്പോർട്ട് 2001-02, ഖണ്ഡിക 3-13)

വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ ഏകദേശം 2000 മീറ്റർ വൈദ്യുതി ലൈൻ നീട്ടുക, ബൾബ്, ട്യൂബ് തുടങ്ങിയ വൈദ്യുതി സാധനങ്ങൾ വാങ്ങി സ്ഥാപിക്കുക, അങ്ങനെ ചേരി വികസനം സാധ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. വൈദ്യുതി ലൈൻ നീട്ടുന്നതിന് ₹ 4,00,000/- ബൾബ്, ട്യൂബ് തുടങ്ങിയവ വാങ്ങുന്നതിന് ₹ 50,000/- വകയിരുത്തിയാണ് പദ്ധതിയിൽ ധനകാര്യ വിശകലനം നടത്തിയിരുന്നത്.

എന്നാൽ നഗരസഭ 2,02,457 രൂപയ്ക്ക് ഇലക്ട്രിക് സാധനങ്ങൾ വാങ്ങുകയും ₹ 1,97,543/- കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു. ഇതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.₹ 2,02,457/-ഇലക്ട്രിക് സാധനങ്ങൾ ആവശ്യമാണെന്ന് കെ.എസ്. ഇ.ബി. അറിയിച്ചിട്ടില്ല. അംഗീകൃത പദ്ധതിയുടെ ഭേദഗതിക്ക് അംഗീകാരം വാങ്ങാതെയും സ്റ്റോർ പർച്ചേസ് നിയമം പാലിക്കാതെയും പദ്ധതി രേഖയിൽ നിന്നും വ്യതിചലിച്ച് ₹ 50,000/- പകരം 2,02,457 രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയത് അംഗീകരിക്കുന്നില്ല. ചെക്ക് നം. 069704/ 23-3-2 പ്രകാരം₹62,457/-ശിവറാം ഇലക്ട്രിക്കൽസിന് നൽകിയിട്ടുണ്ട്. ₹1,40,000/-ചെക്ക് ഇഷ്യൂ ചെയ്തു എന്നല്ലാതെ വാങ്ങലിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. സാധനങ്ങൾ വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്ററോ വിനിയോഗം സംബന്ധിച്ച രേഖകളോ ഹാജരാക്കിയില്ലെന്നു മാത്രമല്ല മോണിട്ടറിംഗ് പോലും നടത്തിയിട്ടില്ലാത്തതിനാൽ ഇതിനുവേണ്ടി ചെലവഴിച്ച ₹ 4,00,000/-ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്ച ഖണ്ഡിക.4.7.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

54.പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, തെരുവുവിളക്കുകൾ കത്താത്തതിനെതിരെ വ്യാപകമായി പരാതികൾ വരികയും കൗൺസിലർമാരുടെ ഭാഗത്തുനിന്നും സമ്മർദ്ദമുണ്ടാകുകയും ചെയ്തതുകൊണ്ടാണ് അടിയന്തരമായി സാധനങ്ങൾ വാങ്ങാനുള്ള തീരുമാനം കൈക്കൊണ്ടതെന്ന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റി സെക്രട്ടറി ബോധിപ്പിച്ചു. കൂടാതെ, തെരുവുവിളക്കുമായി ബന്ധപ്പെട്ട മേഖലയിലാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നതിനാൽ പ്രത്യേക പരിഗണന നൽകി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ആറ്റിങ്ങൽ മുൻസിപ്പാലിറ്റി സെക്രട്ടറി സമിതി മുൻപാകെ അഭ്യർത്ഥിച്ചു.

55. അടിയന്തരമായി തെരുവുവിളക്കുകൾ സ്ഥാപിക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയായതിനാൽ അതിൽ തെറ്റുപറയാൻ സാധിക്കില്ലെന്നും എന്നാൽ സാധനങ്ങൾ വാങ്ങിയതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടതിന് പദ്ധതിയുമായി ബന്ധപ്പെട്ട ചില തീരുമാനങ്ങളുടെ മിനിട്ട്സ് മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും അന്ന് സ്റ്റോക്ക് രജിസ്റ്ററിനും മെയിന്റനൻസിനും മോണിറ്ററിംഗിനും സംവിധാനം ഉണ്ടായിരുന്നില്ലെന്നും എന്നാൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നിലവിൽ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും ആറ്റിങ്ങൽ മുൻസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി.

56. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കണമെന്നും ഗവൺമെന്റിൽ നിന്നും സാധൂകരണം ലഭ്യമായതിനുശേഷം പ്രസ്തുത പരാമർശം ഒഴിവാക്കാനും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**57. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സർക്കാരിന് വിശദമായ റിപ്പോർട്ട് നൽകി സാധൂകരണം നേടുന്നതിനും ആയത് ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പത്തനംതിട്ട ജില്ല**

**പൊതുപരാമർശങ്ങൾ**

**വൗച്ചറുകൾ, ഫയലുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയില്ല**

ഓഡിറ്റ് സമയത്ത് ഫയലുകളും വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കാത്തതിനാൽ വൻതുക തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസ്സമായി നിലനിൽക്കുന്നു. ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണാധികാരികളും ഭരണവകുപ്പും കൈക്കൊള്ളുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| സ്ഥാപനം | ഖണ്ഡിക | ചെലവിന്റെ വിവരം | ചെലവ് തുക ( ₹) |
|---|---|---|---|
| അടൂർ നഗരസഭ 01-02 | 2.14 | മരാമത്ത് പ്രവൃത്തികൾ | 920209/- |
| പത്തനംതിട്ട നഗരസഭ 2000-01 | 3.1 | വിവിധ ചെലവുകൾ | 3416036/- |
| | 3.18 | വിവിധ മരാമത്ത് പ്രവൃത്തികൾ | 2209573/- |
| അടൂർ നഗരസഭ 2000-01 | 2.3 | വിവിധ ചെലവുകൾ | 317712/- |
| | 2.9 | വിവിധ ചെലവുകൾ | 114969/- |
| | 2.14 | മരാമത്തു പ്രവൃത്തികൾ | 297827/- |

ഓഡിറ്റ് ഖണ്ഡിക

**പത്തനംതിട്ട നഗരസഭ**

**ശബരിമല ഇടത്താവള നിർമ്മാണം - 290459 രൂപ നിരാകരിക്കുന്നു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2000-01 ഖണ്ഡിക നമ്പർ 3-7)

ശബരിമല ഇടത്താവള നിർമ്മാണത്തിനായി നഗരസഭ വാങ്ങിയ ഭൂമിയിൽ സംരക്ഷണഭിത്തികെട്ടി മണ്ണിട്ട് നികത്തുന്ന ഈ പ്രവൃത്തിയിൽ മരാമത്ത് വിഭാഗത്തിന്റെ അശ്രദ്ധമൂലം 3 ലക്ഷം രൂപയോളം നഷ്ടം മുനിസിപ്പൽ ഫണ്ടിന് ഉണ്ടായിട്ടുള്ളതായി കാണുന്നു. കോൺട്രാക്ടറുടെ സ്വന്തം മണ്ണിട്ട് നികത്തുന്ന പ്രവൃത്തിക്ക് 9,76,179 രൂപയാണ് ചെലവാക്കിയിട്ടുള്ളത്. ഈ ഇനം പ്രവൃത്തിക്ക് ഡാറ്റാ തയ്യാറാക്കിയതിൽ വന്ന അപാകത മൂലമാണ് കോൺട്രാക്ടർക്ക് അധിക പ്രതിഫലം നൽകേണ്ടി വന്നത്. കോൺട്രാക്ടറുടെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള നികത്തലിന് ഡാറ്റാ തയ്യാറാക്കുമ്പോൾ ഡാറ്റാ 56 പ്രകാരം സാധാരണ മണ്ണു വെട്ടുന്നതിനുള്ള നിരക്കാണ് നൽകേണ്ടത്. എന്നാൽ അതിനു പകരമായി ഡാറ്റാ 51 പ്രകാരം കെട്ടിടത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണത്തിന് ബാധകമായ നിരക്കാണ് മണ്ണ് ഫില്ലിംഗിന്റെ ഡാറ്റാ തയ്യാറാക്കാൻ എടുത്തിട്ടുള്ളത്. ഡാറ്റാ 56 പ്രകാരം 10 എം$^3$ സാധാരണ മണ്ണു വെട്ടിയെടുക്കുന്നതിന് 0.90 പുരുഷക്കൂലിയും 2.75 ആൺകുട്ടികളുടെ കൂലിയുമാണ് അർഹമായത്. ഇതിന് പകരമായി ഡാറ്റാ 51 പ്രകാരമുള്ള 1.1 പുരുഷക്കൂലിയും 3 ആൺകുട്ടികളുടെ കൂലിയുമാണ് നൽകിയിട്ടുള്ളത്. കൂടാതെ മണ്ണ് വെട്ടിയെടുത്ത് 1.5 മീറ്റർ ഉയർത്തി 50 മീറ്റർ വരെ അകലെ കൊണ്ടുചെന്ന് കളയുന്നതിനാണ് (ഒരു ലീഡും ലിഫ്റ്റും) ഈ നിരക്ക് നൽകുന്നത്. അതോടൊപ്പം കൺവേയൻസിലും ഒരു പ്രാരംഭ ലീഡും ലിഫ്റ്റും (1.5 മീറ്റർ ഉയർത്തി 50 മീറ്റർ ദൂരെയുള്ള

വാഹനത്തിൽ ഇടുക) ഉൾപ്പെടുന്നു. ഇപ്രകാരം 2 പ്രാരംഭ ലീഡും ലിഫ്റ്റും ഉൾപ്പെടുന്നതിനാൽ ഒരു ലീഡിനും ലിഫ്റ്റിനും തുല്യമായ തുക ഡാറ്റാ 58, 59 പ്രകാരം 2.1 സ്ത്രീ കൂലി കുറയ്ക്കേണ്ടതാണ്. (ചീഫ് എഞ്ചിനീയറുടെ 30-6-1985-ലെ സി6. 6113/84 ഇ നമ്പർ സർക്കുലർ, ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 4-4-1986-ലെ 13584/എഫ്.റ്റി.ഡബ്ല്യു.സി1/86 നമ്പർ നിർദ്ദേശം എന്നിവ കാണുക)

10 എം$^3$ മണ്ണിട്ട് നികത്തുന്നതിന് നൽകിയ നിരക്കും അർഹമായ നിരക്കും ചുവടെ ചേർക്കുന്നു. (1996- ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം)

| **നൽകിയ നിരക്ക്** | | **അർഹമായ നിരക്ക്** | |
|---|---|---|---|
| കൂലി | രൂപ | കൂലി | രൂപ |
| 1.10 പുരുഷൻ (56.7/ഒരാൾ) | 62.37 | 0.90 പുരുഷൻ | 51.3 |
| 3 ആൺകുട്ടി (42.7/ഒരാൾ) | 128.10 | 2.75 ആൺകുട്ടി (43/ഒരാൾ) | 118.25 |
| **കൺവേയൻസ് (5 കി.മീ)** | | **കൺവേയൻസ് (5 കി.മീ)** | |
| (ഒരു എം$^3$-ന് 33.46 രൂപ വച്ച്) | 334.60 | (ഒരു എം$^3$-ന് 33.50 രൂപ വച്ച് | 335.00 |
| | 525.07 | | 504.55 |
| | | കുറയ്ക്കുക 2.1 സ്ത്രീ കൂലി (46/ഒരാൾ) | 96.60 |
| | | | 407.95 |
| കൂട്ടുക സി.പി.10% | 52.50 | കൂട്ടുക സി.പി.10% | 40.79 |
| | 577.57/10 എം$^3$ | | 448.74 |
| | 57.75/എം$^3$ | | 449/10 എം$^3$ |
| | | | 44.90/എം$^3$ |
| | | | =45/- |

അധിക നിരക്ക് നൽകിയത് യഥാർത്ഥത്തിൽ മണ്ണിട്ട് നികത്തിയതിനേക്കാൾ കൂടുതൽ അളവിന് പ്രതിഫലം നൽകിയതായും കാണുന്നു. ലെവൽ ഫീൽഡ് ബുക്ക് 2/98-99 പേജ് 79 മുതൽ 87 വരെയും, 1-99-ാം പേജ് 19 മുതൽ 28 വരെയും രേഖപ്പെടുത്തിയതനുസരിച്ച് 17928.843 എം$^3$ സ്ഥലമാണ് മണ്ണിട്ട് നികത്തിയിട്ടുള്ളത്.

എന്നാൽ എം.ബുക്ക് നം: 10/98-99 പേജ് 74-ൽ മൊത്തം ചെയ്ത പ്രവൃത്തി 19881.14 എം$^3$ ആണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നും ലഭിച്ച 64.58 എം$^3$ കുറച്ച് 19816.50 എം$^3$-ന് പ്രതിഫലം നൽകിയിട്ടുണ്ട്. ലെവൽ ഫീൽഡ് ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ നിന്നും (അതായത് 17928.843 എം$^3$) 64.58 എം$^3$ കുറവ് ചെയ്ത് 17864.263 എം$^3$-ന് മാത്രമേ പ്രതിഫലം നൽകാൻ അർഹതയുണ്ടായിരുന്നുള്ളൂ. 1952.297 എം$^3$.-ന്റെ വില അധികം നൽകിയിരിക്കുന്നു.

ഈ പ്രവൃത്തിക്ക് നൽകിയ പ്രതിഫലം, അർഹമായ പ്രതിഫലം, അധികം നൽകിയത് എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| നൽകിയ പ്രതിഫലം | 19816.56 x 57.75 | = | 1144406.34 |
| | -14.7% ടെൻഡർ കുറവ് | = | 168227.73 |
| | | | ------------ |
| | | | 976178.61 |
| | | | ========= |
| അർഹമായ പ്രതിഫലം | 17864.26 x 45 | = | 803891.70 |
| | -14.7% ടെൻഡർ കുറവ് | | 118172.08 |
| | | | ---------- |
| | | | 685719.62 |
| | | | ========== |
| അധികം നൽകിയത് | 976178.61 - | = | 290458.99 |
| | 685719.62 | = | 290459/- |
| | | | ========== |

അധികം നൽകിയ 2,90,459 രൂപ നിരാകരിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.8.1, 4.9.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

58. ഓഡിറ്റ് പരാമർശങ്ങൾക്കെല്ലാം സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിച്ചുവെന്ന സമാന സ്വഭാവമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി ടി പരാമർശങ്ങളെപ്പറ്റി ആരാഞ്ഞതിന്, 2001-02 കാലഘട്ടത്തിലെ വൗച്ചറുകളും ഫയലുകളും മറ്റ് അനുബന്ധരേഖകളും വിശദമായി പരിശോധിച്ചിട്ടും ഓഡിറ്റ് നടന്ന സമയത്ത് കണ്ടെത്തുവാൻ കഴിഞ്ഞിരുന്നില്ലെന്നും അക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് എല്ലാ സെക്ഷനുകളിലും നോട്ടീസ് നൽകി ഫയലുകൾ കണ്ടെത്താൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ലെന്നും അടൂർ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

59. 2001-02 കാലയളവിൽ വിനിയോഗിച്ച തുക 2005-ൽ ഓഡിറ്റ് പരിശോധിക്കുമ്പോൾ ഫയലുകൾ ഓഫീസിൽ കാണുന്നില്ലെന്ന് പറയുന്നത് അതിശയോക്തിയാണെന്നും എല്ലാ കേസ്സുകളിലും ലഭിക്കുന്ന മറുപടി ഫയലുകൾ ഓഫീസിൽ കാണുന്നില്ലെന്നുള്ളതാണെന്നും സമിതിയുടെ മുമ്പാകെ വരുന്ന വിഷയങ്ങളിൽ വളരെയധികം കാലപ്പഴക്കമുള്ള കേസുകൾ സ്വാഭാവികമായും ഒഴിവാക്കി നൽകുമെന്നാണ് പൊതുവേ ധരിച്ചിരിക്കുന്നതെന്നും ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ നിശ്ചിത ദിവസത്തിനുള്ളിൽ മറുപടി തയ്യാറാക്കേണ്ടതാണെന്നും പക്ഷേ മറുപടി യഥാസമയം ലഭിക്കാറില്ലെന്നും യോഗത്തിന്റെ തലേദിവസമാണ് മറുപടി നൽകുന്നതെന്നും ഈ രീതി തുടരാൻ സാധിക്കില്ലെന്നും ഭരണസമിതികൾ യഥാസമയം മറുപടി നൽകണമെന്ന് വകുപ്പുകൾ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

60. ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ മൂന്നുമാസ കാലയളവിനുള്ളിൽ സമിതി മുമ്പാകെ കുറ്റമറ്റ രീതിയിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് നഗരസഭകളിലെ ഉദ്യോഗസ്ഥൻമാർക്ക് കർശന നിർദ്ദേശം നൽകുന്നതാണെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

61. ഓഡിറ്റ് പരാമർശങ്ങൾ ഓരോ കാരണങ്ങൾ പറഞ്ഞ് ഒഴിവാക്കിയാൽ നാളെ ഇതുതന്നെ ആവർത്തിക്കപ്പെടുമെന്നും തെറ്റായ കാര്യങ്ങൾ ചെയ്യുന്നതുകൊണ്ടാണ് ഓഡിറ്റ് അത് ചൂണ്ടിക്കാട്ടുന്നതും സമിതി പരിശോധിക്കുന്നതുമെന്നും യഥാസമയം ഫയലുകൾ സമർപ്പിച്ചിരുന്നെങ്കിൽ നിലവിലുള്ള പല പരാമർശങ്ങളും ഒഴിവാക്കാമായിരുന്നുവെന്നും ഓഡിറ്റ് സമയത്ത് കണ്ടെത്തുന്ന പരാമർശങ്ങളിന്മേൽ നഗരസഭകൾക്കോ പഞ്ചായത്തുകൾക്കോ യഥാസമയം ഓഡിറ്റ് വിഭാഗത്തെ കാര്യങ്ങൾ ബോധ്യപ്പെടുത്താൻ സാധിക്കാത്തതും അതിന് ശ്രമിക്കാത്തതുമാണ് വർഷങ്ങൾ കഴിഞ്ഞിട്ടും ഇത്തരം പരാമർശങ്ങൾ പെൻഡിംഗിൽ നിൽക്കുന്നതെന്നും സമിതി നിരീക്ഷിച്ചു.

62. മൂന്ന് വർഷക്കാലയളവിലെ ഫയലുകൾ പോലും കണ്ടെത്താൻ കഴിയുന്നില്ലെന്നതിൽ നിന്ന് അക്കാലയളവിൽ നടന്ന അനഭിലഷണീയമായ കാര്യങ്ങൾ മറച്ചുവയ്ക്കുന്നതിനുവേണ്ടി ബോധപൂർവ്വം ഫയലുകൾ നൽകാത്തതാണെന്നാണ് മനസ്സിലാക്കേണ്ടതെന്നും അക്കാലയളവിൽ സമാനമായ നിരവധി കേസുകളുണ്ടെന്നും നിലവിൽ അത്തരത്തിലൊരു പ്രവണത കുറഞ്ഞിട്ടുണ്ടെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ചൂണ്ടിക്കാട്ടി.

63. സംസ്ഥാന, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ ശാക്തീകരിക്കേണ്ടത് അത്യാവശ്യമാണെന്നും സർക്കാർ ഫണ്ട് ഇത്തരത്തിൽ പാഴാക്കുന്നത് ഒരിക്കലും അംഗീകരിക്കാൻ സാധിക്കില്ലെന്നും അഭിപ്രായപ്പെട്ട സമിതി, വകുപ്പ് പെർഫോമൻസ്

ഓഡിറ്റ് നടത്താറുണ്ടോയെന്ന് ആരാഞ്ഞതിന് വകുപ്പ് ഇന്റേണൽ ഓഡിറ്റ് നടത്താറുണ്ടെന്നും പെർഫോമൻസ് ഓഡിറ്റുകൾ നിലവിൽ കൃത്യമായി നടത്തുന്നുണ്ടെന്നും നഗരസഭകളിലാണ് പലപ്പോഴും പരിമിതികളുണ്ടാകുന്നതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

64. ഓഡിറ്റ് പരാമർശങ്ങളിന്മേൽ നഗരസഭകൾ എടുത്ത തീരുമാനത്തിന് വ്യക്തതയില്ലെന്നും പല മറുപടിയിലും കരാറുകാരൻ മരണപ്പെട്ടുപോയെന്നും ഫയലുകൾ കണ്ടെത്താൻ സാധിക്കുന്നില്ലെന്നും ഉദ്യോഗസ്ഥർ റിട്ടയർ ചെയ്തുപോയെന്നുമൊക്കെയാണ് മറുപടി നൽകിയിരിക്കുന്നതെന്നും നിരീക്ഷിച്ച സമിതി നഗരസഭകളുടെ കാര്യത്തിൽ കൃത്യതയുണ്ടാകണമെന്ന് അഭിപ്രായപ്പെട്ടു.

65. ഓഡിറ്റ് പരാമർശമുള്ളപ്പോൾ നഗരസഭകളിലെയും പഞ്ചായത്തുകളിലെയും ഉദ്യോഗസ്ഥർക്ക് എൻ.എൽ.സി. അനുവദിക്കുന്നത് പരിശോധിക്കപ്പെടേണ്ട വിഷയമാണെന്നും ഏതെങ്കിലും സാമ്പത്തിക പരാമർശങ്ങളിൽപ്പെടുന്ന മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് എൻ.എൽ.സി. അനുവദിക്കാറില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇക്കാര്യം മോണിറ്റർ ചെയ്യുന്നുണ്ടെന്ന് പറയുമ്പോഴും എല്ലാ ഓഫീസുകളിലും ഇന്റേണലായി ഓഡിറ്റ് പരാമർശങ്ങൾ പരിശോധിക്കുന്നതിനും അവയ്ക്ക് കൃത്യമായി മറുപടി നൽകുന്നതിനും ഒരു ക്ലാർക്കും ഒരു സൂപ്രണ്ടും അടങ്ങുന്ന സംവിധാനമുണ്ടാകണമെന്നും അതിനായി ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ യോഗങ്ങൾ കൂടണമെന്നും അപ്രകാരം ചെയ്തെങ്കിൽ മാത്രമേ ഇക്കാര്യത്തിൽ ഒരു ശാശ്വത പരിഹാരമുണ്ടാകുകയുള്ളൂവെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. കോർപ്പറേഷനുകളിൽ അക്കൗണ്ട്സ് ഓഫീസർമാരും നഗരസഭകളിൽ സൂപ്രണ്ടുമാരും മാത്രമാണുള്ളതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചപ്പോൾ ഇക്കാര്യങ്ങൾ റിവ്യൂ ചെയ്യാൻ ഒരു ക്ലാർക്ക് ആവശ്യമാണെന്ന് ധനവകുപ്പ് ഉദ്യോഗസ്ഥൻ ബോധിപ്പിച്ചു.

66. ഒരു ഉദ്യോഗസ്ഥൻ വിരമിക്കുമ്പോൾ ആ ഉദ്യോഗസ്ഥന്റെ ബാധ്യത പരിശോധിക്കുന്ന കീഴ്വഴക്കം നിലവിലില്ലേയെന്ന് സമിതി ആരാഞ്ഞതിന് അക്കൗണ്ടബിലിറ്റിയുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും കാര്യങ്ങൾ പരിശോധിച്ച ശേഷം മാത്രമേ എൻ.എൽ.സി. നൽകാവൂ എന്നാണ് ചട്ടമെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കി. ഓഡിറ്റ് പരാമർശങ്ങൾ കൃത്യമായി പരിശോധിക്കുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കുകയും മാസത്തിലൊരിക്കലോ ആഴ്ചയിലൊരിക്കലോ വകുപ്പ് മേധാവിയുടെ മേൽനോട്ടത്തിൽ അത് കൃത്യമായി പരിശോധിക്കുകയും ചെയ്തെങ്കിൽ മാത്രമേ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

67. അവസാനത്തെ മൂന്ന് വർഷക്കാലയളവാണ് പലപ്പോഴും പരിശോധിക്കുന്നതെന്നും അതിനുമുമ്പുള്ള കാലയളവിലെ പരാമർശങ്ങൾ ആയതു കൊണ്ടാവാം പരിശോധിക്കപ്പെടാതെ പോകുന്നതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു.

68. തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ ചില പരിമിതികളുണ്ടെന്നും കൃത്യമായ ഡാറ്റാബേസ് ഇതിനാവശ്യമാണെന്നും  ഓരോ ഉദ്യോഗസ്ഥന്റെയും പേരിൽ എന്തെങ്കിലും പരാമർശങ്ങളുണ്ടോയെന്ന് ആരാഞ്ഞുകൊണ്ട് പല വകുപ്പുകളും ഓഡിറ്റ് വകുപ്പിനെ സമീപിക്കുന്ന അവസ്ഥയാണ് നിലവിലുള്ളതെന്നും ഓരോ ഉദ്യോഗസ്ഥനും ഏതൊക്കെ കാലയളവിൽ എവിടെയൊക്കെ ജോലി ചെയ്തിട്ടുണ്ടെന്നുള്ളതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പിന്റെ പക്കൽപോലും ഇല്ലാത്തതും പഞ്ചായത്തുകളിലും വിവിധ നഗരസഭകളിലും ടി ഉദ്യോഗസ്ഥർ ഉണ്ടായിരുന്നപ്പോൾ അവർ സർക്കാരിന് എന്തെങ്കിലും നഷ്ടം വരുത്തിയിട്ടുണ്ടോയെന്ന് അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിനുപോലും അറിയാത്ത അവസ്ഥയാണുള്ളതെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

69. ഉദ്യോഗസ്ഥരെ ട്രാൻസ്ഫർ ചെയ്യുമ്പോൾ ചാർജ്ജ് ഹാന്റ് ഓവർ ചെയ്യുന്നതോടൊപ്പം അതത് കാലയളവിലെ ടി ഉദ്യോഗസ്ഥന്റെ ഡാറ്റാ സഹിതം ബന്ധപ്പെട്ട വകുപ്പ് സൂക്ഷിക്കേണ്ടതാണെന്നും ഓഡിറ്റിന് പലപ്പോഴും യാതൊരു വിലയും കൽപ്പിക്കുന്നില്ലെന്നാണ് ടി വിഷയങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

70. ഇക്കാര്യത്തിൽ ഒരു ഇന്റേണൽ സംവിധാനം ഉണ്ടായില്ലെങ്കിൽ സമാന വിഷയങ്ങൾ ഭാവിയിൽ ആവർത്തിക്കപ്പെടുമെന്നും ചെയർമാൻമാരും പ്രസിഡന്റുമാരും ഇക്കാര്യത്തിൽ കുറച്ചുകൂടി ജാഗ്രത കാണിക്കണമെന്നും ഓഡിറ്റ് പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകാൻ അവരുടെ ഭാഗത്ത് നിന്നുകൂടി ശ്രദ്ധയുണ്ടാകേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

71. പഞ്ചായത്തുകൾ നഗരസഭയുമായി കൂട്ടിച്ചേർക്കുമ്പോൾ കൃത്യമായി അസറ്റുകൾ ട്രാൻസ്ഫർ ചെയ്യുകയോ അതിന്റെ കണക്കുകൾ സൂക്ഷിക്കുകയോ ചെയ്യുന്നില്ലെന്നാണ് ഭരണപരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നതെന്നും ഇതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിനോട് മറുപടി ആവശ്യപ്പെട്ട് കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചിട്ടും മറുപടിയൊന്നും ലഭിക്കാത്തതിനാൽ ധനകാര്യ വകുപ്പ് തന്നെ അഭിപ്രായം രേഖപ്പെടുത്തി ചീഫ് സെക്രട്ടറിതല കമ്മിറ്റിക്ക് നൽകുകയാണ് ചെയ്തതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

72. നിലവിലുള്ള സിസ്റ്റം ക്രമപ്പെടുത്തേണ്ടതുണ്ടെന്നും നിയമസഭാ ധനകാര്യ സമിതികൾക്ക് സ്പെഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് അധികാരമുണ്ടെന്നും തദ്ദേശസ്വയംഭരണ

വകുപ്പ് സംവിധാനത്തിലും ഓഡിറ്റ് സംവിധാനത്തിലുമുള്ള അപാകതകൾ പരിഹരിച്ചുകൊണ്ട് നിലവിലുള്ള സിസ്റ്റം എങ്ങനെ ക്രമപ്പെടുത്താമെന്നത് സംബന്ധിച്ച് പഠനം നടത്തുന്ന കാര്യം ബഹുമാനപ്പെട്ട സമിതി ചെയർമാന്റെ സാന്നിദ്ധ്യത്തിൽ ആലോചിക്കാമെന്നും സമിതി തീരുമാനിച്ചു.

73. ഡിജിറ്റൽ സംവിധാനം വന്നതോടുകൂടി വൗച്ചറുകൾ കാണുന്നില്ലെന്ന പരാതികൾ നിലവിലില്ലെന്നും ഓൺലൈനായതുകൊണ്ട് നഗരസഭകളിൽ വളരെയധികം മാറ്റങ്ങൾ വന്നിട്ടുണ്ടെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു.

74. ഇടപാടുകളുടെ വിവരം ഇപ്പോൾ നഗരസഭകളിൽ ലഭ്യമാണെന്നും എന്നാൽ റോഡുകൾ സംബന്ധിച്ച വിവരം, നികുതി ഈടാക്കേണ്ട കെട്ടിടങ്ങളുടെ വിവരം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ക്രമപ്പെടുത്തേണ്ടതുണ്ടെന്നും 2011-ൽ ആരംഭിച്ച ടാക്സ് റിവിഷൻ ഇതുവരെ പൂർത്തിയായിട്ടില്ലെന്നും കെട്ടിടങ്ങളുടെ വിവരങ്ങൾ പുതുക്കിക്കൊണ്ടിരിക്കുകയാണെന്നും ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് എല്ലാ വർഷവും തയ്യാറാക്കുന്നുണ്ടെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

75. ജി.ഐ.എസ്. ട്രാക്കിംഗിലൂടെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ ശേഖരിക്കാനാരംഭിച്ചിട്ടുണ്ടെന്നും പല നഗരസഭകളിലും പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും നഗരസഭയുടെ മൊത്തം കെട്ടിടങ്ങളുടെയും ആസ്തികളുടെയും വിവരങ്ങൾ മാപ്പിംഗ് ചെയ്യുന്ന പ്രവർത്തനം പല നഗരസഭകളിലും പഞ്ചായത്തുകളിലും പൂർത്തിയാകാറായിട്ടുണ്ടെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ ബോധ്യപ്പെടുത്തി.

76. സിസ്റ്റത്തിൽ തകരാറുണ്ടെന്ന് കണ്ടെത്തിയ സ്ഥിതിയ്ക്ക് അത് ശരിയാക്കാനുള്ള ശ്രമമുണ്ടായാലേ ഓഡിറ്റ് സംവിധാനം ഫലപ്രദമാകുകയുള്ളൂവെന്നും സാധൂകരണത്തിനുവേണ്ടി സർക്കാരിലേയ്ക്ക് അയച്ച് തീർപ്പാക്കേണ്ട ഫയലുകൾ പോലും അങ്ങനെ ചെയ്യുന്നില്ലെന്നും ജീവനക്കാരുടെ പെൻഷനെയും മറ്റാനുകൂല്യങ്ങളെയും ഇത് ബാധിക്കുന്ന സ്ഥിതി വന്നിരുന്നുവെങ്കിൽ ഇങ്ങനെയൊരു പ്രശ്നമുണ്ടാകുമായിരുന്നില്ലെന്നും സിസ്റ്റം ക്രമപ്പെടുത്തുന്നതിന് സമയപരിധി നിശ്ചയിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

77. എല്ലാ ഓഡിറ്റ് പരാമർശങ്ങളും പൊതു സ്വഭാവമുള്ളതായതിനാൽ ഗവൺമെന്റിൽ നിന്നും സാധൂകരണം ലഭിച്ചതിനുശേഷം പരാമർശം ഒഴിവാക്കണമോ എന്ന കാര്യം പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**78. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി ലഭ്യമാക്കണമെന്നും ഭരണസമിതികൾ യഥാസമയം മറുപടി നൽകുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണമെന്നും ആയതിന് വകുപ്പ് കർശന നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**79. മേൽ സൂചിപ്പിച്ച ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് ഗവൺമെന്റിൽനിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ആയത് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറയ്ക്ക് പരാമർശങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അടൂർ നഗരസഭ**

**മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല**

[ഓഡിറ്റ് റിപ്പോർട്ട് 2000-01, ഖണ്ഡിക 2.2 (ബി)]

വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാരുടെ പേരിൽ നൽകിയ മുൻകൂറുകൾ വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. 2000-01 വരെ ₹ 1,90,274/- രജിസ്റ്റർ പ്രകാരം ക്രമീകരിക്കാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെലവിന്റെ രേഖകൾ ഹാജരാക്കാതെ വർഷങ്ങളായി മുൻകൂറുകൾ ക്രമീകരിക്കാതിരിക്കുന്നത് സ്ഥാപനത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യത്തിന് വിരുദ്ധമായതിനാൽ ഈ വിഷയത്തിൽ ഉന്നതതല അന്വേഷണവും നടപടിയും അനിവാര്യമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്. ഖണ്ഡിക 4.10.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

80.വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാരുടെ പേരിൽ നൽകിയ മുൻകൂറുകൾ വർഷങ്ങളായി ക്രമീകരിച്ചില്ലെന്നാണ് ഓഡിറ്റ് പരാമർശമെന്നും ഇതുമായി ബന്ധപ്പെട്ടും മറ്റ് നിരവധി വിഷയങ്ങളിന്മേലും നിലവിലുള്ള വിജിലൻസ് കേസുകൾ അവസാനിപ്പിച്ചില്ലെങ്കിൽ ഓഡിറ്റ് പരാമർശങ്ങളിന്മേൽ സമിതിയ്ക്ക് തീരുമാനം എടുക്കാൻ സാധിക്കില്ലെന്നും വിജിലൻസ് കേസുകൾ എത്രയും വേഗത്തിൽ തീർപ്പാക്കാനുള്ള ശ്രമമുണ്ടാകണമെന്നും സർക്കാരിലേയ്ക്ക് സാധൂകരണത്തിന് അയയ്ക്കുന്ന അപേക്ഷകളിന്മേൽ കൃത്യമായി നടപടി

സ്വീകരിച്ചാൽ കുറെയേറെ ഫയലുകളിൽ നടപടികൾ അവസാനിപ്പിക്കാൻ സാധിക്കുമെന്നും അതിനാൽ, ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പഴക്കം ചെന്ന കേസുകളുടെ സാധൂകരണത്തിനായി നഗരസഭകൾ സർക്കാരിനെ സമീപിക്കണമെന്ന് നിർദ്ദേശിച്ച സമിതി സർക്കാർ നൽകുന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമോ വേണ്ടയോ എന്ന് തീരുമാനമെടുക്കാമെന്ന് നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**81. ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള വിജിലൻസ് കേസുകൾ എത്രയും വേഗം തീർപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**82. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കാലപ്പഴക്കം ചെന്ന കേസുകളുടെ സാധൂകരണത്തിനായി നഗരസഭകൾ സർക്കാരിനെ സമീപിക്കണമെന്നും സാധൂകരണം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോട്ടയം ജില്ല**

**ചങ്ങനാശ്ശേരി നഗരസഭ**

**മുനിസിപ്പൽ റെസ്റ്റ് ഹൗസ് ലേലം-മുനിസിപ്പൽ ഫണ്ടിന് നഷ്ടം**

(ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04, ഖണ്ഡിക 3 - 2)

പൂവക്കാട്ടുചിറ പാർക്ക് വികസനവും റിക്രിയേഷൻ സെന്റർ നിർമ്മാണവും എന്ന പദ്ധതി ബി.ഒ.ടി. (B.O.T.) അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് 2001-02 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. (പ്രോജക്ട് നമ്പർ 103/2001-2002 ടൂറിസം പദ്ധതി പൂവക്കാട്ടുചിറ) മുനിസിപ്പൽ റസ്റ്റ് ഹൗസ്, പാർക്ക്, പൂവക്കാട്ടുചിറ എന്നിവ ടി പ്രോജക്ടിൽ ഉൾപ്പെട്ടിരുന്നു. 24-8-2001-ൽ ഡി.പി.സി. അംഗീകാരം ലഭിച്ച ടി പദ്ധതിയുടെ പദ്ധതി അടങ്കൽ 5 ലക്ഷം രൂപയാണ്. (പ്ളാൻഫണ്ട് 2 ലക്ഷം + തനത് ഫണ്ട് 3 ലക്ഷം) ഐ.സി.ഐ.സി.ഐ. കിൻഫ്രാ, തിരുവനന്തപുരം എന്ന കൺസൾട്ടൻസിയുമായി സഹകരിച്ച് ടി പദ്ധതി നടപ്പാക്കുന്നതിനാണ് തീരുമാനിച്ചത്.

കൺസൾട്ടന്റ് സ്ഥാപനമായ ഐ.സി.ഐ.സി.ഐ. കിൻഫ്രാ തയ്യാറാക്കിയതായി പറയുന്ന ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട്, പ്രോജക്ട് റിപ്പോർട്ട്, ബിഡ് ഡോക്കുമെന്റ്, കൺസേഷൻ എഗ്രിമെന്റിന്റെ പകർപ്പ് തുടങ്ങിയ രേഖകൾ ഹാജരാക്കിയ ഫയലിൽ കാണുന്നില്ല. എങ്കിലും മേൽപ്പറഞ്ഞ രേഖകൾ തയ്യാറാക്കിയതിന് മുൻപറഞ്ഞ സ്ഥാപനത്തിന് 4 ലക്ഷം രൂപ നൽകി. കൂടാതെ പത്ര പരസ്യത്തിനുള്ള ചെലവ് എന്ന പേരിൽ ₹ 2,36,792/-

നൽകി (മൊത്തം ₹6,36,792/-) കൺസൾട്ടൻസി സ്ഥാപനം തയ്യാറാക്കിയ കൺസേഷൻ എഗ്രിമെന്റിന് സർക്കാരിൽ നിന്ന് മുൻകൂർ അംഗീകാരം വാങ്ങാതെ തന്നെ പദ്ധതി നടത്തിപ്പിനുള്ള ഓഫറുകൾ ക്ഷണിച്ചതായി കാണുന്നു. കൺസൾട്ടൻസി സ്ഥാപനം 5-5-2004-ൽ ബിഡ് ഇവാല്യുവേഷൻ റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും കൺസേഷൻ എഗ്രിമെന്റിൽ നിന്നും ആർബിട്രേഷൻ ക്ളോസ് ഒഴിവാക്കണമെന്ന് 17-2-2005-ലെ കത്ത് പ്രകാരം (നമ്പർ 52111/ബി3/04/എൽ.എസ്.ജി.ഡി.17-2-2005) സർക്കാർ നിർദ്ദേശിച്ചു. പ്രസ്തുത ക്ളോസ് ഒഴിവാക്കിക്കൊണ്ട് കരാർ വയ്ക്കുന്നതിന് നഗരസഭ തിരഞ്ഞെടുത്ത സെന്റ് മേരീസ് ഗ്രൂപ്പ് എന്ന സ്ഥാപനം തയ്യാറായില്ല. നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം സെന്റ് മേരീസ് ഗ്രൂപ്പിൽ നിന്നും ഈടാക്കുന്നതിന് നഗരസഭ തീരുമാനിച്ചു (30-1-2006-ലെ 6-ാം നമ്പർ തീരുമാനം). എന്നാൽ പദ്ധതി നടത്തിപ്പിന് ഓഫർ സമർപ്പിച്ച സ്ഥാപനത്തിൽ നിന്നും 10 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി വാങ്ങേണ്ടതിനു പകരം ഒരു ഇൻഡമെനിറ്റി ബോണ്ട് മാത്രം വാങ്ങിയതിനാൽ നഷ്ടപരിഹാരം ഈടാക്കുന്നതിന് സാദ്ധ്യത ഇല്ലെന്ന് നഗരസഭയ്ക്ക് നിയമോപദേശം ലഭിച്ചു. ഡ്രാഫ്റ്റ് കൺസേഷൻ കരാറിൽ ആർബിട്രേഷൻ വ്യവസ്ഥ ഉൾപ്പെട്ടിരുന്ന കാര്യവും നിയമോപദേശത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സർക്കാരിന്റെ നിയമവകുപ്പ് കരട് കരാർ പരിശോധിക്കുന്നതിന് മുൻപ് തന്നെ ഓഫറുകൾ ക്ഷണിച്ചതു മൂലമാണ് ഇങ്ങനെ സംഭവിച്ചത്. ചില ഭേദഗതികളോടുകൂടി പദ്ധതി നടപ്പാക്കുന്നതിന് നിർദ്ദേശം ഉണ്ടായെങ്കിലും നാളിതുവരെ പദ്ധതി ആരംഭിച്ചിട്ടില്ല. ടി പ്രോജക്ടിനു വേണ്ടി നഗരസഭ ചെലവഴിച്ച ₹ 6,36,792/- പ്രയോജനരഹിതമായി.

ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്ക് കൊടുത്തിരുന്ന മുനിസിപ്പൽ റസ്റ്റ്ഹൗസിന്റെ കാലാവധി 18-1-2004-ൽ അവസാനിച്ചിരുന്നതിനാൽ 25-2-2004 മുതൽ ഒരു വർഷത്തേക്ക് പ്രതിമാസം ₹ 10,000/- വാടകയും (ലൈസൻസ് ഫീസ്) ₹ 1,55,000/- സെക്യൂരിറ്റി നിക്ഷേപവും എന്ന വ്യവസ്ഥയിൽ ശ്രീ. ജഗദീഷ് ചന്ദ്രൻ നായർ എന്നയാൾക്ക് റസ്റ്റ് ഹൗസ് ലേലം ഉറപ്പിച്ച് നൽകിയിരുന്നു. എന്നാൽ പൂവക്കാട്ടുചിറ ടൂറിസം പദ്ധതി ബിഡ് ചെയ്യാൻ പോകുന്നു എന്ന കാരണം പറഞ്ഞ് റസ്റ്റ് ഹൗസിന്റെ ലേലം റദ്ദ് ചെയ്തു. ടൂറിസം പദ്ധതി ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് സർക്കാർ അനുമതി ടി സമയം ലഭിച്ചിരുന്നില്ല. മുനിസിപ്പാലിറ്റി വക റസ്റ്റ് ഹൗസ് മുൻകൂർ നോട്ടീസ് പ്രകാരം ഏതുസമയത്തും കരാർ വ്യവസ്ഥ പ്രകാരം ഒഴിപ്പിക്കാവുന്നതാണ്. ഇക്കാര്യങ്ങൾ പരിഗണിക്കാതെ ലേലം റദ്ദാക്കപ്പെടുകയും നിർദ്ദിഷ്ട പ്രോജക്ട് നടപ്പാക്കാതെയും വന്നതിനാൽ റസ്റ്റ് ഹൗസിൽ നിന്നും ലഭിക്കേണ്ട വാടകയിനത്തിൽ നഗരസഭയ്ക്ക് വൻ നഷ്ടമുണ്ടായതായി കാണുന്നു. 18-1-2004-നു ശേഷം റസ്റ്റ് ഹൗസ് നാളിതുവരെ വാടകയ്ക്ക് കൊടുത്തിട്ടില്ല. ഈയിനത്തിൽ 6-7-2007 വരെയുള്ള നഷ്ടം ₹ 6,00,000-ൽ പരം രൂപ എന്ന് കണക്കാക്കുന്നു. കൂടാതെ മുനിസിപ്പൽ ഫണ്ടിൽ നിന്നും കറന്റ് ചാർജ്, വെള്ളക്കരം, സെക്യൂരിറ്റി ഇനങ്ങളിൽ ഗണ്യമായ തുക ചെലവഴിക്കേണ്ടതായും വരുന്നു. റസ്റ്റ് ഹൗസ്

ഉപയോഗിക്കപ്പെടാത്ത സാഹചര്യത്തിൽ ഫർണിഷിംഗുകൾ, ഫർണിച്ചറുകൾ, മറ്റ് ഉപകരണങ്ങൾ മുതലായവ നശിച്ചുപോകാനുള്ള സാധ്യത വർദ്ധിക്കുകയും കെട്ടിടത്തിന്റെ മെയിന്റനൻസ് ചെലവ് വർദ്ധിക്കുകയും ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.13.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

83. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പൂവക്കാട്ടുചിറ പാർക്ക് വികസനവും റിക്രിയേഷൻ സെന്റർ നിർമ്മാണവും പദ്ധതി വഴി നഗരസഭയ്ക്ക് ₹6,36,792/- നഷ്ടമുണ്ടായിയെന്നാണ് ഓഡിറ്റ് പരാമർശമെന്നും സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങാതെ പദ്ധതി നടത്തിപ്പിന് ഓഫറുകൾ ക്ഷണിച്ചിരുന്നെന്നും പക്ഷേ പദ്ധതി നടപ്പാക്കാൻ സാധിച്ചില്ലെന്നും ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറി മറുപടി നൽകി.

84. പദ്ധതി ടെണ്ടർ ചെയ്തെങ്കിലും എഗ്രിമെന്റിലെ ആർബിട്രേഷൻ ക്ലോസ് ഒഴിവാക്കിക്കൊണ്ട് കരാറിലേർപ്പെടുന്നതിന് ഏജൻസി തയ്യാറായില്ലെന്നും പ്രവൃത്തി ചെയ്തുവെങ്കിലും അത് ഫലവത്തായില്ലെന്നും ബി.ഒ.ടി. അടിസ്ഥാനത്തിൽ ചെലവായ തുകയാണ് നഷ്ടം വന്നിരിക്കുന്നതെന്നും നൽകിയ തുകയ്ക്കുള്ള പ്രവൃത്തി ചെയ്തിട്ടുള്ളതു കൊണ്ട് പ്രസ്തുത തുക തിരിച്ചു പിടിക്കാൻ സാധിക്കില്ലെന്നും നഗരകാര്യ ജോയിന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു.

85. നിലവിൽ മുനിസിപ്പൽ റെസ്റ്റ് ഹൗസ് അപകടകരമായ അവസ്ഥയിലായതിനാൽ പൊളിച്ചു മാറ്റുന്നത് സംബന്ധിച്ച് കൗൺസിൽ യോഗത്തിൽ തീരുമാനമെടുക്കുമെന്നും പ്രസ്തുത വിഷയം അജണ്ടയിലുൾപ്പെടുത്തിയിട്ടുണ്ടെന്നും ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറി അറിയിച്ചു.

86. പ്രവൃത്തി ചെയ്തുവെങ്കിലും പദ്ധതി ഫലവത്താകാത്തതിനാൽ പദ്ധതിയിൽ നിന്ന് ലഭിക്കേണ്ട വരുമാനം നഗരസഭയ്ക്ക് നഷ്ടപ്പെട്ടുവെന്നും വ്യക്തമായ കാഴ്ചപ്പാടില്ലാതെ ചെയ്തതിന്റെ ഫലമായാണ് അങ്ങനെ സംഭവിച്ചതെന്നും നിരീക്ഷിച്ച സമിതി, കൗൺസിൽ യോഗത്തിൽ പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റാൻ തീരുമാനമെടുത്ത വിവരം സമിതിയ്ക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ഈ വിഷയത്തിന്മേൽ തീരുമാനമെടുക്കാമെന്ന് നിർദ്ദേശിച്ചു.

87. ക്രമാനുസൃതമല്ലാതെ ചെയ്യുന്നതുകൊണ്ടാണ് ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ടാകുന്നതെന്നും കൗൺസിലർമാരെ കൃത്യമായി കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാനുള്ള ബാധ്യത ബന്ധപ്പെട്ട നഗരസഭാ ഉദ്യോഗസ്ഥർക്കുണ്ടെന്നും അത് ചെയ്യാത്തത് കാരണം സർക്കാരിനാണ് നഷ്ടമുണ്ടാകുന്നതെന്നും അഭിപ്രായപ്പെട്ട സമിതി, ഭാവിയിൽ ഇക്കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**88. മുനിസിപ്പൽ റെസ്റ്റ് ഹൗസ് കെട്ടിടം അപകടകരമായ അവസ്ഥയിലായതിനാൽ അത് പൊളിച്ച് മാറ്റുന്നതുസംബന്ധിച്ച് നഗരസഭാ കൗൺസിൽ യോഗത്തിൽ തീരുമാനമെടുക്കുന്നതാണെന്ന ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

**89. വ്യക്തമായ കാഴ്ചപ്പാടും ആസൂത്രണവുമില്ലാതെ പദ്ധതികൾ നടപ്പാക്കുന്നതുമൂലമാണ് ഇങ്ങനെയുള്ള നഷ്ടങ്ങളുണ്ടാകുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ഭാവിയിൽ ഇക്കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വൈദ്യുതി ഉപകരണങ്ങളുടെ വാങ്ങലും വിതരണവും അപാകതകൾ**

(ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2002-03,ഖണ്ഡിക 2-11)

ചങ്ങനാശ്ശേരി നഗരസഭയിൽ തെരുവ് വിളക്കുകൾ കത്തിക്കുന്നതിനു വേണ്ടി വൈദ്യുതി ഉപകരണങ്ങൾ വാങ്ങുന്നതിലും വിതരണം നടത്തുന്നതിലും ക്രമക്കേടുകൾ ഉള്ളതായി കാണുന്നു. 2002-03 വർഷം ഇലക്ട്രിക് സാധനങ്ങൾ വാങ്ങുന്നതിനായി മൂന്ന് തവണകളായി ₹ 4,11,105/- ചെലവഴിച്ചു. ഓരോ പ്രാവശ്യത്തെയും തുക ₹20,000/-യിൽ കൂടുതലായിരുന്നുവെങ്കിലും സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കാതെയാണ് വാങ്ങൽ നടത്തിയത്. വാങ്ങിയ സാധനങ്ങൾ വൈദ്യുതി ബോർഡിന് കൈമാറി പ്രവൃത്തികൾ ചെയ്യിക്കുന്നതിനു പകരം സാധനങ്ങൾ നഗരസഭാ കൗൺസിലർമാർക്കാണ് വിതരണം ചെയ്തത്. ടി പ്രവൃത്തി 23-3-1997-ലെ ജി.ഒ.(എം.എസ്.)13/97 പവർ. ഉത്തരവിന് വിരുദ്ധമാണ്. കൗൺസിലർമാർ കൈപ്പറ്റിയ സാധനങ്ങൾ ഉപയോഗിച്ചതു സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. സാധനങ്ങൾ വിതരണം ചെയ്യുന്നതിനുവേണ്ടി വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സാധനങ്ങൾ കൈപ്പറ്റിയ പലരും കൈയൊപ്പ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വിതരണത്തിന്റെ കൃത്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.13.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

90. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**91. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പാലക്കാട് ജില്ല**

**പൊതുപരാമർശങ്ങൾ**

**ജനകീയാസൂത്രണം - പദ്ധതി നടത്തിപ്പുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

2006-2007 വർഷത്തിൽ പുറപ്പെടുവിച്ച 2 നഗരസഭകളുടെ റിപ്പോർട്ടുകൾ പ്രകാരം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ലക്ഷക്കണക്കിനു രൂപയുടെ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ലെന്ന് സൂചിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡക നമ്പർ | രേഖകളുടെ എണ്ണം | ഉൾപ്പെട്ട തുക (₹) |
|---|---|---|---|---|---|
| 1 | ചിറ്റൂർ - തത്തമംഗലം നഗരസഭ | 1999-00 | 3-9 | 68 | 24,57,987 |
| 2 | ചിറ്റൂർ - തത്തമംഗലം നഗരസഭ | 2000-01 | 3-6 | 25 | 18,91,321 |
| 3 | ചിറ്റൂർ - തത്തമംഗലം നഗരസഭ | 2000-01 | 3-14 | 43 | 23,14,283 |
| 4 | ഒറ്റപ്പാലം നഗരസഭ | 1999-00 | 3-6 | 13 | 4,52,491 |
| 5 | ഒറ്റപ്പാലം നഗരസഭ | 2000-01 | 3-5 | 6 | 1,86,073 |
| | **ആകെ** | | | | **73,02,155** |

കേരള മുനിസിപ്പാലിറ്റി (മാനർ ഓഫ് ഇൻസ്പെക്ഷൻ ആന്റ് ഓഡിറ്റ് സിസ്റ്റം) റൂൾസ് 1997 ചട്ടം 12(2) പ്രകാരം ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.18.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

92. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**93. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പാലക്കാട് നഗരസഭ**

**ഓഡിറ്റിന് വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല**

(2002-03, ചെലവ് ഓഡിറ്റ് റിപ്പോർട്ട്)

പാലക്കാട് നഗരസഭയുടെ 2002-03 വർഷത്തെ ചെലവുകളുടെ ഓഡിറ്റ് റിപ്പോർട്ട് പരിശോധിക്കുമ്പോൾ മിക്കവാറും ഖണ്ഡികകളിലേയും പരാമർശങ്ങൾ വെളിപ്പെടുത്തുന്നത് ധനവിനിയോഗ ഇടപാടുകൾ സംബന്ധിച്ച് അവശ്യംവേണ്ട വിവിധ രേഖകളും കണക്കുകളും പരിശോധനയ്ക്ക് ലഭിക്കുന്നില്ല എന്നതാണ്. നിയമത്തിൽ വ്യക്തമാക്കപ്പെട്ട വിധമുള്ള നടപടികൾ പാലിച്ച് തയ്യാറാക്കപ്പെട്ട ഒരു കണക്കോ വാർഷിക സ്റ്റേറ്റ്മെന്റോ ഇല്ലാതെയാണ് നഗരസഭയുടെ 2002-03 വർഷത്തെ ചെലവ് ഓഡിറ്റ് നടത്തപ്പെട്ടിരിക്കുന്നത്. ഓഡിറ്റിൽ രേഖകളും വൗച്ചറുകളും ഹാജരാക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു തുടർ നടപടിയും ഉണ്ടായിട്ടില്ല. 2002-2003 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഖണ്ഡിക | വിവരണം | തുക (₹) |
|---|---|---|---|
| 1 | 2(16) | വിവിധ മരാമത്ത് പ്രവൃത്തികൾക്കായി വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച തുക | 21,53,787 |
| 2 | 2(18) | നഗരസഭയിലെ വാഹനങ്ങളിൽ ഇന്ധനം നിറച്ചത് | 1,37,368 |
| 3 | 2(31) | 2002-03 സാമ്പത്തിക വർഷത്തെ വിവിധ മരാമത്ത് പ്രവൃത്തികൾ | 93,20,022 |
| 4 | 2(46) | പദ്ധതിഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികൾ | 30,88,529 |
| 5 | 2(29) | ടാർ വാങ്ങുന്നതിനായി വിനിയോഗിച്ച തുകയുടെ വിവരം (തനത് ഫണ്ട്) | 30,84,185 |
| 6 | 2(43) | ടാർ വാങ്ങുന്നതിനായി വിനിയോഗിച്ച തുക (പദ്ധതി ഫണ്ട്) | 77,15,444 |

| | | | |
|---|---|---|---|
| 7 | 2(42) | വിവിധ മരാമത്തു പ്രവൃത്തികൾക്കായി അടച്ച നികുതി | 5,24,680 |
| 8 | 2(44) | ചടനംകുറിശ്ശി റോഡ് വൈദ്യുതീകരണം | 31,380 |
| 9 | 2(28-A) | വിവിധ പ്രവൃത്തികൾക്കായി കൺവീനർമാർക്കു നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് | 3,63,738 |
| 10 | 2(41) | കൺവീനർമാർക്കു നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 2,41,897 |
| 11 | 2(39) | വീടുകളുടെ വൈദ്യുതീകരണ പദ്ധതി | 1,04,000 |
| 12 | 2(40) | പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക | 14,41,000 |
| 13 | 2(47) | പാടശേഖര സമിതികൾക്ക് ട്രാക്ടർ വിതരണം<br>പവർ സ്പ്രേയറുകളുടെ വിനിയോഗവിവരം | 5,70,000<br>34,860 |
| 14 | 2(49) | ബിഗ്ബസാർ-ഹൈസ്കൂൾ - വിവിധ പ്രോജക്ടുകളുടെ വിനിയോഗ വിവരം | 1,05,850 |
| 15 | 2(53) | വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുവാനായി പട്ടികജാതി വികസന ഓഫീസർക്കു നൽകിയ തുക | 85,88,400 |
| 16 | 2(62) | ഓഡിറ്റ് വർഷത്തിൽ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | 4,40,48,256 |
| 17 | 2(63) | ഓഡിറ്റ് വർഷത്തിൽ പദ്ധതി ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | 94,72,795 |
| | | **ആകെ** | **9,10,26,191** |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.19.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

94. പാലക്കാട് നഗരസഭയിൽ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് 9,10,26,191 രൂപയുടെ രേഖകൾ ലഭിക്കാനുള്ളതിൽ ഇതുവരെ ₹ 1,57,47,188/-യുടെ രേഖകൾ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും ₹ 7,52,79,003/-യുടെ രേഖകൾ കൈവശമില്ല എന്നതും സംബന്ധിച്ച്

എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് വിവിധ മരാമത്ത് പ്രവൃത്തികൾക്കായി വൈദ്യുതി ബോർഡിൽ ₹21,53,787/-നിക്ഷേപിച്ചിരുന്നുവെന്നും കെ.എസ്.ഇ.ബി.യുടെ പ്രവൃത്തി പൂർത്തീകരിച്ചുവെന്ന മറുപടിയാണ് നൽകിയിട്ടുള്ളതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

95. വിവിധ പ്രവൃത്തികൾ നടത്തിയതുമായി ബന്ധപ്പെട്ട് ₹7,52,79,003/- ചെലവഴിച്ചതിന്റെ രേഖകളാണ് കണ്ടെത്താനുള്ളതെന്നും ആയതിനുള്ള വിശദീകരണം ലഭ്യമാക്കിയ ശേഷം ഓഡിറ്റ് തടസ്സം സംബന്ധിച്ച് തീരുമാനം എടുക്കാമെന്ന് സമിതി തീരുമാനിച്ചു.

**ക്രമ നമ്പർ 7: ഖണ്ഡിക നം.2(42)-വിവിധ മരാമത്ത് പ്രവൃത്തികൾക്കായി അടച്ച നികുതി 5,24,680 രൂപ**

96. ആദായ നികുതി വകുപ്പിൽ അടയ്ക്കേണ്ട ₹3038/-അടയ്ക്കുന്നതിന് പകരം ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന നിരുത്തരവാദപരമായ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ടി തുക അടച്ച് സമിതിക്ക് റിപ്പോർട്ട് ചെയ്തിരുന്നെങ്കിൽ പരാമർശം ഒഴിവാക്കാമായിരുന്നുവെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

97. പ്രസ്തുത തുകയുമായി ബന്ധപ്പെട്ട ഫയൽ നഗരസഭയിൽ കണ്ടെത്താൻ സാധിക്കാത്തതിനാൽ ഏത് ഹെഡ്ഡിലാണ് അടയ്ക്കേണ്ടതെന്നറിയില്ലെന്ന് പാലക്കാട് നഗരസഭ സെക്രട്ടറി അറിയിച്ചപ്പോൾ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള റിപ്പോർട്ട് നഗരസഭയിൽ നിന്ന് ലഭ്യമാക്കി അടിയന്തരമായി സമിതിയെ അറിയിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് സമിതി നിർദ്ദേശം നൽകി.

**ക്രമ നമ്പർ 12: ഖണ്ഡിക 2(40)-പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക 14,41,000 രൂപ**

98. പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ബാക്കി തുകയുടെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തിരിച്ചു നൽകാമെന്നാണ് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുള്ളതെന്നും വാട്ടർ അതോറിറ്റിയുടേത് ഡെപ്പോസിറ്റ് വർക്കായതിനാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രശ്നമില്ലെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

99. ഇത് 2002-ൽ നടന്ന പ്രവൃത്തിയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വാട്ടർ അതോറിറ്റിയുടെയും കൈവശം ഇതുസംബന്ധിച്ച രേഖകളില്ലെന്നും നഗരകാര്യവകുപ്പ് ജോയിന്റ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

100. കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുടെ ഡെപ്പോസിറ്റ് വർക്കുകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയാണെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടതിന് വൗച്ചറുകൾ ഹാജരാക്കാൻ സാധിച്ചില്ലെങ്കിലും ടി തുക ഏത് പ്രവൃത്തിക്ക് വേണ്ടിയാണ് ചെലവഴിച്ചത് എന്നതു സംബന്ധിച്ച രേഖ ഹാജരാക്കിയാലും മതിയെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

101.വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട പതിമൂന്ന് ഫയലുകൾ ലഭ്യമാകുകയും അത് ഓഡിറ്റിന് നൽകുകയും ചെയ്തിട്ടുണ്ടെന്ന പാലക്കാട് നഗരസഭ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**ക്രമ നമ്പർ 13: ഖണ്ഡിക നം.2(47)-പാടശേഖര സമിതികൾക്ക് ട്രാക്ടർ വിതരണം- 5,70,000 രൂപ പവർ സ്പ്രേയറുകളുടെ വിനിയോഗ വിവരം- 34,860 രൂപ**

102. പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**ക്രമ നമ്പർ 14: ഖണ്ഡികനം.2(49)-ബിഗ്ബസാർ-ഹൈസ്കൂൾ-വിവിധ പ്രോജക്ടുകളുടെ വിനിയോഗ വിവരം 1,05,850 രൂപ**

103. പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**ക്രമ നമ്പർ15: ഖണ്ഡിക നം. 2(53) - വിവിധ പ്രോജക്ടുകൾ നടപ്പിലാക്കാനായി പട്ടികജാതി വികസന ഓഫീസർക്ക് നൽകിയ തുക 85,88,400 രൂപ**

104. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി, ലൈഫ് ഭവന പദ്ധതി, പി.എം.എ.വൈ പദ്ധതികളിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും ഇതിൽ മരണപ്പെട്ടുപോയവരും ബാക്കി തുക വാങ്ങിക്കാത്ത ഗുണഭോക്താക്കളുമുണ്ടെന്നും പാലക്കാട് നഗരസഭ സെക്രട്ടറി മറുപടി നൽകി.

105. പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ച തുകയുടെ കണക്ക് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്നും ഗുണഭോക്തൃലിസ്റ്റും ക്യാഷ് ബുക്കും സൂക്ഷിച്ചിട്ടില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടിയപ്പോൾ റിപ്പോർട്ടുകൾ 30-11-2021-ൽ ജില്ലാ ഓഡിറ്റ് ഓഫീസിൽ കൊടുത്തിട്ടുണ്ടെന്ന് പാലക്കാട് നഗരസഭ സെക്രട്ടറി അറിയിച്ചു.

106. റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിച്ചതിനു ശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**ക്രമ നമ്പർ 16: 2(62)-ഓഡിറ്റ് വർഷത്തിൽ തനതുഫണ്ടിൽ നിന്നും ചെലവഴിച്ച തുക-4,40,48,256 രൂപ**

107. പരാമർശിത കാലയളവിൽ നഗരസഭയിലെ അക്കൗണ്ടന്റായിരുന്ന ചന്ദ്രൻ എന്ന വ്യക്തി തുടർന്നുവന്ന അക്കൗണ്ടന്റിനെ വൗച്ചറുകൾ ഏൽപ്പിക്കാതെ നഗരസഭയിൽ നിന്നും വിട്ടുതൽ ചെയ്തുവെന്നും ₹3,36,82,383/-യുടെ വൗച്ചറുകൾ ലഭ്യമാക്കിയിരുന്നില്ലെന്നും വൗച്ചർ ലഭിക്കുന്നതിനുവേണ്ടി ശ്രമിച്ചെങ്കിലും ടിയാൻ മരണപ്പെട്ടതായാണ് അറിയാൻ കഴിഞ്ഞതെന്നും ₹1,03,65,873/-യുടെ ചെലവ് ഓഡിറ്റ് അംഗീകരിച്ചതായി കണ്ടെത്തിയെന്നും ഇരുപത് വർഷം പഴക്കമുള്ളതിനാൽ ബാക്കി വൗച്ചറുകൾ നശിച്ചുപോയിട്ടുണ്ടെന്നും ഇപ്പോൾ എല്ലാ രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും പാലക്കാട് നഗരസഭ സെക്രട്ടറി മറുപടി നൽകി.

108. വൗച്ചറുകൾ ഇല്ലെങ്കിലും എന്ത് ആവശ്യത്തിനു വേണ്ടിയാണ് ഇത്രയും കോടി രൂപ ചെലവഴിച്ചതെന്ന് ബന്ധപ്പെട്ട വകുപ്പിന് പറയാൻ സാധിക്കുമോയെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ചോദ്യത്തിന് അതുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമല്ലെന്ന് പാലക്കാട് നഗരസഭ സെക്രട്ടറി മറുപടി നൽകി.

109. നാല് കോടി രൂപയുടെ പ്രവൃത്തി നടന്നിട്ട് അതിന് യാതൊരു രേഖയുമില്ലെന്ന് പറയുന്നത് പരിതാപകരമാണെന്ന് വിലയിരുത്തിയ സമിതി സ്ഥലം മാറി പോകുന്ന ഉദ്യോഗസ്ഥൻ ജോലി ബാക്കിയാക്കിയാണോ പോകുന്നതെന്നും തുടർന്നു വരുന്ന ഉദ്യോഗസ്ഥൻ പ്രസ്തുത ജോലി പൂർത്തിയാക്കുന്നുണ്ടോ എന്നൊക്കെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനമില്ലാതെ യാതൊരു ഉത്തരവാദിത്വവുമില്ലാതെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് അഭിപ്രായപ്പെടുകയും ഇതു സംബന്ധിച്ച നിലവിലെ സ്ഥിതി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. സർക്കാർ സാധൂകരണം നൽകുകയാണെങ്കിൽ പ്രസ്തുത പരാമർശം ഒഴിവാക്കാമെന്നും സമിതി തീരുമാനിച്ചു.

110. പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള റിപ്പോർട്ട് ലഭിക്കേണ്ടതുണ്ടെന്ന് നഗരകാര്യ ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട മറ്റ് ഓഡിറ്റ് ഖണ്ഡികകളിൽമേലുള്ള പരാമർശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ചതിനു ശേഷം തൃപ്തികരമാണെങ്കിൽ പരാമർശങ്ങൾ ഒഴിവാക്കാമെന്നും സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**111. ക്രമ നം. 7-ലെ പരാമർശത്തിന്മേൽ നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആദായ നികുതി ഇനത്തിൽ അടക്കാനുള്ള തുക അടച്ച് റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**112. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ക്രമ നം. 12, 13, 14 എന്നിവയിലെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**113. ക്രമ നം. 15 ലെ പരാമർശം സംബന്ധിച്ച് വിവിധ പ്രോജക്ടുകൾ നടപ്പിലാക്കാനായി പട്ടികജാതി വികസന ഓഫീസർക്ക് നൽകിയ തുകയുടെ കണക്കും ഗുണഭോക്തൃ ലിസ്റ്റ്, ക്യാഷ് ബുക്ക് തുടങ്ങിയ രേഖകളും ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**114. ക്രമ നം. 16 ൽ പരാമർശിച്ച 4 കോടി രൂപയുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകി സാധൂകരണം തേടുന്നതിന് നഗരസഭയോട് സമിതി നിർദ്ദേശിക്കുന്നു. സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു.**

**115. പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട ശേഷിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകാനും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ചതിനുശേഷം തൃപ്തികരമാണെങ്കിൽ പരാമർശങ്ങൾ ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കണ്ണൂർ നഗരസഭ**

**സ്വന്തമായി ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണം (എസ്.സി.പി.) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി.**

(ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 21)

പ്രോജക്ട് നം. എസ്.157/04 പ്രകാരം കണ്ണൂർ നഗരസഭാ സെക്രട്ടറി നിർവ്വഹണം നടത്തിയ സ്വന്തമായി ഭൂമിയുള്ള 20 പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം എന്ന പ്രോജക്ട് അനുസരിച്ച് 2003-04 സാമ്പത്തിക വർഷം 7 പേർക്ക് 3 ഗഡുക്കളായി 29750 രൂപ വീതം നൽകിയിട്ടുണ്ട്. അതിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത രണ്ട് ഗുണഭോക്താക്കൾക്ക് നൽകിയ ₹59500/-നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി തിരിച്ചടയ്ക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.26.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

116. കണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട സർചാർജ്ജ് സംബന്ധിച്ച വിഷയത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിനു അന്ന് സെക്രട്ടറിയായിരുന്ന ശ്രീ. രാജേന്ദ്രൻ നായർ വിരമിക്കുകയും അദ്ദേഹം സർചാർജ്ജ് നോട്ടീസിനെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അദ്ദേഹത്തിനനുകൂലമായി വിധിയുണ്ടാകുകയും ചെയ്തുവെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

117. ശ്രീ രാജേന്ദ്രൻ നായർക്ക് അനുകൂലമായി ലഭിച്ച കോടതി വിധിയിൽ നഗരസഭ അനുകൂലമായ നിലപാട് സ്വീകരിക്കുകയാണെങ്കിൽ പ്രസ്തുത വിവരം സമിതിയെ അറിയിച്ചാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**118. കണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട സർചാർജ് സംബന്ധിച്ച വിഷയത്തിൽ ശ്രീ. രാജേന്ദ്രൻ നായർക്ക് അനുകൂലമായി ലഭിച്ച കോടതിവിധിയിൽ നഗരസഭ അനുകൂലമായ നിലപാട് സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തലശ്ശേരി നഗരസഭ**

**മുൻകൂറുകൾ യഥാസമയം വസൂലാക്കാത്തത് - ഗുരുതരമായ വീഴ്ച**

(ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് 1996-97, ഖണ്ഡിക 1(6))

(2003-04-ലെ ചെലവ് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2(3))

(2004-05-ലെ ചെലവ് റിപ്പോർട്ട് ഖണ്ഡിക 1(3))

തലശ്ശേരി നഗരസഭയിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി വ്യക്തികളും ഏജൻസികളും കൈപ്പറ്റുന്ന മുൻകൂർ തുകകൾ യഥാസമയം വസൂലാക്കുന്ന പതിവില്ല. ഈ ഇനത്തിൽ ഈടാക്കിയ തുകകൾ യഥാവിധി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്ന പതിവുമില്ല. ഇതുമൂലം 31-3-2005 വരെ 2515062.15 രൂപ പിരിഞ്ഞു കിട്ടാനുണ്ട്. 1950-51 കാലം മുതലുള്ളതാണീ കുടിശ്ശിക എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. മുൻകൂറുകൾ യഥാസമയം വസൂലാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുവരുത്താത്തത് ഗുരുതരമായ വീഴ്ചയാണ്. ഇതുമൂലം വികസനാവശ്യത്തിന് ഉപകരിക്കേണ്ടുന്ന 25 ലക്ഷത്തിൽപ്പരം രൂപ പാഴായിക്കിടക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.27.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

119. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**120. സർക്കാർ മറുപടിയുടേയും ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പി.ഡി. അക്കൗണ്ടിലെ ഘടകങ്ങൾ തിട്ടപ്പെടുത്താതെ മുഴുവൻ തുകയും മരവിപ്പിച്ചത് - കുറ്റകരമായ അനാസ്ഥ**

(ഓഡിറ്റ് റിപ്പോർട്ട് 2003-04: ഖണ്ഡിക 2(13))

9-7-2003-ലെ സർക്കാർ ഉത്തരവ് (പി) നം.381/03/ഫിൻ. അനുസരിച്ച് ജനറൽ പി.ഡി., പ്ലാൻ പി.ഡി. അക്കൗണ്ടുകൾ മരവിപ്പിക്കുകയും ടി അക്കൗണ്ടുകളിലെ പദ്ധതി ഫണ്ടൊഴികെയുള്ള ഘടകങ്ങളുടെ (ഉദാഃഗുണഭോക്തൃ വിഹിതം, നികുതിയിനങ്ങൾ, പദ്ധതി ഇതര ചെലവുകൾക്കുള്ള വിഹിതം എന്നിവ) നിജസ്ഥിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സാക്ഷ്യപത്രത്തോടൊപ്പം സമർപ്പിക്കുന്ന പക്ഷം തനതു ഫണ്ടിലേക്ക് മാറ്റിക്കൊടുക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ തലശ്ശേരി നഗരസഭ ഇതു സംബന്ധിച്ച് കണക്കു തയ്യാറാക്കുകയോ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്യാതെ മേൽക്കാണിച്ച പ്രകാരം പി.ഡി. അക്കൗണ്ടുകളിലുണ്ടായിരുന്ന തുകയത്രയും (₹17542216/-) സർക്കാരിലേക്ക് നൽകുകയാണ് ചെയ്തത്. നഗരസഭാധികൃതരുടെ ഈ നടപടിമൂലം നഗരസഭയ്ക്കുണ്ടായ നഷ്ടം വിശദമായ അന്വേഷണത്തിൽ മാത്രമേ വ്യക്തമാകൂ. സമകാലിക ഓഡിറ്റ് സംവിധാനം നിലവിലുണ്ടായിരുന്നിട്ടുപോലും അതുപയോഗപ്പെടുത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ സാധിച്ചില്ല എന്നത് കുറ്റകരമായ അനാസ്ഥയാണ്. ഭരണവകുപ്പിന്റെയും സർക്കാരിന്റെയും പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.27.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

121. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പ്ലാൻ ഫണ്ടിലെയും തനതുഫണ്ടിലെയും തുക ഒരുമിച്ചാണ് കാണിച്ചിരിക്കുന്നതെന്നും തനതുഫണ്ടിലേയ്ക്ക് മാറ്റേണ്ട തുക ഉൾപ്പെടെ ഗവൺമെന്റിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും തലശ്ശേരി മുൻസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. കൂടാതെ ഇക്കാര്യത്തിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം വന്നിട്ടില്ലാത്തതിനാൽ ടി പരാമർശം ഒഴിവാക്കി നല്കണമെന്നും തലശ്ശേരി മുൻസിപ്പാലിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചു.

122. സർക്കാരിൽ നിന്ന് സാധൂകരണം ലഭിച്ചതിനുശേഷം പ്രസ്തുത പരാമർശം ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**123. സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കന്നുകുട്ടി പരിപാലന പദ്ധതി-ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി.**

(ഓഡിറ്റ് റിപ്പോർട്ട് 2004-05 ഖണ്ഡിക 2(12)(2))

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 100 ക്ഷീര കർഷകർ ഗുണഭോക്താക്കളായിട്ടുള്ള ഈ പദ്ധതിക്ക് 25% പദ്ധതി വിഹിതവും 25% സംസ്ഥാനാവിഷ്കൃത വിഹിതവും 50% ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ ₹1300000 /-യാണ് അടങ്കൽ. നഗരസഭ അംഗീകരിച്ചത് 42 പേരുടെ ഗുണഭോക്തൃ പട്ടികയാണ്. എന്നാൽ ലിസ്റ്റിൽ ഉൾപ്പെടാത്ത 58 പേർക്കുകൂടി ഈ പദ്ധതിയനുസരിച്ച് ₹3250/-നിരക്കിൽ₹ 1,88,500/-ധനസഹായം നൽകിയത് ക്രമവിരുദ്ധമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.27.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

124. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**125. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തളിപ്പറമ്പ് നഗരസഭ**

**വളം നിർമ്മാണശാല ഉദ്ദേശ ലക്ഷ്യം പൂർത്തിയാക്കിയിട്ടില്ല**

(ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2002-03 ഖണ്ഡിക-2-21)

തളിപ്പറമ്പ് നഗരസഭയുടെ 1998-99 വർഷത്തെ പദ്ധതിയായ ട്രെഞ്ചിംഗ് ഗ്രൗണ്ടിൽ വളം നിർമ്മാണ ശാലയ്ക്ക് കെട്ടിടം നിർമ്മിക്കുക എന്ന പ്രവൃത്തിക്ക് ₹316980/-(40% അധികം) സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി 31-3-1999 മുതൽ 25-3-3 വരെയുള്ള കാലയളവിൽ ₹391167/-ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2000-01 സാമ്പത്തിക വർഷത്തിൽ പണി പൂർത്തിയായ കെട്ടിടത്തിൽ വളം നിർമ്മാണം നടത്തുക എന്ന ലക്ഷ്യം ഇതുവരെ നേടാൻ സാധിച്ചിട്ടില്ല. പദ്ധതി വിഭാവനം ചെയ്തതിലെ അപാകതയും ദീർഘവീക്ഷണമില്ലായ്മയും കാരണമാണ് പദ്ധതി പണം പാഴായത്. ഇതു കൂടാതെ വിവിധ വർഷങ്ങളിലായി ഇതേ പദ്ധതിക്ക് വൻ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. 3/99 മുതൽ 31-3-3 വരെ ചെലവഴിച്ച ₹391167 /-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.28.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

126. വളം നിർമ്മാണം ഇപ്പോഴുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് നിലവിൽ വളം നിർമ്മാണം നടക്കുന്നുണ്ടെന്നും തുടക്കത്തിൽ ജൈവ മാലിന്യം ശേഖരിച്ച് വളം നിർമ്മിക്കുന്നതിൽ തടസ്സം നേരിട്ടിരുന്നെന്നും ഓഡിറ്റ് നടക്കുന്ന സമയത്ത് നിർമ്മാണം മന്ദഗതിയിലായിരുന്നുവെന്നും തളിപ്പറമ്പ് മുൻസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

127. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**128.ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൃശ്ശൂർ നഗര വികസന അതോറിറ്റി**

**കോവിലകത്ത് പാടം പുനരുദ്ധാരണ പദ്ധതി പ്രകാരം ലഭിച്ച ഭൂമി ജില്ലാ സഹകരണ ബാങ്കിന് വില കുറച്ച് വിൽപ്പന നടത്തി.**

(ഓഡിറ്റ് റിപ്പോർട്ട് -2004-05 ഖണ്ഡിക 2-10)

തൃശ്ശൂർ നഗര വികസന അതോറിറ്റിയ്ക്ക് കോവിലകത്ത് പാടം പുനരുദ്ധാരണ പ്രോജക്ട് പ്രകാരം ലഭിച്ച ഭൂമിയിൽ 85 സെന്റ് സ്ഥലം 2004-2005 വർഷത്തിൽ ജില്ലാ സഹകരണ ബാങ്കിന് സെന്റൊന്നിന് 2 ലക്ഷം രൂപ പ്രകാരം വിൽപന നടത്തി.

ഈ പ്രോജക്ട് പ്രകാരം ലഭിച്ച സമീപ പ്രദേശത്തെ ഭൂമി 2002-03, 2003-04 വർഷങ്ങളിലായി 74 സെന്റ് ഭൂമി (ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ 34 സെന്റ്, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ 40 സെന്റ് ) സെന്റൊന്നിന് ₹2,10,000 പ്രകാരമാണ് വിൽപ്പന നടത്തിയിരുന്നത്. പ്രധാന റോഡിനോട് ചേർന്ന നിൽക്കുന്ന ഭൂമിയായതിനാലും മുൻവർഷത്തേക്കാളും ഭൂമിയ്ക്ക് വില വർദ്ധിച്ചതിനാലും ജില്ലാ സഹകരണ ബാങ്കിന് വിറ്റ ഭൂമിയ്ക്ക് 2 ലക്ഷത്തിലധികം രൂപ ലഭിക്കുമായിരുന്നതാണ്. എന്നാൽ ടെൻഡർ വ്യവസ്ഥകൾ പാലിക്കാതെ നടത്തിയ ഭൂമി ഇടപാടിൽ നഗരസഭ വികസന അതോറിറ്റിയുടെ സാമ്പത്തിക താൽപര്യം സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 6.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

129. പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**130. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2023 മാർച്ച് 16.

## അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 15, 16 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | യു.ജി.സി. നോംസിന് അനുസൃതമായി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്താൽ മാത്രമേ ഓഡിറ്റ് പരാമർശവിധേയമായ വിഷയത്തിൽ പരിഹാരം കാണാൻ കഴിയുകയുള്ളൂ എന്ന് സമിതി നിരീക്ഷിക്കുന്നു. സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക്, ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.<br>നിലവിൽ വിരമിച്ച അധ്യാപകരുടെ ലാസ്റ്റ് പേ ഫിക്സ് ചെയ്യാത്തതിനാൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വിരമിച്ച അധ്യാപകർക്ക് പെൻഷൻ നൽകുന്നതിന് ധനകാര്യ വകുപ്പിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ സർവ്വകലാശാലയോട് സമിതി നിർദ്ദേശിക്കുന്നു. |
| 2 | 20 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | യു.ജി.സി. റഗുലേഷൻ അനുസരിച്ച് പരീക്ഷാ ജോലികൾ അധ്യാപകരുടെ ജോലിയുടെ ഭാഗമാണ് എന്ന് സമിതി വിലയിരുത്തുന്നു. സർവകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്ന വിഷയം പരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 3 | 25 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | കുട്ടനാട് കാമ്പസ്സിൽ മതിയായ യാത്രാസൗകര്യങ്ങളോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോലഭ്യമല്ലാത്തതിനാലാണ് ജീവനക്കാർക്ക് ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്തയും കാമ്പസ് ബത്തയും നൽകാൻ 2000-ൽ സിൻഡിക്കേറ്റ് തീരുമാനമെടുത്തത് എന്നും നിലവിൽ അത്തരം ആനുകൂല്യങ്ങൾ നൽകുന്നില്ല എന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത സിൻഡിക്കേറ്റ് തീരുമാനത്തിന്മേൽ സർക്കാരിന്റെ സാധൂകരണം തേടുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. സർക്കാരിന്റെ സാധൂകരണം ലഭ്യമായശേഷം ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 4 | 27 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | ഓഡിറ്റ് പരാമർശിച്ച വിഷയത്തിൽ സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കണമെന്നും ആയത് ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 29 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 33 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | ഉയർന്ന നിരക്കിൽ വീട്ടുവാടകബത്ത നല്കിയതു സംബന്ധിച്ച് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 35 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 8 | 38 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 40 | തദ്ദേശസ്വയംഭരണ വകുപ്പ് | തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 43 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 47 | തദ്ദേശസ്വയംഭരണ വകുപ്പ് | കാലപ്പഴക്കം മൂലം ഫയലുകൾ കണ്ടെത്താൻ കഴിയില്ലെന്ന വകുപ്പിന്റെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഫയലുകളും ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് കൂടുതൽ ശ്രദ്ധയും ജാഗ്രതയും പുലർത്തണമെന്ന കർശന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 49 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ മറുപടിയുടെയും ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 51, 53 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 57 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സർക്കാരിന് വിശദമായ റിപ്പോർട്ട് നൽകി സാധൂകരണം നേടുന്നതിനും ആയത് ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 15 | 78, 79 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി ലഭ്യമാക്കണമെന്നും ഭരണസമിതികൾ യഥാസമയം മറുപടി നൽകുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണമെന്നും ആയതിന് വകുപ്പ് കർശന നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>മേൽ സൂചിപ്പിച്ച ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് ഗവൺമെന്റിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ആയത് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറയ്ക്ക് പരാമർശ ങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 81, 82 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള വിജിലൻസ് കേസുകൾ എത്രയും വേഗം തീർപ്പാക്കാൻ നടപടി സ്വീകരിക്കണ മെന്ന് സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കാലപ്പഴക്കം ചെന്ന കേസുകളുടെ സാധൂകരണത്തിനായി നഗരസഭകൾ സർക്കാരിനെ സമീപിക്കണമെന്നും സാധൂകരണം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 88, 89 | തദ്ദേശസ്വയംഭരണ വകുപ്പ് | മുൻസിപ്പൽ റെസ്റ്റ് ഹൗസ് കെട്ടിടം അപകടകരമായ അവസ്ഥയിലായതിനാൽ അത് പൊളിച്ചു മാറ്റുന്നതു സംബന്ധിച്ച് നഗരസഭാ കൗൺസിൽ യോഗത്തിൽ തീരുമാനമെടുക്കുന്നതാണെന്ന ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.<br>വ്യക്തമായ കാഴ്ചപ്പാടും ആസൂത്രണവുമില്ലാതെ പദ്ധതികൾ നടപ്പാക്കുന്നതുമൂലമാണ് ഇങ്ങനെയുള്ള നഷ്ടങ്ങളുണ്ടാകുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ഭാവിയിൽ ഇക്കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 18 | 91, 93 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 111, 112, 113, 114, 115 | തദ്ദേശസ്വയംഭരണ വകുപ്പ് | ക്രമ നം. 7-ലെ പരാമർശത്തിന്മേൽ നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആദായ നികുതി ഇനത്തിൽ അടക്കാനുള്ള തുക അടച്ച് റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിക്കുന്നു.<br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ക്രമ നം. 12, 13, 14 എന്നിവയിലെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>ക്രമ നം. 15-ലെ പരാമർശം സംബന്ധിച്ച് വിവിധ പ്രോജക്ടുകൾ നടപ്പിലാക്കാനായി പട്ടികജാതി വികസന ഓഫീസർക്ക് നൽകിയ തുകയുടെ കണക്കും ഗുണഭോക്തൃ ലിസ്റ്റ്, ക്യാഷ് ബുക്ക് തുടങ്ങിയ രേഖകളും ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>ക്രമ നം. 16-ൽ പരാമർശിച്ച 4 കോടി രൂപയുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകി സാധൂകരണം തേടുന്നതിന് നഗരസഭയോട് സമിതി നിർദ്ദേശിക്കുന്നു. സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു.<br>പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട ശേഷിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകാനും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ചതിനുശേഷം തൃപ്തികരമാണെങ്കിൽ പരാമർശങ്ങൾ ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 20 | 118 | തദ്ദേശസ്വയംഭരണ വകുപ്പ് | കണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട സർചാർജ് സംബന്ധിച്ച വിഷയത്തിൽ ശ്രീ. രാജേന്ദ്രൻ നായർക്ക് അനുകൂലമായി ലഭിച്ച കോടതിവിധിയിൽ നഗരസഭ അനുകൂലമായ നിലപാട് സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 120 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ മറുപടിയുടേയും ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 123 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 23 | 125 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 128 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 130 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 20 | 118 | തദ്ദേശസ്വയംഭരണ വകുപ്പ് | കണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട സർചാർജ് സംബന്ധിച്ച വിഷയത്തിൽ ശ്രീ. രാജേന്ദ്രൻ നായർക്ക് അനുകൂലമായി ലഭിച്ച കോടതിവിധിയിൽ നഗരസഭ അനുകൂലമായ നിലപാട് സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 120 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ മറുപടിയുടേയും ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 123 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 23 | 125 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 128 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 130 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II

### നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23), കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കാലിക്കറ്റ് സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളിന്മേൽ സ്വീകരിച്ച ന്യൂനതാപരിഹാര നടപടിപത്രിക

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 2018-19 | 6-VIII(a) | യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്, യു ജി.സി റെഗുലേഷൻ എന്നിവയ്ക്ക് വിരുദ്ധമായി അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നു | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാലിക്കറ്റ് സർവകലാശാലയുടെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-61 ൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്, യു.ജി.സി. റെഗുലേഷൻ എന്നിവക്ക് വിരുദ്ധമായി അദ്ധ്യാപകർക്ക് പ്രൊബേഷൻ കാലാവധി പൂർത്തീകരിക്കുന്നതിന് മുൻപ് സ്ഥാനക്കയറ്റം അനുവദിക്കുന്നത് വഴി യൂണിവേഴ്സിറ്റി ഫണ്ട് ദുർവിനിയോഗിക്കപ്പെടുന്നു എന്ന ഓഡിറ്റ് അപാകത ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം 27.10.2020 ന് നടന്ന സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുകയും, സിൻഡിക്കേറ്റ് ഇനം നമ്പർ. 2020.891* പ്രകാരം താഴെ പറയുന്ന തീരുമാനം എടുക്കുകയും ചെയ്തു.<br>"05.01.2019 ന് നടത്തിയ അദാലത്ത് പ്രകാരം അധ്യാപകരുടെ മുൻകാല സർവീസ് പരിഗണിച്ചുകൊണ്ട് സ്ഥാനക്കയറ്റം/ പുനർനിർണ്ണയം നൽകിയിരിക്കുന്നത് യു.ജി.സി. റെഗുലേഷൻ 2010.10.1(a) to (g), യു.ജി.സി. റെഗുലേഷൻ 1998.7.1 to 7.6 കാലാകാലങ്ങളിൽ വരുത്തിയ മറ്റ് ഭേദഗതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആയതിനാൽ അതേരീതിയിൽ തുടർന്നും സ്ഥാനക്കയറ്റം നൽകാൻ അനുമതി നൽകി. പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനു ശേഷം പൂർവ്വകാല പ്രാബല്യത്തോടെ നൽകിയ പ്രൊമോഷനുകൾ നിയമപരം ആകയാൽ ഈ വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കാനും അനുമതി നൽകി |

440/2023.

| | | | | |
|---|---|---|---|---|
| | | | | സർവകലാശാലയിലെ എല്ലാ അദ്ധ്യാപകരുടേയും സേവന വേതന വ്യവസ്ഥകൾ തുടർന്നും മേൽ തീരുമാനം അനുസരിച്ച് നൽകുന്നതിനും വിഷയം ഗവൺമെന്റിനെ അറിയിക്കുന്നതിനും അനുമതി നൽകി.<br>അതിൻപ്രകാരം, 27.10.2020 നടന്ന സിൻഡിക്കേറ്റ് തീരുമാനം ഇനം നമ്പർ 2020.891* വൈസ് ചാൻസലറുടെ അനുമതിയോടെ നടപ്പിലാക്കികൊണ്ട് ഉത്തരവായി.<br>ആയതിനാൽ, അദ്ധ്യാപകർക്ക പ്രൊബേഷൻ ഡിക്ലയർ ചെയ്യതിനു ശേഷം പൂർവ്വകാല പ്രാബല്യത്തോടെ നൽകിയ പ്രൊമോഷനുകൾ നിയമപരം ആകയാൽ മേൽ പ്രസ്താവിച്ച യു .ജി.സി. റെഗുലേഷനുകളുടേയും സിൻഡിക്കേറ്റ് തീരുമാനത്തിന്റേയും വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കം ചെയ്യാനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു, |

**നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23), കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കാലിക്കറ്റ് സർവ്വകലാശാലയെ സംബന്ധിച്ച ആഡിറ്റ് ഖണ്ഡികകളിന്മേൽ സ്വീകരിച്ച ന്യൂനതാപരിഹാര നടപടിപത്രിക**

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 2019-20 | 3.1 | യാത്രാബത്ത K.S.R ലെ വ്യവസ്ഥകൾ മറികടന്ന് SEDA, എന്ന പേരിൽ 33,04,890/- രൂപ അനുവദിച്ചു | കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 2 സ്റ്റാറ്റ്യൂട്ട് 13 ഫിനാൻഷ്യൽ പവേഴ്സ് ഓഫ് വൈസ് ചാൻസലർ എന്ന ഭാഗത്തെ പോയിന്റ് 18 ൽ "to fix the remuneration and the travelling and other allowances payable to persons engaged in the University, business" എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇത് പ്രകാരം സർവ്വകലാശാല ഡ്യൂട്ടിയുമായി ബന്ധപ്പെടുന്ന വ്യക്തികൾക്ക് വേതനം, യാത്രാബത്ത, മറ്റ് അലവൻസുകൾ ഇവ നിശ്ചയിക്കുന്നതിനുള്ള അധികാരം വൈസ് ചാൻസലറിൽ നിക്ഷിപ്തമാണ്. സ്റ്റാറ്റ്യൂട്ടിലെ ഈ അധികാരം ഉപയോഗിച്ചാണ് വൈസ് ചാൻസലർ കാലാകാലങ്ങളിൽ പരീക്ഷാ ജോലികളിൽ ഏർപ്പെടുന്ന അധ്യാപകരുടെ യാത്ര ബത്ത, വേതനം, മറ്റ് അലവൻസുകൾ ഇവ നിശ്ചയിച്ച് വരുന്നത്. ഇത് പ്രകാരമാണ് U.O. No. ECQ/2/Remn/2005-06 dated 19.02.2007, U.O.No. ECQ/2/Conduct of Exams/10-11 dated 06.09.2011 എന്നീ തിയതികളിൽ സർവ്വകലാശാല ഇറക്കിയിട്ടുള്ള SEDA, DAILY അലവൻസ് പരാമർശിച്ച് ഓർഡറുകൾ ഇറക്കിയത്. ഇത് സംബന്ധിച്ച് KSR പാർട്ട് II Rule 42, Note - 2 പരാമർശം ശ്രദ്ധയിൽപ്പെടുത്തുന്നു. ' The officers of Government traveling on University business will receive Travelling Allowances direct from the |

| | | | | |
|---|---|---|---|---|
| | | | | University according to its Rules'<br>പരീക്ഷാ നടത്തിപ്പിനോടനുബന്ധിച്ച് മൂല്യനിർണയം ത്വരിതഗതിയിൽ പൂർത്തിയാക്കി എത്രയും പെട്ടന്ന് ഫലപ്രഖ്യാപനം പ്രസിദ്ധപ്പെടുത്തുന്നതിനായിട്ടാണ് സർവകലാശാല കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകൾ സംഘടിപ്പിച്ചത്.<br>18.05.2017 ലെ U.O.No.331/2017/PB ഉത്തരവ് പ്രകാരം അധ്യാപകർക്ക് നൽകിവരുന്ന സ്പെഷ്യൽ എക്സാം ഡ്യൂട്ടി അലവൻസ് നിർത്തലാക്കുകയും ചെയ്യു. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |

<u>നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23), 19.11.2021 ലെ യോഗത്തിൽ പരിഗണിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടരുടെ 2006-2007 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളിന്മേൽ സ്വീകരിച്ച ന്യൂനതാപരിഹാര നടപടിപത്രിക</u>

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1) | 2006-07 | 5.3.1 | ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്തയും ക്യാമ്പസ് അലവൻസും നൽകിയത് അംഗീകരിക്കുന്നില്ല. | ആലപ്പുഴ നഗരത്തിൽ നിന്നും 6 കി.മീ. ഉള്ളിലേക്ക് മാറി വേണ്ടത്ര വികസനം വന്നിട്ടില്ലാത്തതും ജലാശയത്താൽ ചുറ്റപ്പെട്ടതും ആയ ഒരു ഗ്രാമത്തിലാണ് കുട്ടനാട് ക്യാമ്പസ് പ്രവർത്തിക്കുന്നത്.<br>ക്യാമ്പസിൽ എത്തി ചേരുന്നതിനു നഗരത്തിൽ നിന്നും വേണ്ടത്ര യാത്ര സൗകര്യങ്ങൾ ഇല്ല , കൂടാതെ ക്വാർട്ടേഴ്സ് മുതലായ മറ്റു അടിസ്ഥാന സൗകര്യങ്ങളും ഇവിടെ ലഭ്യമല്ല . ചുരുക്കത്തിൽ ഈ ക്യാമ്പസിൽ ജോലി ചെയ്തിരുന്ന ജീവനക്കാർ സർവ്വകലാശാലയിലെ മറ്റു ജീവനക്കാരുമായി താരതമ്യം ചെയ്യുമ്പോൾ വളരെയധികം യാതനകൾ സഹിച്ചാണ് ജോലി ചെയ്തിരുന്നത്. ഈവിധമുള്ള സാഹചര്യങ്ങൾ പരിഗണിച്ചാണ് തൃക്കാക്കര ക്യാമ്പസിൽ നിന്ന് കുട്ടനാട് ക്യാമ്പസിലേക്ക് സ്ഥലം മാറി പോകുന്നവർക്ക് അവരുടെ ശമ്പളത്തിൽ വ്യത്യാസം വരുന്ന തുക ക്യാമ്പസ് അലവൻസ് ആയി നൽകി വന്നിരുന്നത്. കുട്ടനാട് ക്യാമ്പസിനെ അപേക്ഷിച്ച് തൃക്കാക്കര ക്യാമ്പസിൽ നിരവധി സൗകര്യങ്ങൾ ഉണ്ട് .യാത്ര സൗകര്യങ്ങളുടെയും ക്വാർട്ടേഴ്സ് സൗകര്യങ്ങളുടെയും ലഭ്യതയ്ക്കു പുറമെ ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്തയും ലഭിക്കുന്നു. കുട്ടനാട് ക്യാമ്പസിൽ മേൽപറഞ്ഞ സൗകര്യങ്ങളോ ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്തയോ ലഭിക്കുന്നില്ല. ഒരേ സ്ഥാപനത്തിലെ വ്യത്യസ്ഥ ക്യാമ്പസുകളിലെ ജീവനക്കാരുടെ ആനുകൂല്യങ്ങളിൽ വന്നിട്ടുള്ള ഗണ്യമായ വിടവ് സൃഷ്ടിച്ച സാമൂഹ്യ അനീതി |

| | | | | |
|---|---|---|---|---|
| | | | | ജീവനക്കാരിൽ ഉണ്ടാക്കുന്ന അസംതൃപ്തി കൂടി പരിഹരിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് ക്യാമ്പസ് അലവൻസ് നൽകാൻ യൂണിവേഴ്സിറ്റി നിർബന്ധിതമായത്. കുട്ടനാട് ക്യാമ്പസിന്റെ കാര്യക്ഷമമായ പ്രവർത്തനം നടക്കണം എന്ന സദുദ്ദേശ്യമാണ് ഈ തീരുമാനത്തിനു പ്രചോദനമായത്.<br>ഓഡിറ്റ് തടസ്സത്തിന്റെ അടിസ്ഥാനത്തിൽ ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്തയും ക്യാമ്പസ് അലവൻസും നിർത്തലാക്കി.<br>കുട്ടനാട് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളിൽ നിന്നും ഫീസിനത്തിൽ ലഭിക്കുന്ന തുക ഉപയോഗിച്ചാണ് കുട്ടനാട് ക്യാമ്പസിൽ വരുന്ന ചെലവുകൾ നിർവ്വഹിക്കുന്നത്. കുട്ടനാട് ക്യാമ്പസിലെ ജീവനക്കാർക്ക് ക്യാമ്പസ് അലവൻസ് നൽകിയതുകൊണ്ട് ഗവൺമെന്റിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നില്ല.<br>മേൽ പറഞ്ഞ വസ്തുതകൾ സവിസ്തരം പരിഗണിച്ച്, ജീവനക്കാർക്ക് ക്യാമ്പസ് അലവൻസ് നൽകിയതിന്മേലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് സർവ്വകലാശാല അഭ്യർത്ഥിക്കുന്നു. |
| 2) | 2006-07 | 5.3.2 | ഗസ്റ്റ് അധ്യാപകർക്കുള്ള യാത്രബത്ത അംഗീകരിക്കുന്നില്ല | സിൻഡിക്കേറ്റ് 25.09.1997-ൽ 387.24- ാം നമ്പർ പ്രമേയ പ്രകാരം എടുത്ത തീരുമാനം അനുസരിച്ചാണ് യാത്രബത്ത അനുവദിച്ചത്.<br>ആകെ 24 അദ്ധ്യാപകർക്കായിട്ടാണ് 1,10,360/- രൂപ നൽകിയിട്ടുള്ളത്. കൂടാതെ താൽക്കാലിക അധ്യാപകരിൽ നിന്നും തുക തിരിച്ചു പിടിക്കാൻ ഈ സാഹചര്യത്തിൽ സാധ്യമല്ല.<br>ഈ അധ്യാപകരുടെ നിലവിലെ വിലാസവും മറ്റും ലഭ്യമല്ല<br>ഓഡിറ്റ് തടസ്സത്തിന്റെ അടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപകർക്കുള്ള യാത്രാബത്ത നിർത്തലാക്കി.<br>സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളിൽ നിന്നും ഫീസിനത്തിൽ ലഭിക്കുന്ന തുക ഉപയോഗിച്ചാണ് ചെലവുകൾ നിർവ്വഹിക്കുന്നത്. ആയതിനാൽ ഗവൺമെന്റിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നില്ല.<br>മേൽ പറഞ്ഞ വസ്തുതകൾ സവിസ്തരം പരിഗണിച്ച് , ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് സർവ്വകലാശാല അഭ്യർത്ഥിക്കുന്നു. |

| | | | | |
|---|---|---|---|---|
| 3) | 2006-07 | 5.3.3 | ആവശ്യമുള്ളതിലധികം ബിറ്റുമിൻ ഉപയോഗിച്ചത് ചെലവ് അംഗീകരിക്കുന്നില്ല. | ബഹു. കേരള ഹൈക്കോടതിയുടെ 2012-ലെ 19520 എന്ന റിട്ട് ഹർജിയിൽ 22.03.2021-ൽ പുറപ്പെടുവിച്ച അന്തിമ വിധി ന്യായം വഴി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 28.02.2010 ലെ സർചാർജ് സർട്ടിഫിക്കറ്റും ഉത്തരവും, സർവ്വകലാശാല നൽകിയ റവന്യൂ റിക്കവറി സംബന്ധിച്ച കത്തും റദ്ദാക്കിയിട്ടുണ്ട്. 29.09.2021-ൽ കൂടിയ സിൻഡിക്കേറ്റ് 690.19-ാം നമ്പർ പ്രമേയമായി പരിഗണിച്ച് 10,824/- രൂപ എഴുതിതള്ളാൻ (Write Off) തീരുമാനിച്ചിട്ടുണ്ട്. |

R. [signature]

അഡീഷണൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ഗവ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

## നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23), 19.11.2021 ലെ യോഗത്തിൽ പരിഗണിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളിന്മേൽ സ്വീകരിച്ച ന്യൂനതാപരിഹാര നടപടിപത്രിക

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 2006-07 | 5.4.1 | ഉയർന്ന നിരക്കിൽ വീട്ടു വാടക ബത്ത നൽകി തുക 5,45,439/- രൂപ നിരാകരിക്കുന്നു. | സർക്കാർ ഉത്തരവ് പ്രകാരം ഉയർന്ന നിരക്കിൽ വീട്ടുവാടകബത്ത നൽകുന്നത് ഈ യൂണിവേഴ്സിറ്റി 01.06.2006 മുതൽ നിർത്തലാക്കിയിട്ടുണ്ട്. ജീവനക്കാരുടെ അഭ്യർത്ഥന മാനിച്ച് മുൻപ് അധികമായി നല്കിയ വീട്ടു വാടകബത്ത ജീവനക്കാരിൽനിന്നും തിരിച്ചു പിടിക്കേണ്ടതില്ല എന്ന് സിൻഡിക്കേറ്റ് തീരുമാനിച്ചിരുന്നു. അതിനാൽ തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മുൻകാലങ്ങളിൽ അധിക നിരക്കിൽ വീട്ടുവാടകബത്ത നൽകിയതിന് സർവ്വകലാശാല സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. അതിനാൽ ഈ കാര്യത്തിലുള്ള ആഡിറ്റ് തടസ്സം നീക്കിത്തരണമെന്ന് സർവ്വകലാശാല അഭ്യർത്ഥിക്കുന്നു. |
| 2 | 2006-07 | 5.4.2 | റിട്ടയർ ചെയ്ത വ്യക്തിയ്ക്ക് വീണ്ടും സ്ഥിരനിയമനം നൽകി - ക്രമവിരുദ്ധം | 05/09/1997 ലെ Addt.&NT 100/97/SSUS നമ്പർ നോട്ടിഫിക്കേഷൻ പ്രകാരമാണ് ഡോ. എം. കാർത്തികേയനെ മലയാള വിഭാഗത്തിൽ റീഡറായി നിയമിച്ചത്.<br>1994 മുതൽ ടിയാൻ സർവ്വകലാശാല സർവ്വീസിലുണ്ടായിരുന്നതിനാലാണ് ടിയാന് പ്രായപരിധിയിൽ ഇളവ് നൽകിയതും റഗുലറായി നിയമിച്ചുകൊണ്ട് യു.ജി.സി |

| | | | | |
|---|---|---|---|---|
| | | | | സ്കെയിലിൽ ശമ്പളം അനുവദിച്ചും<br>സർവ്വകലാശാല നിയമ പ്രകാരം 60 വയസ്സ് പൂർത്തിയാക്കുകയും അക്കാദമിക വർഷം പൂർത്തിയാകുകയും ചെയ്യുതിന്റെ അടിസ്ഥാനത്തിൽ മെയ് മാസത്തിൽ വിരമിക്കുകയും ചെയ്തു.<br>25/04/2014 ലെ GO(Rt) 819/14/H.EDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടിയാന് സർവ്വകലാശാല പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്ന് ഉത്തരവായിരുന്നു.<br>ടിയാന് സർവ്വകലാശാല പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ല എന്ന കാര്യം റിപ്പോർട്ട് ചെയ്യുന്നു. |
| 3 | 2006-07 | 5.4.3 | ഉദ്യോഗസ്ഥർക്ക് പരിശീലനം ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല. | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനം നടത്തിയ ഒരു പരിശീലന പരിപാടി മാത്രമേ സ്വകാര്യ സ്ഥാപനങ്ങൾ മുഖേന ഈ സർവ്വകലാശാല നടത്തിയിട്ടുള്ളൂ.<br>പിന്നീടുള്ള വർഷങ്ങളിൽ പരിശീലന പരിപാടി നടത്തിയപ്പോൾ സർക്കാർ സ്ഥാപനമായ Institute of Management in Government (IMG) മുഖേനയാണ് നടത്തിയിട്ടുള്ളത്.<br>UGC യുടെ XI-ാം പദ്ധതി മുഖേന സർവ്വകലാശാലയിൽ Internal Quality Assurance Cell (IQAC) സ്ഥാപിച്ചതിന് ശേഷം സർവ്വകലാശാല ജീവനക്കാർക്കും അദ്ധ്യാപകർക്കും പരിശീലന പരിപാടി IQAC നേരിട്ടാണ് സംഘടിപ്പിച്ചു വരുന്നത്.<br>മേൽ വസ്തുതകൾ പരിഗണിച്ചും ഓഡിറ്റ് തടസ്സവാദത്തിൽ ചൂണ്ടിക്കാണിച്ച വിഷയം പിന്നീട് സർവ്വകലാശാല ആവർത്തിച്ചിട്ടില്ല എന്നതും കണക്കിലെടുത്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |

R. [signature]
വിജയകുമാർ ആർ
അഡീഷണൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ഗവ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006–2007 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക

<table>
<tr><th>ക്രമ നമ്പർ</th><th>ഖണ്ഡിക നമ്പർ</th><th>ഓഡിറ്റ് പരാമർശം</th><th>നടപടി വിശദീകരണ പത്രിക</th></tr>
<tr><td>1</td><td>4.4.1</td><td>വൈദ്യുത ചാർജ്ജ് കുടിശ്ശിക ഈടാക്കിയിട്ടില്ല<br>ആഡിറ്റ് റിപ്പോർട്ട് (വൈദ്യുതി വിഭാഗം) 2001-01 ഖണ്ഡിക 2(2)<br>വൈദ്യുതി വിഭാഗത്തിലെ എൽ .ടി താരിഫിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ഉപഭോക്താക്കൾ 1999-2000, 2000-2001 വർഷങ്ങളിൽ തൻവർഷം ഡിമാന്റ് ചെയ്ത തുകയോ കുടിശ്ശികയോ അടച്ചിട്ടില്ല. 2000–01 സാമ്പത്തിക വർഷാവസാനം ഈ ഉപഭോക്താക്കൾ ലഡ്ജർ പ്രകാരം കുടിശ്ശിക വരുത്തിയിട്ടുണ്ട്. തൻവർഷത്തെ വൈദ്യുതി ചാർജ്ജും കുടിശ്ശികയും അടക്കം ഭീമമായ സംഖ്യ ഈടാക്കുന്നതിൽ വരുത്തിയ വീഴ്ച ഗൗരവപൂർവം വീക്ഷിക്കേണ്ടതാണ്– ആകെ 217566.40 രൂപയുടെ മേൽപ്പറഞ്ഞ കുടിശ്ശിക പലിശ സഹിതം പിരിച്ചെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.</td><td><u>തൃശ്ശൂർ കോർപ്പറേഷൻ</u><br>ടി പരാമർശ പ്രകാരം കുടിശ്ശികയായുള്ള കൺസ്യൂമർ നമ്പറുകളുടെ തുക ചുവടെ ചേർക്കും പ്രകാരം അടവാക്കിയിട്ടുണ്ട്.<br>
<table>
<tr><th>കൺസ്യൂമർ നമ്പർ</th><th>കുടിശ്ശിക തുക</th><th>ഒടുക്കിയ തീയതി</th></tr>
<tr><td>8730–എ</td><td>58259.76</td><td>28/01/2009</td></tr>
<tr><td>1/982</td><td>43494.30</td><td>28/03/2009</td></tr>
<tr><td>1/367</td><td>29693.47</td><td>27/01/2009</td></tr>
<tr><td>8285–എ</td><td>62692.49</td><td>24/03/2008</td></tr>
<tr><td>I/1502</td><td>23226.38</td><td>26/04/2007</td></tr>
</table>
ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br>LT IV വിഭാഗത്തിൽ ഉൾപ്പെടുന്ന ഈ വൈദ്യുതി കണക്ഷനുകൾ എല്ലാം തന്നെ കുടിശ്ശിക അടച്ചിട്ടുള്ളതാണ്. ഈ കണക്ഷനുകൾ ഒന്നും തന്നെ ഇപ്പോൾ LT IV–ൽ ബിൽ ചെയ്യുവരുന്നവയല്ല.<br>കുടിശ്ശിക മുഴുവൻ അടച്ചുതീർത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാണമെന്ന് സമിതി മുൻപാകെ ബോധിപ്പിക്കുന്നു..</td></tr>
<tr><td>2</td><td>4.4.2</td><td>കാർ വാടകയ്ക്ക് എടുത്തതിന് ചെലവായത് – നഷ്ടം വരുത്തിയ തുക തിരിച്ചുപിടിച്ചില്ല.<br>(ചെലവ് ഓഡിറ്റ് റിപ്പോർട്ട്(ജനറൽ വിഭാഗം):2003–03 ഖണ്ഡിക 2(31)<br>സർക്കാർ ഉത്തരവിന് വിരുദ്ധമായി, ഉള്ള വാഹനങ്ങൾ നിലനിർത്താനും കൂടുതൽ ആവശ്യം വരുന്ന വാഹനങ്ങൾ പ്രതിമാസ വാടകയ്ക്ക് എടുത്താൽ മതിയെന്നും തീരുമാനിക്കുകയാണുണ്ടായത്.</td><td>വിഷയം പരിശോധിച്ചതിൽ നിലവിലുള്ള സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായാണ് പരാമർശ പ്രവർത്തി ചെയ്തതെന്ന ഓഡിറ്റ് നിരീക്ഷണം ശരിയാണെന്നും അതുവഴി 84,335/- രൂപ നഷ്ടമുണ്ടായെന്നും ബോധ്യപ്പെടുകയുണ്ടായി. 2002-03 കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന വാഹനങ്ങൾ കാലപ്പഴക്കം വന്ന് ഇടർച്ചയായി അറ്റകുറ്റപണികളിലായിരുന്നതിനാലും, വാഹനങ്ങളുമായി ബന്ധപ്പെട്ട് നഷ്ടം ഉണ്ടായിരുന്നതിനാലുമാണ് കൗൺസിൽ തീരുമാനത്തിന്റെ</td></tr>
</table>

| | | | |
|---|---|---|---|
| | | ഇതിനായി ടെണ്ടർ ക്ഷണിക്കുകയും, കരാർപ്രകാരം പ്രതിമാസം 2200 കി.മീറ്ററിന്, കി.മീ ന് 5/-രൂപ നിരക്കിൽ അധികം ചാർജ്ജ് കഴിഞ്ഞതിനു ശേഷം വരുന്ന ഓരോ കിലോമീറ്ററിനും 4/- രൂപാ നിരക്കിൽ അധികം ചാർജ്ജ് നല്കേണ്ടതുമാണ്. എന്നാൽ മിക്ക മാസങ്ങളിലും 2,200 നേക്കാൾ കുറഞ്ഞ ദൂരം ഓടുകയും മിനിമം ചാർജ്ജായ 11,000/- വീതം നല്കുകയും ചെയ്തത് വഴി നഗരസഭയ്ക്ക് 64,225/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് ഈടാക്കേണ്ടതാണ്. | അടിസ്ഥാനത്തിൽ ടി വാഹനങ്ങൾ മാസവാടകയ്ക്ക് എടുത്തിട്ടുള്ളതെന്നും 2002–03 കാലഘട്ടത്തിലെ കൗൺസിലർമാർ ഇപ്പോൾ ഇല്ലാത്തതിനാലും, ടി പ്രവർത്തി നടന്ന് 15 വർഷത്തോളമായതിനാൽ ടി തുക തിരിച്ച് പിടിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതും ടി തുക തിരിച്ചുപിടിക്കാൻ സാധിക്കാത്ത അവസ്ഥയിലുമാണെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽമേൽ ബന്ധപ്പെട്ട മുൻമേയർ ശ്രീ.ജോസ് കാട്ടുക്കാരൻ, 12 സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവർക്ക് നോട്ടീസ് നല്കുകയും സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാരായ ശ്രീ. പി എ.വർഗ്ഗീസ്, ശ്രീ ജയപ്രകാശ്, പൂവത്തിങ്കൽ, ശ്രീ. സതീഷ് അപ്പുക്കുട്ടൻ, ശ്രീ.ഡോ.ഉസ്മാൻ, ശ്രീ.എം.കെ കണ്ണൻ, ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ.രാജൻ ജെ.പല്ലൻ ശ്രീ.ഉണ്ണികൃഷ്ണൻ ഈച്ചരത്ത്, ശ്രീ സദാനന്ദൻ വാഴപ്പിള്ളി എന്നിവർ സ്റ്റാൻറ്റിംഗ് കമ്മിറ്റികളുടെ ആവശ്യങ്ങൾക്കായി കൗൺസിൽ തീരുമാനപ്രകാരം വാഹനങ്ങൾ വാടകയ്ക്ക് എടുത്തത് വ്യക്തിപരമായ ബാദ്ധ്യയായി കണക്കാക്കരുത് എന്ന് അപേക്ഷിച്ച് കൊണ്ട് മറുപടി നല്കിയിട്ടുള്ളതായി നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br>സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാനായിരുന്ന ശ്രീമതി അമ്മിണി എസ് മാധവൻ മരണമടഞ്ഞിട്ടുള്ളതും , ടിയാരിയുടെ പേരിലുള്ള സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കണമെന്ന അപേക്ഷിച്ച് മകനായ ശ്രീ. രാജീവ് പി.എസ് മറുപടി സമർപ്പിച്ചിട്ടുള്ളതാണ്. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരായിരുന്ന ശ്രീ. ടി പത്മനാഭൻ, ശ്രീമതി കെ.വി. ത്രേസ്യാമ്മ ടീച്ചർ, മുൻമേയറായിരുന്ന ശ്രീ ജോസ് കാട്ടുക്കാരൻ, എന്നിവർ നാളിതുവരെ മറുപടി സമർപ്പിച്ചിട്ടില്ല. ടി വിഷയം വിശദമായി അജണ്ട തയ്യാറാക്കി കൗൺസിലിൽ സമർപ്പിക്കുകയും ആയതിൽ 16–11–2019 ലെ 03,04 നമ്പർ പ്രകാരം മുൻസ്റ്റാൻറിംങ് കമ്മിറ്റി ചെയർമാൻമാർ, മുൻമേയർ എന്നിവരുടെ പേരിൽ ചുമത്തിയിരുന്ന ബാധ്യത ഒഴിവാക്കുന്നതിന് നഗരസഭാ സർക്കാരിനോട് അപേക്ഷിക്കുമെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

**<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006–2007 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക</u>**

ചുവടെ ചേർക്കുന്ന മുൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാർമാർ ആയിരുന്നവർ ഓഡിറ്റ് പരാമർശ പ്രകാരം ആവശ്യപ്പെട്ടിരുന്ന തുക പിഴയടക്കം ഒടുക്കിയിട്ടുള്ളതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേര് | തുക +പിഴ=ആകെ | രസീത് നമ്പർ, തീയതി |
|---|---|---|---|
| 1 | ശ്രീഉണ്ണികൃഷ്ണൻ ഈച്ചരത്ത് | 6488+1696=8184/ | Rt,NO. 120010111235/18.11.2020 |
| 2 | ശ്രീ സതീഷ് അപ്പുക്കുട്ടൻ | 6488+1696=8184/ | Rt.NO-- 120020107458/16.11.2020 |
| 3 | ശ്രീ ജയപ്രകാശ് പുവത്തിങ്കൽ | 6488+1696=8184/ | Rt.No 120040108006/16.11.2020 |
| 4 | ശ്രീ പി.എ.വർഗ്ഗീസ് | 6488+1696=8184/ | RtNo.120010110948/03.11.2 020 |
| 5 | ശ്രീ.രാജൻ ജെ.പല്ലൻ | 6488+1696=8184/ | RT.NO 120010110522/09.11.2020 |
| 6 | ശ്രീ.ഡോ.ഉസ്മാൻ | 6488+1696=8184/ | Rt.120010116510/09.11.2020 |

മേൽ സാഹചര്യത്തിൽ മേൽ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കണമെന്നും ബഹുമാനപ്പെട്ട നിയമസമിതി മുൻപാകെ ബോധിപ്പിച്ചുകൊള്ളുന്നു.

| | | | |
|---|---|---|---|
| 3 | 4.4.3 | **ചിപ്പിംഗ് കാർപ്പെറ്റിന് അധികം നിരക്ക് നല്കി**<br>മെറ്റൽ ചെയ്ത റോഡിന്റെ ഉപരിതലത്തിൽ 20 എം.എം. ചിപ്പിംഗ് കാർപെറ്റ് ചെയ്യാൻ 01.07.99 ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം 10 എം2 പ്രതലത്തിന് തൃശ്ശൂർ കോർപ്പറേഷനിൽ നല്കേണ്ടി വരുന്ന നിരക്ക് 358.07 രൂപയാണ്. എന്നാൽ കൂർക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിരിക്കുന്ന ടാറിംഗ് പ്രവർത്തികളുടെ എസ്റ്റിമേറ്റുകളിൽ ഇത് 388 രൂപ/10 എം2 ആണ്. ബിറ്റുമിന്റെ വില ടണ്ണിന് 6750/– രൂപയ്ക്ക് പകരം 7900/– രൂപയായി എടുത്തുകൊണ്ടാണ് എസ്റ്റിമേറ്റുകളിൽ ഈ വ്യത്യാസം വന്നത്.<br>കൂർക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് നടത്തിവരുന്ന പല റോഡ് പണികളും പൂർത്തീകരിക്കപ്പെട്ടപ്പോഴും പ്രസ്തുത പഞ്ചായത്ത് തൃശ്ശൂർ കോർപ്പറേഷനിൽ ലയിക്കപ്പെട്ടിരുന്നു. അപ്രകാരമുള്ള പ്രവർത്തികളുടെ ബില്ലുകൾ തൃശ്ശൂർ കോർപ്പറേഷനിൽനിന്ന് നല്കിയപ്പോൾ ബിറ്റുമിന്റെ വില 7900/– രൂപ/ടൺ എന്ന നിരക്കിന് പകരം 6750/– രൂപ/ടൺ എന്ന നിരക്കിലാണ് ബില്ലിൽ നിന്ന് കുറവ് ചെയ്തത്. ഇപ്രകാരം കൺവീനർമാർക്ക് അധികം നല്കിയ തുക 37,377/– രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി കോർപ്പറേഷനിന്റെ ഫണ്ടിൽ അടയ്ക്കേണ്ടതാണ് | <u>തൃശ്ശൂർ കോർപ്പറേഷൻ</u><br>ചിപ്പിംഗ് കാർപ്പെറ്റിന് അധിക നിരക്ക് അനുവദിച്ചത് സംബന്ധിച്ച പ്രവർത്തികൾ 99–2000 വർഷത്തിൽ പഞ്ചായത്തായിരുന്ന കാലഘട്ടത്തിലാണ് എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുള്ളത്. ജി.ഒ.പി നമ്പർ 236/99, 237/99, 238/99 പ്രകാരം 1.10.2000 മുതൽ ഒല്ലൂക്കര, അയ്യന്തോൾ, ഒല്ലൂർ ,വിൽവട്ടം , കൂർക്കാഞ്ചേരി പഞ്ചായത്തുകൾ തൃശ്ശൂർ മുൻസിപ്പാലിറ്റിയുമായി കൂട്ടി ചേർത്തിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ നഗരസഭയിൽ വിശദമായി അന്വേഷിച്ചുവെങ്കിലും കണ്ടെത്തുവാൻ ആയിട്ടില്ലെന്നാണ് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. |
| 4 | 4.4.4 | **കരാറുകാരന്റെ സ്വന്തം മണ്ണിന് അധിക നിരക്ക് നല്കിയത് നിരാകരിക്കുന്നു**<br>കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള മണ്ണ് നിറയ്ക്കൽ എന്ന ഇനത്തിൽ ഒരേ സമയം മണ്ണ് കിളയ്ക്കൽ എന്ന ഇനവും ലോറി മുഖേനയുള്ള കടത്തും ഉൾപ്പെടുന്നു. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 04.04.86 ലെ 13584/എഫ്.റ്റി ഡബ്ല്യൂ. സി .186/ഫിൻ.നം.കത്തുപ്രകാരം മണ്ണ് കിളയ്ക്കുന്ന ഇനത്തിലും ലോറി കടത്തിലും ഓരോ ലിഡും ലിഫ്റ്റും ഉള്ളതുകൊണ്ട് കരാറുകാരന്റെ സ്വന്തം മണ്ണ് എന്നയിനത്തിൽ ഒരു ലിഡും ലിഫ്റ്റും അധികമുണ്ടെന്നും ആയതിനാൽ അത് സ്വന്തം മണ്ണിന്റെ നിരക്കിൽ നിന്നും കുറയ്ക്കണമെന്നത് | <u>തൃശ്ശൂർ കോർപ്പറേഷൻ</u><br>കരാറുകാരന്റെ സ്വന്തം മണ്ണിന് അധിക നിരക്ക് അനുവദിച്ചത് സംബന്ധിച്ച പ്രവർത്തികൾ 99–2000 വർഷത്തിൽ പഞ്ചായത്തായിരുന്ന കാലഘട്ടത്തിലാണ് എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുള്ളതാണ്. ജി.ഒ പി നമ്പർ 236/99,237/99, 238/99 പ്രകാരം 1.10.2000 മുതൽ ഒല്ലൂക്കര,അയ്യന്തോൾ ഒല്ലൂർ, കൂർക്കാഞ്ചേരി, വിൽവട്ടം പഞ്ചായത്തുകൾ തൃശ്ശൂർ മുനിസിപ്പാലിറ്റിയുമായി കൂട്ടിച്ചേർത്തിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ നഗരസഭയിൽ വിശദമായി അന്വേഷിച്ചുവെങ്കിലും കണ്ടെത്തുവാൻ ആയിട്ടില്ലാത്തതാണ്. 20 ൽ അധികം കൺവീനർമാരിൽ നിന്നും വിവിധ പ്രവർത്തികളിൽനിന്നും ലഭ്യമാക്കുവാനുള്ള തുക 2000/– രൂപയിൽ താഴെയുള്ള തുകയുമാണ്. ഇത്രയും |

| | | | |
|---|---|---|---|
| | | പരിഗണിക്കാതെയാണ് പല എസ്റ്റിമേറ്റുകളും തയ്യാറാക്കിയത്. ടി ഇനത്തിൽ 62,738 രൂപ നിരാകരിക്കുന്നു. | വർഷത്തിനു ശേഷം ഫയലുകളും കൺവീനർമാരെയും കണ്ടെത്താനുള്ള സാധ്യത ഇല്ലാത്തതിനാലും തുക പിരിച്ചെടുക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാലും ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കി നല്കുന്നതിന് അപേക്ഷിച്ചുകൊള്ളുന്നു. |
| 5 | 4.6.1 | **അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നഗരസഭ കടക്കെണിയിൽ**<br><br>ഓഡിറ്റ് റിപ്പോർട്ട് 2001-2002, ഖണ്ഡിക 2-12<br>ഡിറ്റി പി പദ്ധതിയിൽ ഉൾപ്പെടുത്തി ബൃഹത്തായ ഒരു വാണിജ്യ സമുച്ചയം നിർമ്മിക്കുവാൻ നെയ്യാറ്റിൻകര നഗരസഭ 1990 ഒക്ടോബർ മാസത്തിൽ തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിന് എതിർ വശത്ത് നഗരസഭ അക്വയർ ചെയ്ത 2.50 ഏക്കർ സ്ഥലത്ത് 76300 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 84 കടമുറികളോടു കൂടിയ ഒരു മൂന്ന് നില വാണിജ്യ സമുച്ചയം നഗര സഭ പണി കഴിപ്പിച്ചു. നഗരസഭയുടെ സമഗ്ര വികസനത്തിനും വരുമാനത്തിനുമായി ആരംഭിച്ച ടി അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നഗരസഭയെ ഇപ്പോൾ ഭീമമായ കടക്കെണിയിൽ ആഴ്ത്തിയിരിക്കുകയാണ്. 1992 ലെ പൊതുമരാമത്ത് നിരക്ക് പ്രകാരം തയ്യാറാക്കിയ ഇതിന്റെ എസ്റ്റിമേറ്റ് ഇലക്ട്രിക്കൽ വേല ഒഴികെ 2,29,26,049 രൂപയായിരുന്നു. ഏറ്റവും കുറഞ്ഞ ടെണ്ടർ നിരക്കായ 47% അധികരിച്ച് ക്വാട്ട് ചെയ്ത ശ്രീ ജി അനിരുദ്ധന് 23.01.1995 ൽ സ്ഥലം കൈമാറി. കരാർ പ്രകാരം 22.10.97 ന് പൂർത്തീകരിക്കേണ്ട പ്രവർത്തി 02.02.2001 ന് മാത്രമാണ് പൂർത്തീകരിച്ചത്. ടി പ്രവർത്തിക്കായി നഗരസഭ 6 ഗഡുക്കളായി 3,95,00,000 രൂപ ഹഡ്കോയിൽ നിന്നും വായ്പ വാങ്ങി. പ്രോജക്ട് ചെലവ് എസ്റ്റിമേറ്റ് പ്രകാരം 2,29,26,049 രൂപയും മൂല്യ നിർണ്ണയം നടത്തിയത് 362,57,707 രൂപയും ആയിരിക്കെ പ്രോജക്ടിന് ആവശ്യമായതിലും കൂടുതൽ വായ്പ ഇക ലഭ്യമാക്കിയത് വഴി അധികരിച്ച അനാവശ്യ ബാധ്യതയാണ് നഗരസഭ ഉണ്ടാക്കിയിട്ടുള്ളത്. 2.7.98 വരെയുള്ള കാലയളവിൽ നഗരസഭ 18,65,325 രൂപ പലിശയിനത്തിൽ ഒടുക്കുവരുത്തിയിട്ടുണ്ടെങ്കിലും | <u>നെയ്യാറ്റിൻകര നഗരസഭ</u><br><br>നഗരസഭയുടെ അക്ഷയ വാണിജ്യ സമുച്ചയത്തിനായി ഹഡ്കോയിൽ നിന്നും 3.95 കോടി രൂപ ലോൺ എടുത്തിട്ടുള്ളതാണ്. 1997 ൽ പണി പൂർത്തിയാക്കേണ്ട നിർമ്മാണം യഥാസമയം പണി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ ടി ഇക നിലവിൽ 11 കോടിയോളം രൂപയായി വർദ്ധിച്ചു. സർക്കാരും കെ യു ആർ ഡി എഫ് സി അധികൃതരുമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും പിഴ പലിശ ഒഴിവാക്കിതരണമെന്ന നിബന്ധനയോടെ കെയുആർ ഡി എഫ് സി യുമായി ധാരണയിലെത്തി. എന്നാൽ നഗരസഭ ഒടുക്കിയ ഇകകൾ പൂർണ്ണമായും കെയുആർ ഡി എഫ് സി യുടെ ലോണിൽ കുറവ് ചെയ്ത് നല്കിയതു കാരണം കെയുആർ ഡി എഫ് സി അധികൃതരുമായി വീണ്ടും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കെയുആർ ഡി എഫ് സി മാത്രം നല്കേണ്ടിയിരുന്ന 4 കോടി 50 ലക്ഷം രൂപയിൽ നിന്നും 1 കോടി 35 ലക്ഷം രൂപയായി കുറവ് ചെയ്യുകയും കെയുആർ ഡി എഫ് സി യുടെ ബാധ്യത നഗരസഭ തീർത്തിട്ടുള്ളതുമാണ്. നിലവിൽ ഹഡ്കോയ്ക്ക് നല്കുവാനുള്ള വായ്പാ ഇകയിലും പിഴ പലിശയിലും ,സർക്കാർ ഹഡ്കോ അധികൃതരും നഗരസഭയും നടത്തിയ ചർച്ചയുടെ അടിസ്ഥാത്തിൽ ഹഡ്കോ ആവശ്യപ്പെടുന്ന 11 കോടി രൂപയിൽ നിന്നും കെ യു ആർ ഡി എഫ് സി നല്കിയ ഇളവ് പോലെ ഹഡ്കോയും ഇളവ് അനുവദിക്കാമെന്നും ധാരണയായിട്ടുണ്ട്. നഗരസഭയ്ക്ക് ഭീമമായ സാമ്പത്തിക കടബാധ്യതയിൽ നിന്നും മോചനം നേടുന്നതിന് ഭരണവകുപ്പും നഗരസഭ ഭരണസമിതിയും അധികൃതരും വിവിധ തലങ്ങളിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സഹായമായി ലഭിച്ച ഇകയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നല്കുന്നതിനായി സർക്കാർ അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിലും തനതുഫണ്ടുൾപ്പെടെ ഒടുക്കു വരുത്തിക്കൊണ്ട് കടബാധ്യത പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | തുടർന്ന് ഹഡ്കോയ്ക്ക് തുകയൊന്നും അടച്ചിട്ടില്ല. 23.02. 2001 ലെ കത്തിൻ പ്രകാരം 31.12.2000 വരെയുള്ള നഗരസഭയുടെ ബാധ്യത 725.63 ലക്ഷം രൂപ(മുതൽ 395 ലക്ഷം + പലിശ 330.63 ലക്ഷം) ആണെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭ കെ.യു.ഡി എഫ് സി യുമായി 23.03.2001 ന് ഏർപ്പെട്ട കരാർ പ്രകാരം ഹഡ്കോയിൽ നിന്നും കെ യു ഡി എഫ് സിയിൽ നിന്നുമുള്ള 10,26,30,109 രൂപയുടെ ഒറ്റ വായ്പയായി പരിഗണിക്കുന്നതിന് 29.06.2000 ത്തിലെ ജി.ഒ (എം.എസ)98/2000/ ഹഡ് പ്രകാരം അനുമതിയും ലഭിച്ചിട്ടുണ്ട്. കരാർ പ്രകാരം ടി വായ്പ തുകയും പലിശയും 31.03.2002 മുതൽ 31.02.2016 വരെയുള്ള കാലാവധിയ്ക്കുള്ളിൽ അടച്ച് തീർക്കേണ്ടതും ആദ്യ തവണയായി 4 കോടി രൂപ 31.3.2002 ന് ഒടുക്കിവരുത്തേണ്ടതും ബാക്കി തുക 1,18,500 രൂപയുടെ 56 ത്രൈമാസ തവണകളായി ഒടുക്കേണ്ടതുമാണ്. എന്നാൽ നഗരസഭ നാളിതുവരെ 130 ലക്ഷം രൂപ മാത്രമേ ഒടുക്കിയിട്ടുള്ളു. 31.12.2005 വരെയുള്ള നഗരസഭയുടെ ബാധ്യത 11,42,12,043 രൂപയാണ്.<br>അക്ഷയ കെട്ടിട സമുച്ചയത്തിലുള്ള കടമുറികളിൽ 80% ഭാഗവും വാടകയ്ക്ക് പോകാതെ ഒഴിഞ്ഞുകിടക്കുന്നതിനാൽ ഇപ്പോൾ ലഭിച്ചുവരുന്ന വാടക വായ്പ ഒടുക്കുവാൻ ഒട്ടും പര്യാപ്തമല്ല. വാടകയ്ക്ക് നല്കിയിട്ടുള്ള കടമുറികളിൽ നിന്നും തന്നെ കൃത്യമായി വാടക പിരിക്കുകയോ അവയുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.<br>നഗരസഭ 3 കോടി രൂപ നിക്ഷേപമായും 407 ലക്ഷം രൂപ സർക്കാർ ധനസഹായമായും പ്രതിമാസം 5 ലക്ഷം രൂപ വാടകയിനത്തിലും പ്രതീക്ഷിച്ചിരുന്നുവെങ്കിലും വളരെ തുച്ഛമായ തുക മാത്രമേ ലഭിച്ചിട്ടുള്ളു. അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിലെ കട/ഓഫീസ് മുറികളുടെ ഉയർന്ന ജാമ്യ നിക്ഷേപ തുകയും വാടകയുമാണ് ഇതിന്റെ 80% ഒഴിവായികിടക്കാൻ കാരണം<br>നഗരസഭയുടെ സമഗ്ര വികസനത്തിനും വരുമാനസ്രോതസ്സിനുമായി രൂപ കല്പന ചെയ്ത അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നാൾക്കുനാൾ നഗരസഭയെ ഭീമമായ കടക്കെണിയിലേയ്ക്ക് ആഴ്ത്തുകയാണ്. ഭീമമായ തുകകൾ ഉയർന്ന പലിശ നിരക്കിൽ വായ്പ | നിലവിൽ അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിലെ എല്ലാ കടമുറികളും ലേലത്തിൽ പോയിട്ടുള്ളതും ഒഴിവ് വരുന്ന മുറയ്ക്ക് ലേല നടപടികൾ സ്വീകരിച്ചുകൊണ്ട് നല്കി വരുന്നതുമാണ്. നിലവിൽ ശരാശരി 70 ലക്ഷം രൂപ വാടകയിനത്തിൽ വാർഷികമായി ലഭിക്കുന്നുണ്ടെന്നും നഗരകാര്യ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | എടുത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അവയുടെ ആത്യന്തിക വിജയം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനമോ വിശകലനമോ അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ കാര്യത്തിൽ നഗരസഭ അധികൃതർ സ്വീകരിച്ചിട്ടില്ല. നഗരസഭയുടെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായി ബാധിക്കുന്ന ഭീമമായ സാമ്പത്തിക ബാധ്യതയിൽ നിന്ന് മോചനം നേടാൻ ഭരണ വകുപ്പും നഗരസഭാ അധികൃതരും അടിയന്തിര പരിഹാര മാർഗ്ഗങ്ങൾ കാണേണ്ടതാണ്. | |
| 8 | 4.6.2 | **അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**<br>**ബെയ്സ്മെന്റിനുള്ളിൽ മണ്ണ് കൊണ്ട് വന്ന് നിറയ്ക്കൽ -ഒഴിവാക്കാമായിരുന്ന നഷ്ടം**<br>ആഡിറ്റ് റിപ്പോർട്ട് 2001-2004 ഖണ്ഡിക 2-13(3)<br>ടി പ്രവർത്തിയുടെ എസ്റ്റിമേറ്റിലെ 80ാം ഇനമായി കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്ന് നിറയ്ക്കുന്നതിന് 3362.164 ഘന മീറ്റർ മണ്ണ് 244.26/10 ഘനമീറ്റർ നിരക്കിൽ 82124.22 രൂപയും 47% ടെണ്ടർ എക്സസ് ഉൾപ്പെടെ 1,20,723 രൂപയും മൂല്യ നിർണ്ണയം ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിലെ 1,2 ഇനങ്ങൾ പ്രകാരം സൈറ്റിൽ തന്നെ | <u>നെയ്യാറ്റിൻകര നഗരസഭ</u><br>കരാറുകാരൻ മരണപ്പെട്ടുപോയതിനാൽ തുടർന്ന് തുക ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളതെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| | | ലഭ്യമായ 8965.62 ഘന മീറ്റർ മണ്ണ് ബേസ്മെന്റിന് ഉൾഭാഗം നിറയ്ക്കുന്ന പ്രവർത്തിയ്ക്ക് ഉപയോഗിക്കാമെന്നിരിക്കെ കരാറുകാരൻ സ്വന്തം മണ്ണ് കൊണ്ടുവരേണ്ട ആവശ്യമില്ല. ഇപ്രകാരം ടി ആവശ്യത്തിന് അധികമായി നല്കിയ 1,20,723 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | |
| 7 | 4.7.1 | **ചേരി വികസനം വൈദ്യുതി ലഭ്യമാക്കുന്നതിന് വൈദ്യുതി ലൈൻ നീട്ടൽ(ജനറൽ) പ്രോജക്ട് 26 പദ്ധതി ഭേദഗതിയ്ക്ക് അംഗീകാരം ഇല്ല**<br>വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ ഏകദേശം 2000 മീറ്റർ വൈദ്യുതിലൈൻ നീട്ടുക, ട്യൂബ്,ബൾബ് ഇടങ്ങി വൈദ്യുതി സാധനങ്ങൾ വാങ്ങി സ്ഥാപിക്കുക അങ്ങനെ ചേരിവികസനം സാദ്ധ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. വൈദ്യുതി ലൈൻ നീട്ടുന്നതിന് 4,00,000 രൂപയും ട്യൂബ് വാങ്ങുന്നതിന് 50,000/- രൂപയും വകയിരുത്തിയാണ് പദ്ധതിയിൽ ധനകാര്യ വിശകലനം നടത്തിയിരുന്നത്.<br>എന്നാൽ നഗരസഭ 2,02,457/-രൂപയ്ക്ക് ഇലക്ട്രിക് സാധനങ്ങൾ വാങ്ങുകയും 1,97,543/- രൂപ കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു. ഇതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. 2,02,457- രൂപയുടെ ഇലക്ട്രിക് സാധനങ്ങൾ ആവശ്യമാണെന്ന് കെ എസ് ഇ ബി അറിയിച്ചിട്ടില്ല. അംഗീകൃത പദ്ധതികളുടെ ഭേദഗതിക്ക് അംഗീകാരം വാങ്ങാതെയും സ്റ്റോക്ക് പർച്ചേയ്സ് നിയമം പാലിക്കാതെയും പദ്ധതി രേഖയിൽ നിന്നും വ്യതിചലിച്ച് 50,000/- രൂപയ്ക്ക് പകരം 2,02,457/- രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയത് അംഗീകരിക്കുന്നില്ല. ചെക്ക് നം.069704/23.03.02 പ്രകാരം 62,457/- രൂപ ശിവറാം ഇലക്ട്രിക്കൽസിന് നല്കിയിരുന്നു. 1,40,000-/രൂപയുടെ ചെക്ക് ഇഷ്യൂ ചെയ്തു എന്നതല്ലാതെ വാങ്ങലിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. സാധനങ്ങൾ വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്ററോ വിനിയോഗം സംബന്ധിച്ച രേഖകളോ ഹാജരാക്കിയിട്ടില്ലായെന്ന് മാത്രമല്ല മോണിറ്ററിംഗ് പോലും നടത്തിയിട്ടില്ലാത്തതിനാൽ ഇതിന് വേണ്ടി | <u>ആറ്റിങ്ങൽ നഗരസഭ</u><br>നഗരസഭ പരിധിയിലുള്ള തെരുവ് വിളക്കുകൾ കത്താത്തതിന് വ്യാപകമായ പരാതികൾ വന്നതുകാരണമാണ് അടിയന്തിരമായി സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട രേഖകളും ഫയലുകളും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന വിവരം അറിയിക്കുന്നു. കാലപ്പഴക്കം ചെന്ന രേഖകൾ ആയതിനാൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും രേഖകൾ റിക്കാർഡ് റൂമിലേയ്ക്ക് മാറ്റിയിട്ടുള്ളതാണ്. ആയതിനാൽ രേഖകൾ കണ്ടെത്തുന്നതിന് കൂടുതൽ സമയം ആവശ്യമുള്ളതായി നഗരസഭാ സെക്രട്ടറി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും കൂടാതെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ടെന്നും മേൽ വസ്തുതകൾ പരിഗണിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൂടുതൽ സമയം അനുവദിക്കണമെന്നും നഗരസഭാസെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായതിനു ശേഷം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട സമിതി മുൻപാകെ ബോധിപ്പിച്ചുകൊള്ളുന്നു. |

| | | | |
|---|---|---|---|
| | | ചെലവഴിച്ച 4 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. | |
| 8 | 4.8.1 | **വൗച്ചറുകൾ ഫയലുകൾ, മറ്റ് അനുബന്ധരേഖകൾ ഓഡിറ്റ് സമയത്ത് ഹാജരാക്കിയിട്ടില്ല.**<br>ഓഡിറ്റ് സമയത്ത് വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കാത്തതിനാൽ വൻതുക തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസ്സമായി നിലനിൽക്കുന്നു. ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണാധികാരികളും ഭരണവകുപ്പും കൈക്കൊള്ളുന്നില്ല. | **<u>1. അടൂർ നഗരസഭ</u> -2001-02 വർഷം - മരാമത്ത് പ്രവർത്തികൾ 920209/-രൂപ തടസ്സപ്പെടുത്തി.**<br>വളരെ കാലപ്പഴക്കമുള്ള ടി വൗച്ചറുകളും ഫയലുകളും മറ്റ് അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചിട്ടും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെന്നാണ് നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിരിക്കുകയാണ്.<br>**2. <u>പത്തനംതിട്ട നഗരസഭ -</u> 2000-01 വർഷം - വിവിധ ചെലവുകൾ, വിവിധ മരാമത്ത് പ്രവർത്തികൾ- 56,25,609 /- (3416036 + 2209573) രൂപ തടസ്സപ്പെടുത്തി.**<br>21 വർഷം മുൻപ് ഉള്ള വിഷയമായതിനാലും 5 നഗരസഭാ ഭരണ സമിതികൾ പിന്നിട്ടതിനാലും ടി കാലയളവിലെ ഭൂരിഭാഗം ജീവനക്കാരും ഇതിനകം വിരമിച്ചതിനാലും 2003 ൽ പത്തനംതിട്ട നഗരസഭ പഴയ കെട്ടിടത്തിൽ നിന്നും ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിലേയ്ക്ക് ഓഫീസ് മാറ്റിയതിനാലും വന്ന പരിമിതികൾ മൂലവുമാണ് തുടർനടപടികൾ സ്വീകരിക്കാൻ കഴിയാതിരുന്നതെന്നും നഗരസഭയിലെ അക്കൗണ്ട്സ് വിഭാഗത്തിൽ തെരച്ചിൽ നടത്തിയപ്പോൾ വൗച്ചറുകളും അനുബന്ധരേഖകളും തിരിച്ചുകിട്ടാനാകാത്ത വിധം നശിച്ചുപോയിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്നും പത്തനംതിട്ട നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായി നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br>**3. <u>അടൂർ നഗരസഭ</u> - 2000-01 വർഷം - വിവിധ ചെലവുകൾ (2.3), വിവിധ ചെലവുകൾ (2.9), മരാമത്ത് പ്രവർത്തികൾ - 7,30,508/-(317712 + 114969 + 297827) - രൂപ തടസ്സപ്പെടുത്തി.**<br>വളരെ കാലപ്പഴക്കമുള്ള ടി വൗച്ചറുകളും ഫയലുകളും മറ്റ് അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചിട്ടും കണ്ടെത്തുവാൻ |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിട്ടില്ലെന്നാണ് നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിരിക്കുകയാണ്. |
| 9 | 4.9.1 | **ശബരിമല ഇടത്താവള നിർമ്മാണം- 290469 /-നിരാകരിക്കുന്നു.**<br>ശബരിമല ഇടത്താവള നിർമ്മാണത്തിനായി നഗരസഭ വാങ്ങിയ ഭൂമിയിൽ സംരക്ഷണ ഭിത്തി കെട്ടി മണ്ണിട്ട് നികത്തുന്ന ഈ പ്രവർത്തിയിൽ മരാമത്തു വിഭാഗത്തിന്റെ അശ്രദ്ധ മൂലം 3 ലക്ഷം രൂപയോളം നഷ്ടം മുനിസിപ്പൽ ഫണ്ടിന് ഉണ്ടായിട്ടുള്ളതായി കാണുന്നു. | **പത്തനംതിട്ട നഗരസഭ**<br>ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന ഡേറ്റാ 56 പ്രകാരം നിരക്ക് വരുന്നത് കേവലം റോഡ് വർക്കുകൾക്ക് മാത്രമാണ്. റോഡു വർക്കുകളുടെ മണ്ണുപയോഗിച്ചുള്ള നികത്തലിന് മാൻ കൂലി കുറച്ചുകൊടുത്താൽ മതിയാകും എന്നാൽ ശബരിമല ഇടത്താവളം നിർമ്മിച്ചിരിക്കുന്നത് ചതുപ്പുനിലത്തിലാണ്. പ്രസ്തുത ചതുപ്പുനിലം മണ്ണിട്ട് നികത്തുന്നതിന് ലോറി സൈറ്റിൽ പോകാത്ത അവസ്ഥയിൽ ആയിരുന്നു. ആയതുകൊണ്ട് തന്നെ മെയിൻ റോഡിൽ മണ്ണിറക്കിയതിനു ശേഷം കൂടുതൽ മാൻ ലോഡിങ്ങ് ഉപയോഗിച്ച് മണ്ണു നിരത്തിയാണ് പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത്. ആ വിധത്തിൽ നോക്കുമ്പോൾ ഫൗണ്ടേഷൻ മണ്ണിട്ട് നികത്തുന്നതിനുള്ള മാൻ കൂലിയേക്കാൾ കൂടുതൽ തുക ഈ പ്രവർത്തിയ്ക്ക് ആവശ്യമായി വരുമായിരുന്നു. ആ കൂടിയ നിരക്ക് നല്കാതെ അതിൽ കുറഞ്ഞ നിരക്കായ ഫൗണ്ടേഷൻ നിർമ്മാണത്തിന് ബാധകമായ നിരക്കാണ് നല്കിയിട്ടുള്ളത്. ആകയാൽ ഓഡിറ്റ് നിരീക്ഷണത്തിൽ പറയുന്ന രൂപത്തിൽ നഷ്ടമുണ്ടായിട്ടില്ലെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട് കൂടാതെ ടി കാലയളവിൽ ജോലി ചെയ്തിരുന്ന മിക്ക ജീവനക്കാരും സർവീസിൽ നിന്ന് വിരമിച്ചതിനാലും കരാർ ഏറ്റെടുത്തിരുന്ന കരാറുകാരൻ ശ്രീ. മഠത്തിക്കൽ ജെയിംസ് എന്ന വ്യക്തി മരണപ്പെട്ടതിനാലും ടി കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പരിമിതികൾ ഉണ്ടെന്ന വിവരവും നഗരസഭാ സെക്രട്ടറി സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 10 | 4.10.1 | **മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല**<br>വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാരുടെ പേരിൽ നല്കിയ മുൻകൂറുകൾ വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. 2000-2001 വരെ 190274/- രൂപ രജിസ്റ്റർ പ്രകാരം ക്രമീകരിക്കാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെലവിന്റെ രേഖകൾ ഹാജരാക്കാതെ വർഷങ്ങളായി മുൻകൂറുകൾ ക്രമീകരിക്കാതിരിക്കുന്നതും സ്ഥാപനത്തിന്റെ ഉത്തമ സാമ്പത്തിക | **അടൂർ നഗരസഭ**<br>-<br>തുക ക്രമീകരിക്കുന്നതിനായി മെമ്മോയും നോട്ടീസും നൽകിയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരിൽ ഭൂരിഭാഗം പേരും മുൻകൂറുകൾ ക്രമവൽക്കരിച്ചിട്ടുണ്ട്. ഇൻകംബ്രൻസി രജിസ്റ്റർ അനുസരിച്ച് ടി കാലയളവിലെ തുക ക്രമവൽക്കരിക്കാത്തവർക്ക് അടിയന്തിരമായി തുക |

| | | | |
|---|---|---|---|
| | | താല്പര്യത്തിന് വിരുദ്ധമായതിനാൽ ഈ വിഷയത്തിൽ ഉന്നതതല അന്വേഷണവും നടപടിയും അനിവാര്യമാണ്. | ക്രമവൽക്കരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ടി കാലയളവിൽ മുൻകൂർ തുകയായ 75,000/-രൂപ ക്രമീകരിക്കാത്ത ശ്രീ.കെ.കെ.വർഗ്ഗീസിനെതിരെ നഗരസഭാ ഫണ്ട് ദുർവിനിയോഗം സംബന്ധിച്ച് വിജിലൻസ് കേസ് നടന്നു വരുന്നതും ടിയാൻ സർവ്വീസിൽ നിന്നും 31/05/2004 ൽ വിരമിച്ചിട്ടുള്ളതുമാണ്. നഗരകാര്യ ഡയറക്ടറുടെ 20/05/2008 ലെ ഇ 5-1992/08-ാം നമ്പർ ഉത്തരവു പ്രകാരം ടിയാന് മിനിമം പെൻഷൻ മാത്രമേ നൽകി വരുന്നുള്ളൂ. |
| 11 | 4.13.1 | **<u>മുനിസിപ്പൽ റസ്റ്റ് ഹൗസ് ലേലം – മുനിസിപ്പൽ ഫണ്ടിന് നഷ്ടം</u>**<br>പൂവക്കാട്ടുചിറ പാർക്ക് വികസനവും റിക്രിയേഷൻ സെന്റർ നിർമ്മാണവും എന്ന പദ്ധതി ബി.ഒ.ടി അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് 2001-02 വർഷത്തെ ജനകീയസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. (പ്രോജക്ട് നമ്പർ 103/2001-2002 ടൂറിസം പദ്ധതി പൂവക്കാട്ടുചിറ) മുനിസിപ്പൽ റസ്റ്റ് ഹൗസ്, പാർക്ക്, പൂവക്കാട്ടുചിറ എന്നിവ ടി പ്രോജക്റ്റിൽ ഉൾപ്പെട്ടിരുന്നു. 24.08.2001 ൽ ഡി.പി.സി അംഗീകാരം ലഭിച്ച ടി പദ്ധതികളുടെ പദ്ധതി അടങ്കൽ 5 ലക്ഷം രൂപയാണ്.(പ്ലാൻ ഫണ്ട് 2 ലക്ഷം+ തനത് ഫണ്ട് 3 ലക്ഷം) ഐ.സി.ഐ കിൻഫ്രാ, തിരുവനന്തപുരം എന്ന കൺസൾട്ടൻസിയുമായി സഹകരിച്ച് ടി പദ്ധതി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചത്.<br>കൺസൾട്ടന്റ് സ്ഥാപനമായ ഐ.സി.ഐ.സി.ഐ കിൻഫ്രാ തയ്യാറാക്കിയതായി പറയുന്ന ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട്, പ്രോജക്ട് റിപ്പോർട്ട്, ബിഡ് ഡോക്യുമെന്റ് കൺസെഷൻ എഗ്രിമെന്റിന്റെ പകർപ്പ് തുടങ്ങിയ രേഖകൾ ഹാജരാക്കിയ ഫയലിൽ കാണുന്നില്ല. എങ്കിലും മേൽപ്പറഞ്ഞ രേഖകൾ തയ്യാറാക്കിയതിന് മുൻപറഞ്ഞ സ്ഥാപനത്തിന് 4 ലക്ഷം രൂപ നല്കി. കൂടാതെ പത്ര പരസ്യത്തിനുള്ള ചെലവ് എന്ന പേരിൽ 2,36,792/- രൂപയും നല്കി.( മൊത്തം 6,36,792/-രൂപ) കൺസൾട്ടൻസി സ്ഥാപനം തയ്യാറാക്കിയ കൺസെഷൻ എഗ്രിമെന്റ് സർക്കാരിൽ നിന്ന് | **<u>ചങ്ങനാശ്ശേരി നഗരസഭ</u>**<br>നഗരസഭാ വക പൂവക്കാട്ട് ചിറ കുളത്തിന്റെ വികസനം റിക്രിയേഷൻ സെന്റർ നിർമ്മാണം എന്നിവയ്ക്ക് ഐ.സി.ഐ.സി.ഐ കിൻഫ്ര തയ്യാറാക്കിയ പ്രോജക്ട് പ്രകാരം ബി.ഒ.ടി വ്യവസ്ഥയിൽ സെന്റ് മേരീസ് ഗ്രൂപ്പിന്റെ ഓഫർ അംഗീകരിച്ചിരുന്നു. എന്നാൽ എഗ്രിമെന്റിലെ ആർബിട്രേഷൻ ക്ലോസ്സ് ഒഴിവാക്കി കരാർ വെയ്ക്കണമെന്ന സർക്കാരിൽ നിന്നുള്ള നിർദ്ദേശം അംഗീകരിച്ച് കരാർ വെയ്ക്കുന്നതിന് നഗരസഭ തെരഞ്ഞെടുത്ത സെന്റ് മേരീസ് ഗ്രൂപ്പ് എന്ന സ്ഥാപനം തയ്യാറാകാത്തതിനെ തുടർന്ന് ടി സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് കൗൺസിൽ ശുപാർശ ചെയ്തിട്ടുണ്ട്. സെന്റ് മേരീസ് ഗ്രൂപ്പിനെതിരെയുള്ള നിയമ നടപടി ത്വരിതപ്പെടുത്തുന്നതിന് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. നിലവിൽ പൂവക്കാട്ട്ചിറകുളം പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ നവീകരിച്ചിട്ടുണ്ട്.<br>നഗരസഭാ വക റസ്റ്റ് ഹൗസ് 06.02.2004 ലെ ലേല പരസ്യ പ്രകാരം 25.02.2004 ൽ നടന്ന ലേലത്തിൽ 155000/- രൂപ സെക്യൂരിറ്റി തുകയും 10000/- രൂപ പ്രതിമാസ വാടകയും നിശ്ചയിച്ച് ശ്രീ.ജഗദീശ് ചന്ദ്രൻ നായർക്ക് ലേലം ഉറപ്പിച്ചിട്ടുള്ളതും, ഐ.സി.ഐ.സി.ഐ കിൻഫ്രാ പദ്ധതി ബിഡ് ചെയ്യുന്ന മുറയ്ക്ക് ലേലം ഉറപ്പിച്ച് ചെയ്യാൽ |

| | | | |
|---|---|---|---|
| | | മുൻകൂർ അംഗീകാരം വാങ്ങാതെ തന്നെ പദ്ധതി നടത്തിപ്പിനുള്ള ഓഫറുകൾ ക്ഷണിച്ചതായി കാണുന്നു. (കൺസൾട്ടൻസി സ്ഥാപനം 05.05.2004 ൽ ബിഡ് ഇവാലുവേഷൻ റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും കൺസെഷൻ എഗ്രിമെന്റിൽ നിന്നും ആർബിട്രേഷൻ ക്ലോസ് ഒഴിവാക്കണമെന്ന് 17/02/2005 ലെ കത്ത് പ്രകാരം (നമ്പർ 5211/ബി3/04/എൽ എസ് ജി ഡി 17.02.2005) സർക്കാർ നിർദ്ദേശിച്ച പ്രസ്തുത ക്ലോസ് ഒഴിവാക്കിക്കൊണ്ട് കരാർ വയ്ക്കുന്നതിന് നഗരസഭ തിരഞ്ഞെടുത്ത സെൻറ് മേരീസ് ഗ്രൂപ്പ്, എന്നസ്ഥാപനം തയ്യാറായില്ല. നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം സെൻറ് മേരീസ് ഗ്രൂപ്പിൽ നിന്നും ഈടാക്കുന്നതിന് നഗരസഭ തീരുമാനിച്ചു. (30.01.2006 ലെ 6-ാം നമ്പർ തീരുമാനം). എന്നാൽ പദ്ധതി നടത്തിപ്പിന് ഓഫർ സമർപ്പിച്ച സ്ഥാപനത്തിൽ നിന്നും 10 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരണ്ടി വാങ്ങേണ്ടതിനു പകരം ഒരു ഇൻഡമിനിറ്റി ബോണ്ട് മാത്രം വാങ്ങിയതിനാൽ നഷ്ടപരിഹാരം ഈടാക്കുന്നതിന് സാദ്ധ്യത ഇല്ലെന്ന് നഗരസഭയ്ക്ക് നിയമോപദേശം ലഭിച്ചു. ഡ്രാഫ്റ്റ് കൺസെഷൻ കരാറിൽ ആർബിട്രേഷൻ വ്യവസ്ഥ ഉൾപ്പെട്ടിരുന്ന കാര്യവും നിയമോപദേശത്തിനായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സർക്കാരിന്റെ നിയമവകുപ്പ് കരട് കരാർ പരിശോധിക്കുന്നതിന് മുൻപ് തന്നെ ഓഫറുകൾ ക്ഷണിച്ചതു മൂലമാണ് ഇങ്ങനെ സംഭവിച്ചത്. ചില ഭേദഗതികളോടുകൂടി പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശം ഉണ്ടായെങ്കിലും നാളിതുവരെ പദ്ധതി ആരംഭിച്ചിട്ടില്ല. ടി പ്രോജക്ടിനു വേണ്ടി നഗരസഭ ചെലവഴിച്ച 6,36,792/- രൂപയും പ്രയോജനരഹിതമായി.<br>ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്ക് കൊടുത്തിരുന്ന മുനിസിപ്പൽ റസ്റ്റ് ഹൗസിന്റെ കാലാവധി 18.01.2004 ൽ അവസാനിച്ചിരുന്നതിനാൽ 25.02.2004 മുതൽ ഒരു വർഷത്തേയ്ക്ക് പ്രതിമാസം 10,000-/രൂപ വാടകയും (ലൈസൻസ് ഫീസ്) 1,55,000/- രൂപ സെക്യൂരിറ്റി നിക്ഷേപവും എന്ന വ്യവസ്ഥയിൽ ശ്രീ.ജഗദീഷ് ചന്ദ്രൻനായർ എന്നയാൾക്ക് റസ്റ്റ് ഹൗസ് ലേലം ഉറപ്പിച്ച് നല്കിയിരുന്നു. എന്നാൽ പൂവക്കാട്ടുചിറ ടൂറിസം പദ്ധതി ബിഡ് ചെയ്യാൻപോകുന്നു എന്ന കാരണവും പറഞ്ഞ് റസ്റ്റ് ഹൗസിന്റെ | മതിയെന്നുമാണ് തീരുമാനിച്ചിരുന്നത്. ടി പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് കൗൺസിൽ തീരുമാനിച്ചതിൽ ടിയാൻ 04.06.2010 ൽ ഇ.എം.ഡി തുക തിരികെ നൽകുന്നതിന് അപേക്ഷിച്ചപ്പോൾ ധനകാര്യ സ്ഥിര സമിതിയുടെ 24.06.2014 ലെ 3-ാം നമ്പർ തീരുമാന പ്രകാരം ഐ.സി.ഐ.സി.ഐ കിൻഫ്രാ പദ്ധതിയിലൂടെ "പൂവക്കാട്ട്ചിറ ടൂറിസം പദ്ധതി" ബിഡ് ചെയ്ത സാഹചര്യത്തിൽ 2004 ലെ റസ്റ്റ് ഹൗസ് ലേലം റദ്ദ് ചെയ്യുന്നതിനും ഇ.എം.ഡി തുക തിരികെ നൽകുന്നതിനും തീരുമാനിച്ചത്. നിയമാനുസൃതമായ കമ്മറ്റി തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ലേലം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും ടി പദ്ധതി നിശ്ചിത സമയത്തിനകം നടപ്പാക്കാതെ വന്നത് ബോധപൂർവ്വമായ നടപടിയുടെ ഭാഗമായിട്ടല്ലെന്നും നഗരകാര്യ ഡയറക്ടർ അറിയിക്കുന്നു. അടിസ്ഥാന സൗകര്യവും വരുമാനവും മെച്ചപ്പെട്ട സേവനവും ലക്ഷ്യം വച്ചാണ് ടി പദ്ധതി നടപ്പാക്കുന്നതിന് നഗരസഭ ശ്രമിച്ചത്. സമയബന്ധിതമായി പദ്ധതി നടപ്പാക്കണമെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ടി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകാതിരിക്കുന്നതിനും വേണ്ടിയാണ് ലേലം റദ്ദ് ചെയ്തത്.<br>പൂവക്കാട്ട് ചിറയിലുള്ള മുനിസിപ്പൽ റസ്റ്റ് ഹൗസ് 17.09.2007 മുതൽ ലേല വ്യവസ്ഥയിൽ 3 വർഷക്കാലം 1250/- രൂപ നിരക്കിൽ മാസ വാടകയിനത്തിലും 2/2010 മുതൽ 3 വർഷക്കാലം 5000/- രൂപ നിരക്കിലും 4/2014 മുതൽ 6/15 വരെ 7500/- രൂപ നിരക്കിലും 7/15 മുതൽ 3/20 വരെ 10000/- രൂപ നിരക്കിലും മാസ വാടക ഈടാക്കിയിട്ടുള്ളതാണ്. ആയതിനാൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| | | ലേലം റദ്ദ് ചെയ്തു. ടൂറിസം പദ്ധതി ബി.ഓ.റ്റി അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി ടി സമയം ലഭിച്ചിരുന്നില്ല. മുനിസിപ്പാലിറ്റി വക റസ്റ്റ് ഹൗസ് മുൻകൂർ നോട്ടീസ് പ്രകാരം ഏതു സമയത്തും കരാർ വ്യവസ്ഥ പ്രകാരം ഒഴിപ്പിക്കാവുന്നതാണ്. ഇക്കാര്യങ്ങൾ പരിഗണിക്കാതെ ലേലം റദ്ദാക്കപ്പെടുകയും നിർദ്ദിഷ്ട പ്രോജക്ട് നടപ്പിലാക്കാതെയും വന്നതിനാൽ റസ്റ്റ് ഹൗസിൽ നിന്നും ലഭിക്കേണ്ട വാടകയിനത്തിൽ നഗരസഭയ്ക്ക് വൻ നഷ്ടമുണ്ടായതായി കാണുന്നു. 18.01.2004 ന് ശേഷം റസ്റ്റ് ഹൗസ് നാളിതുവരെ വാടകയ്ക്ക് കൊടുത്തിട്ടില്ല. ഈ ഇനത്തിൽ 06.07.2007 വരെയുള്ള നഷ്ടം 6,00,000/-ൽ പരം രൂപ എന്ന് കണക്കാക്കുന്നു. കൂടാതെ മുനിസിപ്പൽ ഫണ്ടിൽ നിന്നും കറന്റ് ചാർജ്, വെള്ളക്കരം സെക്യൂരിറ്റി ഇനങ്ങളിൽ ഗണ്യമായ തുക ചെലവഴിക്കേണ്ടതായി വരുന്നു. റസ്റ്റ് ഹൗസ് ഉപയോഗിക്കപ്പെടാത്ത സാഹചര്യത്തിൽ ഫർണിഷിംഗുകൾ ഫർണിച്ചറുകൾ മറ്റ് ഉപകരണങ്ങൾ മുതലായവ നശിച്ചുപോകാനുള്ള സാധ്യത വർദ്ധിക്കുകയും കെട്ടിടത്തിന്റെ മെയിന്റനൻസ് ചെലവ് വർദ്ധിക്കുകയും ചെയ്യുന്നു. | |
| 12 | 4.13.2 | **വൈദ്യുതി ഉപകരണങ്ങളുടെ വാങ്ങലും വിതരണവും അപാകതകൾ**<br>ചങ്ങനാശ്ശേരി നഗരസഭയിൽ തെരുവു വിളക്കുകൾ കത്തിക്കുന്നതിനു വേണ്ടി വൈദ്യുതി ഉപകരണങ്ങൾ വാങ്ങുന്നതിലും വിതരണം നടത്തുന്നതിലും ക്രമക്കേടുകൾ ഉള്ളതായി കാണുന്നു. 2002-03 വർഷം ഇലക്ട്രിക് സാധനങ്ങൾ വാങ്ങുന്നതിനായി മൂന്ന് തവണകളായി 4,11,015/- രൂപ ചെലവഴിച്ചു. ഓരോ പ്രാവശ്യത്തെയും തുക 20000/രൂപയിൽ കൂടുതലായിരുന്നുവെങ്കിലും സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ/ ക്വട്ടേഷൻ ക്ഷണിക്കാതെയാണ് വാങ്ങൽ നടത്തിയത്. വാങ്ങിയ സാധനങ്ങൾ വൈദ്യുതി ബോർഡിന് കൈമാറി പ്രവർത്തികൾ ചെയ്യിക്കുന്നതിനു പകരം സാധനങ്ങൾ നഗരസഭാ കൗൺസിലർമാർക്കാണ് വിതരണം ചെയ്തത്. ടി പ്രവർത്തി 23.03.1997 ലെ ജി.ഒ(എം.എസ്)13/97 പവർ ഡിപ്പാർട്ട്മെന്റ് ഉത്തരവിന് വിരുദ്ധമാണ്. കൗൺസിലർമാർ | **ചങ്ങനാശ്ശേരി നഗരസഭ**<br>ചങ്ങനാശ്ശേരി നഗരസഭയിൽ ഇലക്ട്രിക്കൽ സാങ്കേതിക വിഭാഗം ജീവനക്കാർ ഇല്ലാത്തതിനാൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും റിട്ടേർഡ് ഇലക്ട്രിക്കൽ പി.ഡബ്ല്യു.ഡി വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർമാരും ചേർന്ന കമ്മിറ്റിയായ DLTCE ടി പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നൽകുകയും ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ചു കഴിഞ്ഞാൽ പിന്നീട് ഓപ്പൺ ടെണ്ടർ ക്ഷണിക്കുകയും DLTCE യുടെ മേൽ നോട്ടത്തിൽ തന്നെ ടി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു വരുന്നു. തെരുവ് വിളക്ക് പരിപാലനവും ടെണ്ടർ മുഖാന്തിരം അംഗീകൃത ഇലക്ട്രിക്കൽ സ്ഥാപനം മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്. തെരുവ് വിളക്ക് കത്താത്തത് സംബന്ധിച്ച പരാതി രജിസ്റ്ററും, വാങ്ങലുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും കൃത്യമായി സൂക്ഷിച്ച് വരുന്നു. ഓഡിറ്റ് പരാമർശത്തിൽ |

| | | | |
|---|---|---|---|
| | | കൈപ്പറ്റിയ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് വേണ്ടി വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സാധനങ്ങൾ കൈപ്പറ്റിയ പലതും കൈയ്യൊപ്പ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വിതരണത്തിന്റെ കൃത്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല. | പറയുന്ന എല്ലാ അപാകതകളും പരിഹരിച്ചാണ് വൈദ്യുതി ഉപകരണങ്ങളുടെ വാങ്ങലും വിതരണവും പരിപാലനവും നടപ്പിലാക്കി വരുന്നത്.<br>നിലവിൽ കെ.എസ്.ഇ.ബി മുഖാന്തിരം യാതൊരു ഇലക്ട്രിക്കൽ റിപ്പയറിംഗ് പ്രവർത്തികളും പർച്ചേസ് പ്രവർത്തികളും നടത്തുന്നില്ല . നിലവിലെ മാനദണ്ഡങ്ങളനുസരിച്ച് നഗരസഭ തന്നെ നേരിട്ടാണ് പ്രവർത്തികൾ നടത്തി വരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. |
| 13 | 4.18.1 | ജനകീയാസൂത്രണം – പദ്ധതി നടത്തിപ്പുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>2006–2007 വർഷത്തിൽ പുറപ്പെടുവിച്ച 2 നഗരസഭകളുടെ റിപ്പോർട്ടുകൾ പ്രകാരം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ലക്ഷക്കണക്കിന് രൂപയുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല( ആകെ 73,02,155/-രൂപ).<br>കേരളാ മുനിസിപ്പാലിറ്റി (മാനർ ഓഫ് ഇൻസ്പെക്ഷൻ ആന്റ് ഓഡിറ്റ് സിസ്റ്റം) റൂൾസ് 1997 ചട്ടം 12(2) പ്രകാരം ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | **ചിറ്റൂർ തത്തമംഗലം നഗരസഭ**<br>2000–01 ലെ ഓഡിറ്റ് പരാമർശം 3.14 ൽ സൂചിപ്പിച്ചിട്ടുള്ള 43 രേഖകളിൽ 25 എണ്ണം മരാമത്ത് വൗച്ചറുകളും 18 എണ്ണം സ്റ്റാറ്റ്യൂട്ടറി തുകകളുടെ വൗച്ചറുകളും ആണ്. ആയതിൽ 8 മരാമത്ത് വർക്കുകളുടെ വൗച്ചറുകൾ സംബന്ധിച്ച അളവ് പുസ്തകങ്ങൾ ലഭ്യമായത് ഓഡിറ്റ് വിഭാഗത്തിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള മരാമത്ത് വർക്കുകളുടെ വൗച്ചറുകൾ സംബന്ധിച്ച പ്രവർത്തികൾ എല്ലാം പൂർത്തിയാക്കിയിട്ടുള്ളതാണെന്നും ടി വർഷത്തിലെ സ്റ്റാറ്റ്യൂട്ടറി പേയ്മെന്റുകൾ കുടിശ്ശികയില്ലെന്നും പരാമർശിത വൗച്ചറുകളിലുള്ള തുകകളെല്ലാം യഥാവിധി വിനിയോഗിച്ചിട്ടുള്ളതാണെന്നും നഗരസഭ ധനകാര്യ സ്ഥിരം സമിതി വിലയിരുത്തുകയും പ്രസ്തുത വിഷയം കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്യുകയും 28/10/2021 ലെ കൗൺസിലിന്റെ 220ാം നമ്പർ തീരുമാനപ്രകാരം ശുപാർശ അംഗീകരിച്ചിട്ടുള്ളതും ആയത് ലഭ്യമായ രേഖകൾ സഹിതം സീനിയർ ഓഡിറ്റ് ഓഫീസർ, ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാടിന് ഹാജരാക്കിയിട്ടുമുള്ളതാണ്. ആയതിനാൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു. |
| 14 | 4.19.1 (1) | <u>പാലക്കാട് നഗരസഭ</u><br>**ഓഡിറ്റിന് വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കിയില്ല**<br>**2002–03 ചെലവ് ഓഡിറ്റ് റിപ്പോർട്ട്**<br>**2(16) വിവിധ മരാമത്ത് പ്രവർത്തികൾക്കായി വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച തുക** | ടി ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഇനങ്ങളെ സംബന്ധിക്കുന്ന ഫയലുകളും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ഇപ്പോൾ ഓഡിറ്റിന് നൽകിയിട്ടുണ്ട്. ഈ ഖണ്ഡികയിൽ പരാമർശിക്കുന്ന മറ്റ് പ്രവർത്തികൾ സംബന്ധിക്കുന്ന ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഇതിനുമുമ്പ് ഫയലുകൾ കൈകാര്യം ചെയ്തിരുന്ന |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതായിരിക്കുംഎന്നും നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br>മുനിസിപ്പൽ എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ അന്വേഷണത്തിൽ ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചതായി മനസ്സിലാക്കുന്നു. വൈദ്യുതി ബോർഡിന്റെ ഓഫീസുകളുമായി ബന്ധപ്പെട്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| | (2) | 2(18) പാലക്കാട് നഗരസഭ – നഗരസഭയിലെ വാഹനങ്ങളിൽ ഇന്ധനം നിറച്ചത്. | കെ.എൽ.9 ഇ/381,കെ.ആർ.പി. 8258, കെ.ആർ.പി. 2636 എന്നീ വാഹനങ്ങളെ സംബന്ധിക്കുന്ന ലോഗ് ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. മറ്റു രേഖകൾ ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. ടി വിഷയം കൈകാര്യം ചെയ്തിരുന്ന മുൻ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി നടപടി സ്വീകരിക്കുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| | (3) | 2(31) (പാലക്കാട് നഗരസഭ – 2002-2003 സാമ്പത്തിക വർഷത്തെ വിവിധ മരാമത്ത് പ്രവർത്തികൾ | ഈ ഖണ്ഡികയിൽ പരാമർശിക്കുന്ന 31 ഫയലുകൾ ഇപ്പോൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| | (4) | 2(46) പാലക്കാട് നഗരസഭ – പദ്ധതി ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്ത മരാമത്ത് പ്രവർത്തികൾ | ഈ ഖണ്ഡികയിൽ പരാമർശിക്കുന്ന പ്രവൃത്തികളുടെ 16,37,066/- രൂപയുടെ 18 ഫയലുകൾ ഇപ്പോൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ബാക്കി ഫയലുകളും എം.ബുക്കുകളും പരിശോധന നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ വിഷയം മുമ്പ് കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി ഉത്തരവാദികളായവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | (5) | **2(28)പാലക്കാട് നഗരസഭ - ടാർ വാങ്ങുന്നതിനായി വിനിയോഗിച്ച തുകയുടെ വിവരം** | ടി വൗച്ചറുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ബിറ്റുമിൻ രജിസ്റ്ററിന്റെ ചുമതലയുണ്ടായിരുന്ന ശ്രീ. വി.രാമൻകുട്ടി സർവീസിൽ നിന്ന് വിരമിച്ചു. അദ്ദേഹത്തിൽ നിന്ന് നഗരസഭ സെക്രട്ടറി ടി ഓഡിറ്റ് ഖണ്ഡികയിലെ തടസ്സവാദങ്ങൾക്ക് വിശദീകരണം ചോദിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകാൻ ശ്രീ. രാമൻകുട്ടിക്ക് കഴിഞ്ഞിട്ടില്ലെന്നും അദ്ദേഹത്തിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ വാങ്ങി നടപടി സ്വീകരിക്കുന്നതാണെന്നും നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| | (6) | **2(43) പാലക്കാട് നഗരസഭ - ടാർ വാങ്ങുന്നതിനായി ഉപയോഗിച്ച തുക (പദ്ധതി ഫണ്ട്)** | നഗരസഭയിലെ ടാർ സൂക്ഷിക്കുന്നതിനുള്ള ചുമതല ടി കാലയളവിൽ ടൗൺ പ്ലാനിംഗ് ഓഫീസറായിരുന്ന ശ്രീ. വി. രാമൻകുട്ടിക്കായിരുന്നു. സ്റ്റോറിൽ വന്നിട്ടുള്ള ടാർ കൃത്യമായി വിതരണം ചെയ്യുകയും ഈ വസ്തുത റീജിയണൽ ജോയിന്റ് ഡയറക്ടറുടെ പരിശോധന വേളയിൽ ബോദ്ധ്യപ്പെടുത്തിയതാണെന്നുമുള്ള വിശദീകരണമാണ് ശ്രീ.രാമൻകുട്ടി നൽകിയിട്ടുള്ളത്. ടിയാൻ സർവീസിൽ നിന്ന് വിരമിച്ചു. അദ്ദേഹത്തിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ വാങ്ങി നടപടി സ്വീകരിക്കുന്നതാണെന്നും നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| | (7) | **2(42) പാലക്കാട് നഗരസഭ - വിവിധ മരാമത്ത് പ്രവർത്തികൾക്കായി അടച്ച നികുതി** | ടി ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വിൽപ്പന നികുതി ആദായ നികുതി, കെട്ടിട നിർമ്മാണ ക്ഷേമ നിധി എന്നിവ നഗരസഭ യഥാക്രമം വാണിജ്യ നികുതി വകുപ്പ്, ആദായ നികുതി വകുപ്പ്, കെട്ടിട നിർമ്മാണ ക്ഷേമ നിധി ബോർഡ് എന്നിവയിൽ അടച്ചിട്ടുള്ളതാണ്. വൗച്ചറുകൾ കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആദായ നികുതിയിൽ കുറവു വന്ന 3038/- രൂപ ആദായ നികുതി വകുപ്പിൽ അടക്കുന്നതാണെന്നും നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| | (8) | **2(44) പാലക്കാട് നഗരസഭ -ചടനാം കുറിശ്ശി റോഡ് വൈദ്യുതികരണം** | ടി ഖണ്ഡികയിൽ പരാമർശിക്കുന്ന വൈദ്യുതികരണ പ്രവൃത്തി |

| | | | |
|---|---|---|---|
| | | | നടന്നിട്ടുള്ളതായി മുനിസിപ്പൽ എഞ്ചിനീയറുടെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കെ എസ് ഇ.ബി-യിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| | (9) | 2- 28(A) പാലക്കാട് നഗരസഭ - വിവിധ പ്രവർത്തികൾക്കായി കൺവീനർമാർക്ക് നല്കിയ മൊബിലൈസേഷൻ അഡ്വാൻസ് | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുകകൾ, മൊബിലൈസേഷൻ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി ക്രമീകരിക്കുന്നതിനുള്ള വിവരങ്ങൾ ഒന്നും ഓഫീസ്സിൽ ലഭ്യമല്ലയെന്ന് മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതായി നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസ് ക്രമീകരിക്കാത്തവരിൽ നിന്നും, അഡ്വാൻസായി കൈപ്പറ്റിയ തുക പലിശ സഹിതം ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാൻ മുനിസിപ്പൽ എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| | (10) | 2(41) പാലക്കാട് നഗരസഭ - വിവിധ പ്രവർത്തികൾക്കായി കൺവീനർമാർക്ക് നല്കിയ മൊബിലൈസേഷൻ അഡ്വാൻസ് | ടി ഖണ്ഡികയിൽ പരാമർശിക്കുന്ന മൊബിലൈസേഷൻ അഡ്വാൻസുകൾ ക്രമീകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമല്ല എന്നാണ് മുനിസിപ്പൽ എഞ്ചിനീയർ നല്കിയിരിക്കുന്ന വിശദീകരണമെന്നും മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ എല്ലാ തുകകളുടെയും വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് ക്രമീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാൻ മുനിസിപ്പൽ എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| | (11) | 2(39) പാലക്കാട് നഗരസഭ - വീടുകളുടെ വൈദ്യുതീകരണ പദ്ധതി | ഗുണഭോക്താക്കളെ അപേക്ഷ ക്ഷണിച്ച് വാർഡു കമ്മിറ്റികൾ മുഖേനയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് ഗുണഭോക്തൃ സമിതികളുടെയും, മുനിസിപ്പൽ ഭരണ സമിതിയുടെയും മേൽ നോട്ടത്തിൽ വയറിംഗ് സാമഗ്രികൾ വാങ്ങി വയറിംഗ് നടത്തുക എന്നതായിരുന്നു പദ്ധതിയെങ്കിലും ഇത് |

| | | | |
|---|---|---|---|
| | | | അപ്രായോഗികമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കളെ നേരിട്ട് വയറിംഗ് നടത്തുന്നതിന് അനുവദിക്കുകയാണ് ചെയ്യുന്നതെന്നും ഇലക്ട്രിസിറ്റി ബോർഡിൽ ഉപഭോക്താക്കൾ കാഷൻ ഡിപ്പോസിറ്റ് അടച്ചതിന്റെ രശീതി ഹാജരാക്കിയ മുറക്ക് മുനിസിപ്പൽ എഞ്ചിനീയറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു. |
| | (12) | 2(40) പാലക്കാട് നഗരസഭ - പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനായി കേരളാ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക | ടി ഖണ്ഡികയിൽ പരാമർശിക്കുന്ന 14,41,000/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവൃത്തികൾ എല്ലാം നടത്തിയതായി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഈ ഖണ്ഡികയിൽ പരാമർശിക്കുന്ന പ്രവൃത്തികൾ നടത്തിയത് സംബന്ധിച്ച വിവരങ്ങൾ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ശേഖരിച്ച് ഓഡിറ്റിന് നൽകുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| | (13) | 2(47) – 1 പാലക്കാട് നഗരസഭ –പാടശേഖര സമിതിയിസ്റ്റ് ടാക്ടർ വിതരണം, പവർ സ്പ്രേയറുകളുടെ വിനിയോഗ വിവരം | ടി ഖണ്ഡികയിൽ പരാമർശിക്കുന്ന പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഫീൽഡ് ഓഫീസറിൽ നിന്നും വിശദീകരണം വാങ്ങിയിട്ടുണ്ട്. പവർ ടില്ലർ നൽകിയിട്ടുള്ള 5 പാടശേഖര സമിതികൾ ഒഴികെയുള്ള വെണ്ണക്കര പാടശേഖര സമിതി, തോട്ടിങ്കൽ പാടശേഖര സമിതി എന്നീ രണ്ട് പാടശേഖര സമിതികൾക്കാണ് ടാക്ടർ വാങ്ങി നൽകിയിട്ടുള്ളത്. ടാക്ടറിന്റെ രജിസ്ട്രേഷൻ പാടശേഖര സമിതി സെക്രട്ടറിമാരുടെ പേരിലാണ് ചെയ്തിട്ടുള്ളത്. ടാക്ടറുകൾ പൊതു ആവശ്യത്തിനായി ഉപയോഗിക്കാമെന്നും കാലാകാലങ്ങളിൽ വരുന്ന കേടുപാടുകൾ റിപ്പയർ ചെയ്ത് സംരക്ഷിച്ച് കൊള്ളാമെന്നും ഉള്ള ഉടമ്പടി വെയ്ക്കാതിരുന്നത് അറിവില്ലായ്മ കൊണ്ടാണെന്ന് കൃഷി ഫീൽഡ് ഓഫീസർ വിശദീകരണം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പാടശേഖരസമിതിയിലെ അംഗങ്ങൾ കൂടിയിട്ടുള്ള ജനറൽ ബോഡി യോഗത്തിൽ, ട്രാക്ടറിന് വാടക പുതുക്കി നിശ്ചയിച്ച് വാങ്ങിക്കൊണ്ടിരിക്കുന്നുവെന്ന് കൃഷി ഫീൽഡ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ മോണിറ്ററിംഗ് സമിതി ട്രാക്ടർ വാങ്ങുമ്പോഴും ഉപയോഗിക്കുമ്പോഴും മോണിറ്ററിംഗ് നടത്തിയിട്ടുള്ളതായും കൃഷി ഫീൽഡ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>പരിശീലനം കിട്ടിയിട്ടുള്ള കർഷകർ തന്നെയാണ് ട്രാക്ടർ പ്രവർത്തിപ്പിക്കുന്നതെന്ന് പാടശേഖരസമിതി സെക്രട്ടറിമാർ രേഖാമൂലം എഴുതി തന്നിട്ടുള്ളതായും കൃഷി ഫീൽഡ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്നത്തെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ മരണപ്പെട്ടു പോയതായും നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| | (13) | 2 (47)-2 പാലക്കാട് നഗരസഭ -പാടശേഖരസമിതിയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വിതരണം പ്രോജക്ട് നമ്പർ 8 പവർ സ്പ്രേയർ | 2002-03 വർഷത്തിൽ സ്പ്രേയർ ഒന്നിന് 4980/- രൂപ നിരക്കിൽ സർക്കാർ സ്ഥാപനമായ റെയ്ഡ്കോ, പാലക്കാടിൽ നിന്ന് 7 പവർ സ്പ്രേയർ വാങ്ങി പാടശേഖര സമിതി സെക്രട്ടറിമാർക്ക് കൃഷിഭവൻറെ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് വച്ച് വിതരണം നടത്തിയിട്ടുണ്ട്. ഉടമ്പടി വെച്ചിട്ടില്ല എന്നുള്ളത് അറിവില്ലായ്മ കൊണ്ട് സംഭവിച്ചതാണെന്ന് കൃഷി ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>പാടശേഖര സമിതികളിൽ ജനറൽ ബോഡി കൂടുകയും ആ യോഗത്തിൽ ഒരു നിശ്ചിത വാടകയുടെ കാര്യങ്ങൾ തീരുമാനിക്കുകയും തുക ഉപകരണങ്ങളുടെ റിപ്പയറിംഗിന് ഉപയോഗിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും പവർ സ്പ്രേയർ വാങ്ങുന്ന സമയത്തും വിതരണം ചെയ്യുന്ന സമയത്തും സമിതി മോണിറ്ററിംഗ് നടത്തിയിട്ടുണ്ടെന്നും കൃഷി ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രോജക്ട് നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥൻ മരണപ്പെട്ടതിനാൽ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് |

| | | | |
|---|---|---|---|
| | | | ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു. |
| | (14) | **2(49) പാലക്കാട് നഗരസഭ – ബിഗ് ബസാർ ഹൈസ്കൂൾ വിവിധ പ്രോജക്ടുകളുടെ വിനിയോഗ വിവരം** | ടി പദ്ധതിയുടെ നിർവ്വഹണ ചുമതല ജി.എച്ച്.എസ്.എസ്. ബിഗ് ബസാർ, ഹെഡ്മിസ്ട്രസ്സിനായിരുന്നു. ടിയാരിയിൽ നിന്നും ഓഡിറ്റ് അപാകതകൾ സംബന്ധിച്ച് വിശദീകരണം വാങ്ങിയിട്ടുള്ളതായും ചെലവുകൾക്കായി ഒരു സമാന്തര ക്യാഷ് ബുക്ക് ഒരു നോട്ടുപുസ്തകത്തിൽ എഴുതിയിരിക്കുന്നതും, ചെലവ് ചെയ്ത മാസം മാത്രമെ എഴുതിയിട്ടുള്ളതും ശരിയായ തീയതികൾ എഴുതിയിട്ടില്ലാത്തതും അജ്ഞതകൊണ്ടാണെന്ന് ഹെഡ്മിസ്ട്രസ് വിശദീകരണം നല്കിയിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br> സരസമ്മ.എസ് തൊഴിൽ പരിശീലനത്തിൽ ചുമതല വഹിച്ചിരുന്ന അദ്ധ്യാപികയാണ്. തൊഴിൽ പരിശീലനത്തിൽ ട്രെയിനിംഗ് ലഭിച്ച വ്യക്തി എന്നതിനാലാണ് സരസമ്മ.എസ് ചുമതല ഏൽപ്പിച്ചത്. തൊഴിൽ പരിശീലനം എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി ആകെ 10,000/- രൂപയാണ് ലഭിച്ചത്. ഇതിൽ പ്രോജക്ട് പ്രകാരം 5359/- രൂപ ചെലവാകുകയും 4641/- രൂപ ബാക്കി വരികയും ചെയ്തു. ബാക്കി വന്ന 4641/- രൂപ 2003-2004 ലെ വരവിൽ ചേർത്ത് ചെലവഴിച്ചിരുന്നു. 2003-2004 ൽ ആകെ ചെലവായ തുക 32292.90 രൂപയാണ്. പദ്ധതി നടത്തിപ്പിനായി കയ്യിലുണ്ടായിരുന്ന തുക 28,841/- രൂപയാണ്. അധികമായി വന്ന 3451.90 രൂപ സ്വന്തം കയ്യിൽ നിന്നും ചെലവഴിക്കുകയാണ് ചെയ്തതെന്നും ഹെഡ്മിസ്ട്രസ്സ് ബോധിപ്പിച്ചിട്ടുള്ളതായി നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു. |
| | (15) | **2(53) പാലക്കാട് നഗരസഭ - വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി പട്ടികജാതി ഓഫീസ്സർക്ക് നല്കിയ തുക** | ടി ഖണ്ഡികയിൽ പരാമർശിക്കുന്ന പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ പട്ടികജാതി വികസന ഓഫീസ്സറാണ്. ഓഡിറ്റ് കാലയളവിലെ ധനവിനിയോഗത്തിന് പട്ടികജാതി വികസന |

| | | | |
|---|---|---|---|
| | | | ഓഫീസറുടെ ഓഫീസിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല എന്നും 2000-2001,2001-2002 വർഷത്തിൽ വകയിരുത്തിയിട്ടുള്ള പ്രോജക്ടുകളോ ഗുണഭോക്തൃ അംഗീകൃത ലിസ്റ്റോ പട്ടികജാതി വികസന ഓഫീസറുടെ ഓഫീസിൽ ഇപ്പോൾ ലഭ്യമല്ല എന്നും പട്ടികജാതി വികസന ഓഫീസർ 15/10/2010 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2000-2001 വർഷത്തെ 24 ഭവന നിർമ്മാണം പൂർത്തിയാകാത്ത 24 ഗുണഭോക്താക്കളിൽ ക്രമ നമ്പർ 4, ക്രമ നമ്പർ 5,ക്രമ നമ്പർ 7, ക്രമ നമ്പർ8, ക്രമ നമ്പർ 13 , ക്രമ നമ്പർ 14, ക്രമ നമ്പർ 15, ക്രമ നമ്പർ 22, ക്രമ നമ്പർ 24, എന്നീ ഗുണഭോക്താക്കൾ വീട് പണി പൂർത്തിയാക്കി 4 ഗഡുക്കളും കൈപ്പറ്റിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് നൽകിയ പണം തിരിച്ചീടാക്കാതെ വീട്ടുപണി പൂർത്തിയാക്കാനുള്ള നടപടികൾ പട്ടികജാതി വികസന ഓഫീസർ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു. |
| | (16) | 2(62) പാലക്കാട് നഗരസഭ - ഓഡിറ്റ് വർഷത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | ഓഡിറ്റ് കാലയളവിലെ പരാമർശിത വൗച്ചറുകൾ നഗരസഭയിലെ അക്കൗണ്ടന്റായിരുന്ന ശ്രീ.ചന്ദ്രൻ എന്ന വ്യക്തി പിന്നീട് വന്ന അക്കൗണ്ടന്റിനെ ഏൽപ്പിക്കാതെ 27/3/2008 തിയതിയിൽ നഗരസഭയിൽ നിന്നും വിടുതൽ ചെയ്തു പോവുകയാണുണ്ടായത്. വൗച്ചറുകൾ ഹാജരാക്കാൻ പലവട്ടം നിർദ്ദേശം നൽകിയിട്ടും ശ്രീ.ചന്ദ്രൻ അവ ഹാജരാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ ടിയാനിൽ നിന്നും വിശദീകരണം തേടി അച്ചടക്ക നടപടി സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട് ഇക്കാര്യത്തിലുള്ള തുടർ നടപടികൾ സർക്കാർ കർശനമായി നിരീക്ഷിക്കുന്നതും സമയബന്ധിതമായ നടപടി സ്വീകരിച്ച് ബഹുമാനപ്പെട്ട സമിതി മുൻപാകെ മറുപടി സമർപ്പിക്കുന്നതുമാണ്. |
| | (17) | 2(63)പാലക്കാട് നഗരസഭ - ഓഡിറ്റ് വർഷത്തിൽ പദ്ധതി ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | ഓഡിറ്റ് കാലയളവിലെ പരാമർശിത വൗച്ചറുകൾ കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട് . പദ്ധതി ഫണ്ട് കൈകാര്യം ചെയ്യുന്ന മുൻ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം വാങ്ങി തുടർനടപടി റിപ്പോർട്ട് സർക്കാരിൽ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| 15 | 4.26.1 | **സ്വന്തമായി ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണം(എസ് സി പി) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി.** പ്രോജക്ട് നം. എസ്.157/04 പ്രകാരം കണ്ണൂർ നഗരസഭ സെക്രട്ടറി നിർവാഹണം നടത്തിയ സ്വന്തമായി ഭൂമിയുള്ള 20 പ.ജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം - 2003-04 സാമ്പത്തിക വർഷം 7 പേർക്ക് 3 ഗഡുക്കളായി 29,750/- രൂപ നല്കി. അതിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 2 ഗുണഭോക്താക്കൾക്ക് നല്കിയ 59,500/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി തിരിച്ചടയ്ക്കാവുന്നതാണ്. | **കണ്ണൂർ നഗരസഭ**<br>നഗരസഭ ആസൂത്രണം ചെയ്ത പദ്ധതി പ്രകാരം 20 ഗുണഭോക്താക്കൾക്ക് 35,000/- രൂപ വീതം 7 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. മുഴുവൻ രേഖകളും ഹാജരാക്കിയ 5 പേരെ യാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. എന്നാൽ അപേക്ഷകരായ ശ്രീമതി.രോഹിണി, ശ്രീ.രാജൻ എന്നിവർ പിന്നീട് രേഖകൾ പൂർണ്ണമായും ഹാജരാക്കിയ സാഹചര്യത്തിൽ ഫണ്ട് ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശവും പട്ടികജാതി ഓഫീസറുടെ ശുപാർശയും അടിസ്ഥാനമാക്കി കൗൺസിൽ അംഗീകാരത്തോടെ ശ്രീമതി.രോഹിണിയെയും ശ്രീ.രാജനെയും ലിസ്റ്റിൽ ഉൾപ്പെടുത്തുകയാണുണ്ടായത്.<br><br>നഗരസഭാ സെക്രട്ടറിയും പ്ലാനിംഗ് & റവന്യൂ വിഭാഗം ഉദ്യോഗസ്ഥരും നേരിൽ പരിശോധിച്ചത് പ്രകാരം ശ്രീമതി.രോഹിണിയും ശ്രീ.രാജനും ആനുകൂല്യം ലഭിച്ച വീട്ടിലാണ് ഇപ്പോൾ താമസിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മേൽ രണ്ട് പേരും പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണെന്ന് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽ രണ്ട് പേർക്കും ആനുകൂല്യം നൽകിയതിനെ സംബന്ധിച്ച് ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ടതോ അല്ലാത്തതോ ആയ ആരും നാളിതുവരെ ഒരു പരാതിയും ഉന്നയിച്ചിട്ടില്ല. ഫണ്ട് ലാപ്സാവുന്നത് തടയേണ്ടതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ഉണ്ടാവുന്ന കർശന നിർദ്ദേശങ്ങൾ പാലിക്കുക കൂടിയാണ് ഇക്കാര്യത്തിൽ ചെയ്തിട്ടുള്ളത്. പട്ടികജാതിക്കാരായ ശ്രീമതി.രോഹിണി, ശ്രീ.രാജൻ എന്നിവർ ആർക്കും പരാതിക്കിടമില്ലാത്ത വിധം നിയമപരമായാണ് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതും നിലവിൽ അവിടെ താമസിച്ച് വരുന്നതും ആയതിനാൽ ടി വിഷയത്തിലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കി മറ്റ് |

| | | | | |
|---|---|---|---|---|
| | | | നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ബഹുമാനപ്പെട്ട ബോധിപ്പിക്കുന്നു. | സമിതിയോട് |

| | | | |
|---|---|---|---|
| 18 | 4.27.1 | **മുൻകൂറുകൾ യഥാസമയം വസൂലാക്കാത്തത് ഗുരുതരമായ വീഴ്ച**<br>തലശ്ശേരി നഗരസഭയിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി വ്യക്തികളും ഏജൻസികളും കൈപ്പറ്റുന്ന മുൻകൂർ തുകകൾ യഥാസമയം വസൂലാക്കുന്ന പതിവില്ല. ഇതുമൂലം 31.03.2005 വരെ 25,15,062.15 രൂപ പിരിഞ്ഞു കിട്ടാനുണ്ട്. 1950-51 കാലം മുതലാണീ കുടിശ്ശിക. ഇതുമൂലം വികസനത്തിന് ഉപകരിക്കേണ്ടുന്ന 25 ലക്ഷത്തിൽ പരം രൂപ പാഴായിക്കിടക്കുന്നു. | **തലശ്ശേരി നഗരസഭ**<br>പഴയകാല മുൻകൂറുകൾ ക്രമീകരിച്ചത് രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെന്നും നിലവിൽ മുൻകൂർ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ച് വരികയും കൂടാതെ മുൻകൂർ അനുവദിക്കുമ്പോൾ സമയപരിധി കൂടി രേഖപ്പെടുത്തുകയും ചെയ്യുന്നതായി നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കി മറ്റ് നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ബഹുമാനപ്പെട്ട സമിതിയോട് ബോധിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| | 4.27.2 | **പി.ഡി അക്കൗണ്ടിലെ ബാക്കികൾ തിട്ടപ്പെടുത്താതെ മുഴുവൻ തുകയും മരവിപ്പിച്ചത്- കുറ്റകരമായ അനാസ്ഥ**<br>09-07-2003 ലെ സർക്കാർ ഉത്തരവ് (പി) നം.361/03/ഫിൻ അനുസരിച്ച് ജനറൽ പിഡി, പ്ലാൻ പിഡി അക്കൗണ്ടുകൾ മരവിപ്പിക്കുകയും ടി അക്കൗണ്ടുകളിലെ പദ്ധതി ഫണ്ട് ഒഴികെയുള്ള ബാക്കികളുടെ നിജസ്ഥിതി ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ സാക്ഷ്യപത്രത്തോടൊപ്പം സമർപ്പിക്കുന്ന പക്ഷം തനത് ഫണ്ടിലേയ്ക്ക് മാറ്റിക്കൊടുക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. സമകാലിക ഓഡിറ്റ് സംവിധാനം നിലവിലുണ്ടായിരുന്നിട്ടുപോലും അതുപയോഗപ്പെടുത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ സാധിച്ചില്ല എന്നത് കുറ്റകരമായ അനാസ്ഥയാണ്. ഭരണവകുപ്പിന്റെയും സർക്കാരിന്റെയും പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുകയും ചെയ്യുന്നു. | **ആലപ്പുഴ നഗരസഭ**<br>അക്കൗണ്ടിംഗ് സമ്പ്രദായം ബിൽ സമ്പ്രദായത്തിലേയ്ക്ക് പരിവർത്തനം ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പൂർണ്ണമായും ഉൾക്കൊള്ളാൻ സാധിക്കാത്തത് കൊണ്ടാണ് അപ്രകാരം സംഭവിച്ചിട്ടുള്ളതെന്നും തനത് ഫണ്ടിലേയ്ക്ക് മാറ്റേണ്ടതായ തുക ഉൾപ്പെടെ തിരിച്ചടച്ച് പോയിട്ടുണ്ടെന്നും നഗരകാര്യഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മേൽ തുക നഗരസഭയുടെ തനത് ഫണ്ട് ഉൾപ്പെട്ടതല്ല. മാത്രമല്ല സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ ഇനത്തിലുള്ള ബിഫണ്ട് തിരിച്ചടച്ച് പോയിട്ടുണ്ടെങ്കിലും പിന്നീട് മേൽ ഇനത്തിലുള്ള പെൻഷൻ തുടർന്ന് നല്കുന്നതിന് തടസ്സമൊന്നുമുണ്ടായിട്ടില്ലാത്തതും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഒന്നും ഇക്കാര്യത്തിൽ വന്നിട്ടില്ലാത്തതുമാണ് ടി വിഷയത്തിലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കി മറ്റ് നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ബന്ധപ്പെട്ട സമിതിയോട് ബോധിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| 18 | 4.27.3 | **കന്നുകുട്ടി പരിപാലന പദ്ധതി - ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി.**<br>ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 100 ക്ഷീരകർഷകർ ഗുണഭോക്താക്കളായിട്ടുള്ള ഈ പദ്ധതിക്ക് 25 % സംസ്ഥാനാവിഷ്കൃത വിഹിതവും 50% ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 1,300,000/- രൂപയാണ് അടങ്കൽ. എന്നാൽ ലിസ്റ്റിൽ ഉൾപ്പെടാത്ത 58 പേർക്ക കൂടി ഈ പദ്ധതിയനുസരിച്ച് 3250/- രൂപ നിരക്കിൽ 1,88,500/-രൂപ ധനസഹായം നല്കിയത് ക്രമവിരുദ്ധമാണ്. | <u>തലശ്ശേരി നഗരസഭ</u><br>ടി പ്രോജക്ടിൻെറ നിർവ്വഹണ ഉദ്യോഗസ്ഥൻ തലശ്ശേരി സീനിയർ വെറ്ററിനറി സർജനാണ്. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ടി ഉദ്യോഗസ്ഥനിൽ നിന്നും കിട്ടിയ വിശദീകരണ പ്രകാരം കന്നുക്കുട്ടി പരിപാലനത്തിന് ആനുകൂല്യം ലഭിച്ച 100 കർഷകരുടെ ലിസ്റ്റ് നഗരസഭ അംഗീകരിച്ചിട്ടുണ്ട്. 42 ഗുണഭോക്താക്കളെ കൂടാതെ 27/01/2005 ന് നഗരസഭാ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ള 65 ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നാണ് ബാക്കി 58 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.ടി വിഷയത്തിലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കി മറ്റ് നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ബഹുമാനപ്പെട്ട സമിതിയോട് ബോധിപ്പിക്കുന്നു. |
| 19 | 4.28.1 | **തളിപ്പറമ്പ് നഗരസഭ വളം നിർമ്മാണശാല ഉദ്ദേശ ലക്ഷ്യം പൂർത്തിയാക്കിയിട്ടില്ല**<br>തളിപറമ്പ് നഗരസഭയുടെ 1998-99 വർഷത്തെ പദ്ധതിയായ ഡമ്പിംഗ് ഗ്രൗണ്ടിൽ വളം നിർമ്മാണശാലയ്ക്ക് കെട്ടിടം നിർമ്മിക്കുക എന്ന പ്രവർത്തിയ്ക്ക് 3169890/- രൂപയ്ക്ക് സാങ്കേതിക അനുമതി നല്കി - 391167/- രൂപ ചെലവഴിച്ചു. പദ്ധതി ലക്ഷ്യം നേടിയിട്ടില്ല. 391167/- രൂപ തടസ്സപ്പെട്ടുത്തി. | <u>തളിപ്പറമ്പ് നഗരസഭ</u><br>നഗരസഭ ഡമ്പിംഗ് ഗ്രൗണ്ടിൽ വളം നിർമ്മാണത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ നിലവിൽ വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയിൽ വളം നിർമ്മിച്ച് വരുന്നുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളെ ഉപയോഗിച്ച് ജൈവ മാലിന്യം ശേഖരിച്ച് ഇവിടെ എത്തിക്കുകയും വളം നിർമ്മാണം നടത്തുകയും ചെയ്യുവരുന്നു. നിർമ്മൽ ഭാരത് ട്രസ്റ്റ് എന്ന ഹരിത സഹായ സ്ഥാപനത്തിൻെറ സഹായത്തോടെയാണ് വളം നിർമ്മാണം നടത്തുന്നത് ഉൽപ്പാദിപ്പിക്കുന്ന വളം സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തുവരുന്നുണ്ട്.<br>വളം നിർമ്മാണത്തിനായി നിർമ്മിച്ച കെട്ടിടം അതിൻെറ ലക്ഷ്യം കൈവരിച്ചിട്ടുള്ളതും വളം നിർമ്മാണം തുടർന്നുവരുന്നതുമാണ്. മേൽ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശപ്രകാരമുള്ള നഷ്ടം ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലായെന്ന് കാണുന്നു എന്നിരുന്നാലും നിലവിൽ ഈ പദ്ധതി നടപ്പിലായിരിക്കുന്നതിനാലും ടി വിഷയത്തിലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കി മറ്റ് നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ബഹുമാനപ്പെട്ട |

| | | | |
|---|---|---|---|
| (1) | | | സമിതിയോട് ബോധിപ്പിക്കുന്നു. |
| 20 | 6.2.1 | **തൃശ്ശൂർ നഗരവികസന അതോറിറ്റി**<br>**കോവിലകത്ത് പാടം പുനരുദ്ധാരണ പദ്ധതി പ്രകാരം ലഭിച്ച ഭൂമി ജില്ലാ സഹകരണ ബാങ്കിന് വിലകുറച്ച് വിൽപ്പന നടത്തി.**<br>തൃശ്ശൂർ നഗരവികസന അതോറിറ്റിയ്ക്ക് കോവിലകത്ത് പാടം പുനരുദ്ധാരണ പദ്ധതി പ്രകാരം ലഭിച്ച ഭൂമിയിൽ 85 സെന്റ് സ്ഥലം 2004-05 വർഷത്തിൽ ജില്ലാ സഹകരണ ബാങ്കിന് സെന്റ് 1ന് 2 ലക്ഷം രൂപ പ്രകാരം വില്പന നടത്തി. ടെണ്ടർവ്യവസ്ഥകൾ പാലിക്കാതെ നടത്തിയ ഭൂമിയിടപാടിൽ നഗരസഭാ വികസന അതോറിറ്റിയുടെ സാമ്പത്തിക താല്പര്യം സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. | **തൃശ്ശൂർ കോർപ്പറേഷൻ**<br>തൃശ്ശൂർ വികസന അതോറിറ്റി തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ ഉൾപ്പെടുത്തുന്നതിന് മുമ്പ് വികസന അതോറിറ്റി 'കോവിലകത്ത്' പാടം പുനരുദ്ധാരണ പദ്ധതി പ്രകാരം ലഭിച്ച ഭൂമി തൃശ്ശൂർ ജില്ല സഹകരണ ബാങ്കിന് വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട് വികസന അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയ A6/992/03/TUDA ഫയൽ പരിശോധിച്ചതിൽ സർക്കാരിന്റെ 08.12.03 ലെ 57465/ജി3/03/എൽഎസ്ജിഡി നമ്പർ അനുമതി പ്രകാരം ജില്ല കളക്ടറുടെ 31.03.04 ലെ ഇ1-48500/2003/കെ.ഡിസ് മാർക്കറ്റ് വാല്യൂ സർട്ടിഫിക്കറ്റ് പ്രകാരമാണ് ഭൂമി വിൽപ്പന നടത്തിയിട്ടുള്ളതെന്ന് നഗരകാര്യ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ വിശദമായി പരിശോധിച്ച് ന്യൂനതകളുണ്ടെങ്കിൽ തിരുത്തൽ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ ബോധിപ്പിച്ചുകൊള്ളുന്നു. |

**M.S. BIJUKUTTAN**
**Additional Secretary to Govt.**
**Local Self Government Dept.**
**Govt. Secretariat, Tvpm.**
**PEN. 101250**